Reg. No. C. 101, M. 2293.

സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 24 | 1126 തുലാം 22—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1950 നവംബർ 8 | ലക്കം 12

# കേരളത്തിലെ നവീകരണ (മാർത്തോമ്മാ) സഭ

(ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി)



തിരുവല്ലാമെത്രാൻ മാർ സെവേരിയോസു തിരുമേനി കൂട്ടിക്കൽ പള്ളിയുടെ ആനവാതിൽക്കൽ വന്നിറങ്ങിയപ്പോൾ പ്രസ്തുത പള്ളിവികാരി റവ. ഫാ. സെബാസ്റ്റ്യൻ മുസ്സാരിയേട്ടു് അവർകൾ തിരുമേനിക്കു തിരി സമർപ്പിച്ചു സ്വീകരിച്ചതിൻെറ ചിത്രം. ശ്രീ കെ. വി. കുഴ്യൻ പൊട്ടംകുളം പ്രസിദേന്തിയായി കൂട്ടിക്കൽ പള്ളിയിൽ ആഘോഷിച്ച തിരുനാളിനോടനുബന്ധമായി നടത്തപ്പെട്ട പ്രസംഗമഹായോഗത്തിൽ തിരുമേനി അദ്ധ്യക്ഷത വഹിക്കുകയും കൂട്ടിക്കൽമാർക്കററിലെ വി. ചെറുപുഷ്പകപ്പേളയിലേക്കു് ഇദംപ്രഥമമായി നടത്തപ്പെട്ട ദിവ്യകാരുണ്യപ്രദക്ഷിണത്തെ നയിക്കുകയും ചെയ്തു.

കേരളക്കരയിൽ ഇപ്പോഴുള്ള പത്തുലക്ഷത്തിൽപ്പരം അകത്തോലിക്കർ ഏതാണ്ടു് പതിനഞ്ചോളം സഭാവിഭാഗങ്ങളിലായിട്ടാണു് ഉൾപ്പെട്ടുനില്ക്കുന്നതു്. ഈ സഭകളിൽ അംഗങ്ങളുടെയും സ്ഥാപനങ്ങളുടേയും സംഖ്യയിൽ പ്രധാനസ്ഥാനം അർഹിക്കുന്നവ യാക്കോബായസഭ (പാത്രിയർക്കീസുകക്ഷി), ഓർത്തഡോക്സുസഭ (മെത്രാൻകക്ഷി), നവീകരണസഭ (മാർത്തോമ്മാസഭ), തെന്നിൻഡ്യൻ ഐക്യസഭ, പെന്തിക്കോസ്തു്, ബോപ്ററിസ്റ്റു്, രക്ഷാസൈന്യം എന്നീ സഭകളത്രേ. ഇവയ്ക്കുപുറമെ നെസ്തോറിയൻ, അഞ്ചൂർ, പ്രത്യക്ഷരക്ഷാദൈവസഭ, യൂയോമയം, ദൈവസഭ, റസ്സൽ, ശാബ്ബത്തു് എന്നീ സഭാവിഭാഗങ്ങളും ഈ കേരളത്തിൽ ചില സ്ഥലങ്ങളിൽ പ്രചരിച്ചിട്ടുണ്ടെങ്കിലും കാര്യമായ യാതൊരു നിലയും അവയ്ക്കുണ്ടെന്നു് പറയുന്നതിനു നിവൃത്തിയില്ല. ഈ സഭകളിൽ, അംഗങ്ങളുടെ സംഖ്യയിലല്ലെങ്കിലും വിദ്യാഭ്യാസത്തിലും, സംസ്കാരത്തിലും, സമുദായബോധത്തിലും, മിഷൻവേലകളിലും പ്രഥമസ്ഥാനം അർഹിക്കുന്ന അംഗങ്ങളോടുകൂടിയതു് നവീകരണ(മാർത്തോമ്മാ) സഭയാണെന്നു് സംശയലേശമെന്യേ പ്രസ്താവിക്കുന്നതിനു സാധിക്കും.

### ഉത്ഭവവും പ്രചരണവും

ക്രിസ്ത്വബ്ദം 1653-ൽ മട്ടാഞ്ചേരിയിൽവെച്ചു നടന്ന "കൂനൻകുരിശുസത്യ"ത്തിനുശേഷം അന്ത്യോഖ്യായാക്കോബായ പാത്രിയർക്കീസന്മാരുടെ ഭരണനുകത്തിൻകീഴിൽ അകപ്പെടുന്നതിനുള്ള നിർഭാഗ്യം സിദ്ധിച്ച ഇവിടത്തെ പുത്തൻകൂർ സഹോദരങ്ങൾ ഉദ്ദേശം ഇരുന്നൂറുവർഷക്കാലത്തോളം ആ ഭരണഭാരം നിമിത്തമുണ്ടായ നിരവധി വൈഷമ്യങ്ങൾ അനുഭവിച്ചു് വിഷമിച്ചിരുന്ന സന്ദർഭത്തിലായിരുന്നു പ്രോട്ടസ്റ്റൻറു സഭാംഗങ്ങളായ ആംഗ്ലിക്കൻ മിഷനറിമാർ സ്വമതപ്രചരണത്തിനുവേണ്ടി ഇവിടെ ആഗതരായതു്. യാക്കോബായസഭയിലെ കുഴപ്പങ്ങളും, ബ്രിട്ടീഷു് ഗവമ്മെൻറിൻെറ സ്വാധീനശക്തിയും, ആംഗ്ലിക്കൻമിഷനറിമാരുടെ സാമ്പത്തികസഹായങ്ങളും ഇവിടത്തെ യാക്കോബായസഭാംഗങ്ങളെ പ്രസ്തുത മിഷനറിമാരുമായി ബാന്ധവത്തിൽ ഏർപ്പെടുന്നതിനു പ്രധാനമായി പ്രേരിപ്പിച്ചു. തൽഫലമായി പ്രോട്ടസ്റ്റൻറു പ്രസിദ്ധീകരണങ്ങൾ യാക്കോബായ സഭാംഗങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും, യാക്കോബായ ദൈവാലയങ്ങളിലും പൊതുയോഗങ്ങളിലും പ്രസംഗിക്കുന്നതിനും, വൈദികവിദ്യാർത്ഥികളെയും വൈദികന്മാരെയും തങ്ങളുടെ വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിനുമുള്ള സൗകര്യങ്ങൾ മിഷനറിമാർക്കും ലഭിച്ചു. ഇപ്രകാരമുണ്ടായ സ്വൈരവിഹാരംമൂലം പ്രോട്ടസ്റ്റൻറു വിശ്വാസവിഷബീജങ്ങൾ യാക്കോബ്യരുടെ ഇടയിൽ സർവ്വത്ര വ്യാപിക്കുന്നതിനു് ഇടയായിത്തീർന്നു.

ഈ സന്ദർഭത്തിലായിരുന്നു തിരുവല്ലാതാലൂക്കിൽ മാരാമണ്ണു പാലക്കുന്നത്തു മാത്യൂസ് അത്താനാസ്യോസ് എന്ന പേരോടുകൂടിയ സമർത്ഥനായ ഒരു യാക്കോബായവൈദികൻ അന്ത്യോഖ്യയിൽ ചെന്നു് യാക്കോബായപാത്രിയർക്കീസിൽനിന്നും മെത്രാൻ സ്ഥാനാഭിഷേകവും പ്രാപിച്ചു് ഇവിടെ മടങ്ങിയെത്തിയതു്. പാത്രിയർക്കീസിനെ തെററിദ്ധരിപ്പിച്ചതിൻെറ ഫലമായിട്ടോ എന്തോ, ഇവിടത്തെ യാക്കോബായ മെത്രാപ്പോലീത്തായായിത്തീരുന്നതിനുള്ള കല്പനയും വാങ്ങി മടങ്ങിയെത്തിയ അദ്ദേഹം ഗവമ്മെൻറു വിളംബരത്തോടുകൂടെ മെത്രാപ്പോലീത്താഭരണവും ആരംഭിച്ചു. ഇതിൽ ക്രുദ്ധരായിത്തീർന്ന ഇവിടത്തെ യാക്കോബായ മേലദ്ധ്യക്ഷന്മാർ മാത്യൂസു മാർ അത്താനാസ്യോസിനെതിരായി അന്ത്യോഖ്യയിലേക്കു് എഴുത്തുകുത്തുകൾ നടത്തുകയും, തൽഫലമായി പത്രോസുപാത്രിയർക്കീസു് ഇവിടെ ആഗതനാകുകയും, യഥാർത്ഥവിവരങ്ങൾ ഗ്രഹിച്ചപ്പോൾ മാത്യൂസു മാർ അത്താനാസ്യോസിനെ മുടക്കുകയും, തിരുവെഴുത്തുവിളംബരം അസ്ഥിരപ്പെടുത്തുകയും ചെയ്തു. തന്നിമിത്തം ഒരിടത്തും യാതൊരുനിലയുമില്ലാതെ വിഷമിച്ചവശായ മാത്യൂസു മാർ അത്താനാസ്യോസിനെ അദ്ദേഹത്തിൻെറ പിതൃവ്യൻ പാലക്കുന്നത്തു അബ്രഹാം മല്പാനച്ചനും അനുഗാമികളായ ഏതാനും വൈദികന്മാരുംകൂടെ സമാശ്വസിപ്പിക്കുകയും, ആംഗ്ലിക്കൻമിഷനറിമാരുടെ ആലോചനയോടും സഹായത്തോടുംകൂടെ ഒരു പുതിയ സഭയെ സ്ഥാപിക്കുന്നതിനുതന്നെ നിശ്ചയിക്കുകയും ചെയ്തു. ഏവംവിധം രൂപവൽകരിക്കപ്പെട്ട "നവീകരണകക്ഷി"യുടെ പ്രഥമ മെത്രാപ്പോലീത്തായായി മാത്യൂസു മാർ അത്തനാസ്യോസു് ആരോഹണവുംചെയ്തു. അദ്ദേഹത്തിൻെറ അനിതരസാധാരണമായ സാമർത്ഥ്യവും, അബ്രഹാം മല്പാൻെറയും അനുയായികളായ ഏതാനും വൈദികന്മാരുടെയും നിരന്തരപരിശ്രമവും, സി. എം. എസ്സ്. മിഷനറിമാരുടെ അമിതമായ ധനസഹായവുംമൂലം നവീകരണകക്ഷിക്കു് മദ്ധ്യതിരുവിതാംകൂറിൽ അക്കാലത്തു പ്രചുരപ്രചാരം ലഭിക്കുകയും, യാക്കോബായസഭാംഗങ്ങളെങ്കിലും പ്രോട്ടസ്റ്റൻറു വിശ്വാസികളായിരുന്ന അനേകായിരങ്ങൾ പ്രസ്തുതകക്ഷിയിൽ ചേരുകയുംചെയ്തു. തുടന്നു യാക്കോബ്യരുമായുണ്ടായ വ്യവഹാരങ്ങൾമൂലം നവീകരണകക്ഷിക്കു മിക്കവാറും എല്ലാ പള്ളികളും സ്ഥാപനങ്ങളും നഷ്ടപ്പെട്ടെങ്കിലും അതിലെ അംഗങ്ങളുടെ സമുദായതീക്ഷ്ണതയും മിഷനറിമാരുടെ സഹായവുംമൂലം അനേകം പള്ളികളും സ്ഥാപനങ്ങളും കാലതാമസമെന്യേ നിർമ്മിക്കുന്നതിനു് സാധിച്ചു. ഇപ്രകാരം മദ്ധ്യതിരുവിതാംകൂറിൽ എഴുപതുവർഷങ്ങൾക്കു് മുമ്പു സ്ഥാപിതമായതും "നവീകരണകക്ഷി" എന്ന പേരിൽമാത്രം ഇതേവരെ അറിയപ്പെട്ടിരുന്നതുമായ പ്രസ്തുത സഭയിലെ അംഗങ്ങൾ തങ്ങളുടെ സഭയ്ക്കു് ഈ നാമം ആക്ഷേപകരമാണെന്നു ബോദ്ധ്യപ്പെട്ടതു നിമിത്തമോ, മാർത്തോമ്മാശ്ലീഹായുടെ കാലംമുതൽ തങ്ങളുടെ സഭയുണ്ടായിരുന്നുവെന്നു് ഇതെപ്പററിയുള്ള ചരിത്രജ്ഞാനം ഇല്ലാത്തവരെ തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടിയോ എന്തോ, ഈ അടുത്ത കാലത്തു "മാർത്തോമ്മാസഭ" എന്ന നാമം സ്വയം സ്വീകരിക്കയാണു ചെയ്തിരിക്കുന്നതു്.

### ആകൃതിയും പ്രകൃതിയും

കൂദാശക്രമങ്ങളും, വേഷവിധാനങ്ങളും, പ്രാർത്ഥനാരീതികളും, കർമ്മഭാഷയും യാക്കോബായസഭയിലേതുതന്നെയാണു് നവീകരണസഭക്കാർ സ്വീകരിച്ചിരിക്കുന്നതെങ്കിലും ആംഗ്ലിക്കൻ സഭയിലെ ലോചർച്ചു മിഷനറിമാരുമായുള്ള സമ്പർക്കംനിമിത്തം വിശ്വാസവിഷയങ്ങളിൽ ഈ സഭ പ്രോട്ടസ്റ്റൻറുമയമായിട്ടാണു് തീർന്നിരിക്കുന്നതു്. കൂദാശകൾ ബാഹ്യമായി ഏഴും അനുഷ്ഠിക്കുന്നുണ്ടെങ്കിലും കൂദാശകളിൽ ഒന്നിലും യാതൊരു വിശ്വാസവും ഇവർക്കുണ്ടെന്നു പറയുന്നതിനു നിവൃത്തിയില്ല. വി. കുർബാന ബലിയാണെന്നും, വി. കുർബാനയിൽ ക്രിസ്തുസാന്നിദ്ധ്യമുണ്ടെന്നുമുള്ള വിശ്വാസത്തെ ഇവർ പാടേ നിഷേധിക്കുന്നു. പാപമോചനാധികാരമെന്നല്ല, അത്മേനികളെക്കാൾ വിശേഷവിധിയായ യാതൊരു അധികാരവും വൈദികർക്കുണ്ടെന്നു് ഇവർ സമ്മതിക്കുന്നില്ല. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും പരിശുദ്ധന്മാരോടുള്ള അപേക്ഷയും വേദവിപരീതവും നിഷ്ഫലവുമാണെന്നത്രേ ഇവർ പഠിപ്പിക്കുന്നതു്. ഏവംവിധം ആകൃതിയിൽ യാക്കോബ്യമെങ്കിലും പ്രകൃതിയിൽ തനി പ്രോട്ടസ്റ്റൻറു് ആയിത്തീർന്നിരിക്കുന്ന ഈ നവീകരണസഭ പൂർവ്വികവിശ്വാസങ്ങളിൽ നിന്നെല്ലാം വ്യതിചലി

ച്ചിരിക്കുന്നു എന്നു വേണം പറയുവാൻ. പ്രസ്തുതസഭയിലെ ജ്ഞാനസ്നാനം, മൂറോനഭിഷേകം (മുമ്പിലത്തെ ഒപ്പുശ്മാ), പട്ടത്വം എന്നീ കൂദാശകളുടെ സാധുതത്വത്തെപ്പററി നിശ്ചിതമായി യാതൊന്നുംതന്നെ ഇതുവരെ കത്തോലിക്കാസഭയ്ക്കു പ്രഖ്യാപിക്കുവാൻ സാധിച്ചിട്ടില്ല. കാരണം, യാക്കോബായ സഭയിലെപ്പോലെതന്നെ പ്രസ്തുതകൂദാശകളിൽ കർമ്മസാധനവും കർമ്മവചനവും നവീകരണസഭ ഉപയോഗിക്കുന്നുണ്ടെങ്കിലും വിശ്വാസവിഷയങ്ങളിലുള്ള വ്യതിയാനം നിമിത്തം കൂദാശകൾ അനുഷ്ഠിക്കുന്ന കാർമ്മികന്റെ ഉദ്ദേശത്തെപ്പററി സംശയിക്കേണ്ടതായിട്ടാണിരിക്കുന്നതു്. തന്നിമിത്തം മാർത്തോമ്മാസഭയിലെ പ്രസ്തുത കൂദാശകൾ സാധുവോ അസാധുവോ എന്നു ഇതുവരെ നിർണ്ണയിക്കപ്പെട്ടിട്ടില്ല. മിക്കവാറും അസാധുവായിരിക്കാനാണു് ഇടയുള്ളതു് എന്നാണു് ഈ ലേഖകന്റെ വ്യക്തിപരമായ അഭിപ്രായം. ഏതായാലും മാർത്തോമ്മാസഭയിൽനിന്നും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്ന അത്മേനികൾക്കു് സംശയത്തിൻകീഴുള്ള ജ്ഞാനസ്നാനവും മൂറോനഭിഷേകവും വൈദികന്മാർക്കു പട്ടവും നല്കിയാണു് സഭയിലേക്കു് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതു്.

### ആധുനികസ്ഥിതിയും കത്തോലിക്കാ പുനരൈക്യവും

മദ്ധ്യതിരുവിതാംകൂറിൽ കോട്ടയം, തിരുവല്ലാ, പത്തനംതിട്ട, മാവേലിക്കര, കൊട്ടാരക്കര എന്നീ നാലോ അഞ്ചോ താലൂക്കുകളിൽമാത്രമേ മാർത്തോമ്മാസഭ കാര്യമായി പ്രചരിച്ചിട്ടുള്ളു. ഏതാനും വർഷങ്ങൾക്കുമുമ്പു് രണ്ടു ലക്ഷം ജനങ്ങളോളം ഈ സഭയിൽ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ ഒന്നരലക്ഷത്തിൽ കൂടുതൽ കാണുമെന്നു തോന്നുന്നില്ല. കാരണം, ഈയിടെയായി പെന്തിക്കോസ്തു്, ബ്രദർ ആദിയായ സഭകളിലേക്കു് "ദൈവപുസ്തകത്തിന്റെ സ്വകീയ വ്യാഖ്യാനം" പൂർണ്ണമായി പ്രയോഗത്തിൽ വരുത്തിക്കൊണ്ടു് ഒട്ടേറെ മാർത്തോമ്മാക്കാർ പരിവർത്തനം ചെയ്യുന്നുണ്ടെന്നുള്ളതുതന്നെ. ഈ സഭയിലുള്ള 120-ഓളം വൈദികന്മാരിൽ ഭൂരിപക്ഷവും വിദ്യാഭ്യാസത്തിലും, സംസ്കാരത്തിലും ഇതര അകത്തോലിക്കാസഭാവൈദികന്മാരെ അതിശയിക്കുന്നുണ്ടെന്നു പ്രസ്താവിക്കുന്നതിനു സാധിക്കും. പ്രസ്തുതസഭയുടെ പ്രഥമമെത്രാപ്പോലീത്തായായിരുന്ന മാത്യൂസ് മാർ അത്താനാസ്യോസിനെ തുടർന്നു പാലക്കുന്നത്തു കുടുംബത്തിൽനിന്നുതന്നെ തോമസ് മാർ അത്താനാസ്യോസ്, തീത്തൂസ് പ്രഥമൻ, തീത്തൂസ് ദ്വിതീയൻ എന്നീ മൂന്നു മെത്രാപ്പോലീത്താമാർ ഭരിച്ചുകഴിഞ്ഞു. ഈ അടുത്ത കാലത്തു നിര്യാതനായ ഏബ്രഹാം മെത്രാപ്പോലീത്താ മാർത്തോമ്മാസഭയുടെ അഞ്ചാമത്തെ മെത്രാപ്പോലീത്തായായിരുന്നു. ഇപ്പോൾ മാത്യൂസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ തിമോഥെയോസ് എന്നീ രണ്ടു മെത്രാന്മാർ പ്രസ്തുതസഭയ്ക്കു് ഉള്ളതിൽ തലവൻ യൂഹാനോൻ മാർ തിമോഥെയോസ് മെത്രാപ്പോലീത്തായാണു്. ഭരണഘടനയിലും, സംഘടനാപ്രവർത്തനത്തിലും, മിഷൻവേലകളിലും, പരോപകാരപ്രവർത്തനങ്ങളിലും ഇവിടത്തെ ഇതര അകത്തോലിക്കാസഭകളെ മാർത്തോമ്മാസഭ പിന്നിലാക്കിക്കഴിഞ്ഞിരിക്കുന്നുവെന്നുതന്നെ പറയാം. യുവജനസംഘം, സൺഡേസ്കൂൾ, സുവിശേഷസംഘം, സ്ത്രീജനസഖ്യം എന്നീ സംഘടനകൾ മുഖേന കഴിവിലപ്പുറമുള്ള പ്രവർത്തനങ്ങളാണു് സഭയ്ക്കു് ഉള്ളിലും പുറത്തുമായി ഈ സഭ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്.

കേരളത്തിനു പുറത്തും അക്രൈസ്തവരുടെ ഇടയിൽ ചില സ്ഥലങ്ങളിൽ ഈ സഭ മിഷൻവേല നടത്തുന്നുണ്ടെന്നു പറയപ്പെടുന്നുണ്ടെങ്കിലും, അവയെല്ലാം കേവലം കടലാസിലും പ്രസംഗങ്ങളിലുമെന്നല്ലാതെ, കാര്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നോ, ഫലം പുറപ്പെടുവിക്കുന്നുണ്ടെന്നോ പറയുവാൻ നിവൃത്തിയില്ല. കത്തോലിക്കാസഭയിലേക്കും പ്രോട്ടസ്റ്റന്റു സഭകളിലേക്കുമുള്ള മാർത്തോമ്മാക്കാരുടെ പ്രവാഹംനിമിത്തവും, പ്രസ്തുതസഭയിൽ ജനകീയഭരണം നഗ്നമായ വിധം നടനംചെയ്യുവാൻ തുടങ്ങിയിരിക്കുന്നതുമൂലവും മാർത്തോമ്മാസഭ ഈ പ്രവ

ത്തിൽ ഇനിയും അധികനാൾ മുമ്പോട്ടു പോകുമെന്നു ആശിക്കുന്നതിനും നിവൃത്തിയില്ല.

യാക്കോബായ സഭയിൽനിന്നും ഇതിനകം കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുള്ളവരുടെ സംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ മാർത്തോമ്മാസഭയിൽനിന്നും പുനരൈക്യപ്പെട്ടിട്ടുള്ളവരുടെ സംഖ്യ കേവലം നിസ്സാരമാണെന്നു പറയേണ്ടിയിരിക്കുന്നു. മാർത്തോമ്മ്യരിലുള്ള അമിതമായ സമുദായബോധവും, പ്രോട്ടസ്റ്റന്റുവിശ്വാസങ്ങളിലുള്ള ഉറച്ചനിലയും, മാർത്തോമ്മാവൈദികാധികാരികളുടെ നയതന്ത്രജ്ഞതയുമത്രേ ഇതിനുള്ള ത്രിവിധകാരണങ്ങൾ. ഏതായാലും ഇതിനകം മാർത്തോമ്മാക്കാരുടെ കേന്ദ്രസ്ഥലങ്ങളായ മാരാമൺ, കുറിയന്നൂർ, അയിരൂർ കീക്കൊഴൂർ, ഇലന്തൂർ, തുമ്പമൺ, ചെങ്ങന്നൂർ, പുന്തല, കൊട്ടാരക്കര ആദിയായ ഒട്ടേറെ സ്ഥലങ്ങളിൽനിന്നും അയ്യായിരത്തിൽ കുറയാതെ മാർത്തോമ്മാക്കാർ കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകഴിഞ്ഞിട്ടുണ്ടു്. മതസംബന്ധമായ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനും പ്രസംഗങ്ങൾ കേൾക്കുന്നതിനും യാക്കോബ്യരെക്കാൾ കൂടുതൽ താല്പര്യം പ്രകാശിപ്പിക്കുന്നതു മാർത്തോമ്മാക്കാരാകയാൽ ഈ രണ്ടു മാർഗ്ഗങ്ങളുമായിരിക്കും മാർത്തോമ്മാക്കാരുടെ പുനരൈക്യത്തിനു കൂടുതൽ പ്രയോജനപ്രദമായിഭവിക്കുന്നതു. സാമൂഹ്യമായി മാർത്തോമ്മാ ഭാഗങ്ങൾ യാക്കോബ്യരെ പരിപൂർണ്ണമായി ആശ്രയിച്ചിരിക്കുന്നതിനാൽ ഓരോ സ്ഥലത്തുമുള്ള യാക്കോബ്യരുടെ പുനരൈക്യം മാർത്തോമ്മ്യരുടെ പുനരൈക്യത്തിനും പ്രേരണനൽകുന്നതാണു്. ആകയാൽ യാക്കോബായസഭാംഗങ്ങളെ അനുഗമിച്ചു ആസന്നഭാവിയിൽ ഇവിടത്തെ ഒന്നരലക്ഷം മാർത്തോമ്മാക്കാരും കത്തോലിക്കാസഭയെ ആശ്ലേഷിക്കുമെന്നു നമുക്കു പ്രതീക്ഷിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

# സർവ്വാധിപത്യരാഷ്ട്രം

(പ്രഫസർ ജോസഫ് പെട്ട എം. എ.)

### സാമുദായികോദ്യമങ്ങളുടെ ഗതി

സാമ്പത്തികതുറകളിലും ഗവമ്മെന്റിന്റെ നേരിട്ടുള്ള പ്രവത്തനം മിക്കവയും പരാജയമടയുന്നു; മാത്രമല്ല പലപ്പോഴും ദുഷ്ടഫലപ്രദമായും പരിണമിക്കുന്നു. ഉദാഹരണങ്ങൾ നിരവധിയാണു്. തൽക്കാലം അഗതിസംരക്ഷണ പ്രസ്ഥാനം മാത്രം ഒന്നു പരിശോധിക്കാം. യാചകസംരക്ഷണം ഇപ്പോൾ പ്രഥമതഃ രാഷ്ട്രത്തിന്റെ ചുമതലയായിട്ടാണല്ലോ പരിഗണിക്കപ്പെടുന്നതു്. അതിൽ തെററില്ല. പക്ഷെ ആ ജോലി, സഹായധനം നൽകിയും ആവശ്യാനുസരണം നിയന്ത്രിച്ചും, അതിനു പററിയ പ്രവത്തകന്മാരെക്കൊണ്ടു ചെയ്യിക്കുന്നതിനുപകരം, ഗവമെന്റു് നേരിട്ടു നടത്തുമ്പോഴാണു് അപജയത്തിലും അനാശാസ്യഫലത്തിലും കലാശിക്കുന്നതു്. ഗവമ്മെൻറുവക അഗതിമന്ദിരങ്ങളിൽ നടക്കുന്ന അഴിമതികളെപ്പററി അല്പമെങ്കിലും മനസ്സിലാക്കിയിട്ടുള്ളവക്കു ഈ വിഷയത്തിൽ വിശദീകരണം ആവശ്യമില്ല. ഈ സ്ഥാപനങ്ങൾക്കുവേണ്ടി പൊതുഭണ്ഡാരത്തിൽനിന്നു ചെലവാക്കുന്ന സംഖ്യയുടെ എത്രയോ തുച്ഛമായ ഒരു വീതം മാത്രമാണു യഥാത്ഥത്തിൽ അവയിലെ അന്തേവാസികളായ അഗതികളുടെ അനുഭവത്തിനു എത്തുപെടുന്നതു്. എത്ര ഇടത്തട്ടുകാരുടെ വീതം കഴിച്ചിട്ടുവേണം അവക്കു വല്ലതും ലഭിക്കുവാൻ. അതും, ആത്മാഭിമാനം ഉപേക്ഷിച്ചു് ഉദ്യോഗസ്ഥ[illegible]കളുടെ അടിമകളായി വത്തിച്ചെങ്കിലേ ലഭിക്കയുള്ളു. പോരെങ്കിൽ പലപ്പോഴും ഈ മന്ദിരങ്ങൾ തഴമ്പിച്ച അസാന്മാർഗ്ഗികതയുടെ കേളീരംഗങ്ങളായും അധഃപതിച്ചു പോകുന്നു. എന്നാൽ അതേസമയം തന്നെ, കപ്പൂച്ചിൻസഭക്കാർ, കരുണയുടെ സഹോദരികൾ ആദിയായ നിരവധി മതാത്മകസമിതികൾ നടത്തുന്ന അഗതിമന്ദിരങ്ങൾ സജീവമായ സഹോദരസ്നേഹത്തിന്റെയും അഗാധമായ അനുകമ്പയുടെയും ധീരോദാത്തമായ ധമ്മബോധത്തിന്റെയും ത്യാഗസമ്പൂണ്ണതയുടെയും മകുടോദാഹരണങ്ങളായി പരിലസിക്കുന്നു. കുറഞ്ഞ ചെലവുകൊണ്ടു കൂടുതൽ സംതൃപ്തി ഉളവാക്കുന്നു; അഗതികളുടെ ആത്മാഭിമാനത്തിനു കോട്ടംതട്ടിക്കാതെ ശാരീരികാവശ്യങ്ങൾ നിവ്വഹിച്ചുകൊടുക്കുന്നു. സ്നേഹം, പ്രതിസ്നേഹമുളവാക്കുന്നു; കൃതജ്ഞതാനിർഭരമായ ഒരന്തരീക്ഷം അവിടെയെങ്ങും സംജാതമാകുന്നു. ഈ വ്യത്യാസത്തിനുള്ള കാരണങ്ങൾ ഇവിടെ വിസ്തരിക്കേണ്ടതില്ല. അവ മൗലികങ്ങളും സ്ഫടികസ്ഫുടങ്ങളുമാണു്; മാത്രമല്ല എന്നെന്നും നിലനിൽക്കുന്നവയുമാണു്. ഒരു വശത്തു്, സ്വാത്ഥം മുൻനിറുത്തി പണം മാത്രം ഉദ്ദേശിച്ചു മണിക്കൂർ എണ്ണി പണി എടുക്കുന്നവർ—പലപ്പോഴും അധമവികാരങ്ങൾക്കു അടിമപ്പെട്ട ആവേശഭരിതരായവർ; മറുവശത്തു, പരാത്ഥം മുൻനിറുത്തി, പാരത്രികാദശങ്ങളാൽ പ്രേരിതരായി, സമസൃഷ്ടങ്ങളുടെ ക്ലേശനിവാരണത്തിനുവേണ്ടി രാപകൽ ഇളവില്ലാതെ ആത്മത്യാഗവും ആത്മാത്ഥസേവനവും അനുഷ്ഠിക്കുന്നവർ. ഇരുകൂട്ടരും തമ്മിലുള്ള അന്തരം അപരിമേയമാണു്. ഭരണനിയമങ്ങൾകൊണ്ടോ ആകർഷകമായ ശമ്പളത്തോതു ആദിയായ ഏതെങ്കിലും ഭൗതികപ്രലോഭനങ്ങൾകൊണ്ടോ ആ അന്തരം പരിഹരിക്കാനാവുമല്ല. കാക്ക കുളിച്ചാൽ കൊക്കാകുമോ?

ദ്വിതീയ

**ചരമവാർഷികം**



മി. ചാക്കോ കുര്യൻ
പുല്ലുവള്ളിൽ, മാന്വെട്ടം
Died on 10-11-1948
Inserted by his loving grandson

### ഇംഗ്ലണ്ടിലെ അനുഭവം

ഇംഗ്ലണ്ടിലെ അഗതിസംരക്ഷണചരിത്രം ഈ വിഷയത്തിൽ നമുക്കു ഒരു സാധനപാഠം നൽകുന്നുണ്ടു. ദരിദ്രവർഗ്ഗങ്ങളുടെ അഭയകേന്ദ്രങ്ങളായിരുന്ന സന്യാസാശ്രമങ്ങളെല്ലാം ഹെൻറി എട്ടാമൻ നശിപ്പിച്ചതിനുശേഷമാണു് അവിടെ ഒരു യാചകപ്രശ്നംതന്നെ ആവിർഭവിച്ചതു. അതിന്റെ നിവാരണത്തിനു വേണ്ടി 1601-ൽ ഒരു (Poor Law) നിയമം പാസ്സാക്കപ്പെട്ടു. അതനുസരിച്ചു ഗവമ്മെന്റു അഗതിമന്ദിരങ്ങൾ സ്ഥാപിച്ചു ഭിക്ഷുക്കളെ അവയിൽ താമസിപ്പിച്ചു. പ്രയത്നിക്കാൻ കഴിവുള്ളവരെക്കൊണ്ടു ജോലിചെയ്യിക്കുന്നതിനുള്ള വ്യവസ്ഥകളും ഉണ്ടായിരുന്നു. ഈ അഗതിമന്ദിരങ്ങളുടെ നടത്തിപ്പിനെപ്പററി മൈസൂർ ഗവമ്മെന്റു് കമ്മിററി റിപ്പോർട്ടിൽ പറയുന്നതു കേട്ടാലും: "The way in which the system was worked, made the work-house a den ... the inmates were made to do dull dreary work and there was nothing in that stuffy atmosphere to cheer up the inmate or instil hope in him. The work-house presented a sad spectacle of human degradation." തുടർന്നു ഗവമ്മെന്റു പല പരീക്ഷണങ്ങളും നടത്തി. പക്ഷെ ദൗഷ്ട്യങ്ങൾ ഒന്നിനൊന്നു വർദ്ധിച്ചതല്ലാതെ ഗുണമൊന്നുമുണ്ടായില്ല. ഒടുവിൽ— അനേക കാലത്തെ കഷ്ടനഷ്ടങ്ങൾക്കുശേഷം— സ്വകാര്യ പ്രവത്തകരെ ശരണംഗമിക്കേണ്ടിവന്നു.

**FIXED DEPOSITS**
2 years 4½%
1 — 4%
6 months 3%
**The Bank of Cochin Ltd**
ERNAKULAM
*Branches:*
CHALAKUDY, TRICHUR,
MATTANCHERY,
WILLINGDON ISLAND

ആ ചരിത്രം കമ്മിററി ഇപ്രകാരമാണു് ഉപസംഹരിക്കുന്നതു്: "The defects of the Poor Law system are being rectified in England by such societies as the Charity Organisation Societies and the Social Settlements which are worked on scientific and humanitarian principles." ഇതാണു് ഒരു പരിഷ്കൃതരാജ്യമായ ഇംഗ്ലണ്ടിലെ അനുഭവം. നമ്മുടെ നാട്ടിലെ അനുഭവവും ഇതിൽനിന്നു വിഭിന്നമല്ല. ആറു കൊല്ലം മുമ്പാണു് അന്നത്തെ കൊച്ചി നിയമനിർമ്മാണസഭയിൽ The Cochin Vagrancy Bill പര്യാലോചനയ്ക്കുവന്നതു്. കൊച്ചിരാജ്യത്തെ യാചനാനിവാരണം സമൂലം ഗവമ്മെന്റിൽനിന്നു നേരിട്ടു നിവ്വഹിക്കുന്നതിനുള്ള വ്യവസ്ഥകൾ മാത്രമായിരുന്നു അതിൽ ഉൾക്കൊള്ളിച്ചിരുന്നതു്. അതു അനാശാസ്യവും അപകടകരവുമായ നയമാണെന്നും; പ്രാപ്തിയും സന്നദ്ധതയുമുള്ള സ്വകാര്യസ്ഥാപനങ്ങളെ കണ്ടുകിട്ടാവുന്നിടത്തൊക്കെ ആ ജോലി, ശരിയായ ഗവമ്മെന്റു് നിയന്ത്രണത്തിനു വിധേയമായും മതിയായ സഹായധനം നൽകിക്കൊണ്ടും, അവയെ ഏല്പിക്കേണ്ടതാണെന്നും; അത്തരം സ്ഥാപനങ്ങൾ ഒന്നും എത്തുപെടാത്ത ദിക്കിൽ മാത്രമേ ഗവമ്മെന്റു് അക്കാര്യത്തിൽ നേരിട്ടു പ്രവേശിക്കാവു എന്നും ഒരു മെമ്പർ ശക്തിയായി വാദിച്ചു. അത്തരത്തിൽ ബിൽ ഭേദപ്പെടുത്തിയില്ലെങ്കിൽ, പ്രതീക്ഷിക്കപ്പെടുന്ന ഫലമൊന്നും അതുകൊണ്ടു ഉണ്ടാവില്ലെന്നു മാത്രമല്ല, അധികമായ ദൂഷ്യഫലങ്ങൾക്കിടവരികയും ചെയ്യും എന്നൊരു മുന്നറിയിപ്പും ആ മെമ്പർ രേഖപ്പെടുത്തുകയുണ്ടായി. അതു് എത്രമാത്രം അത്ഥവത്തായിരുന്നു എന്നു ഇന്നത്തെ ഗവമ്മെന്റു് അഗതിമന്ദിരങ്ങളിലെ അനിഷ്ടാനുഭവങ്ങൾ സംശയലേശരഹിതം സ്പഷ്ടമാക്കിയിരിക്കുന്നു.

വൃദ്ധമന്ദിരങ്ങൾ, പരിത്യക്തരായ പിഞ്ചുപൈതങ്ങളെ തേടിയെടുത്തു വളത്തുന്ന ശിശുഭവനങ്ങൾ, മാർഗ്ഗഭ്രംശം ഭവിച്ച സ്ത്രീജനങ്ങളെ സംരക്ഷിച്ചു സമുദ്ധരിക്കുന്ന അബലാസങ്കേതങ്ങൾ, ബാലശിക്ഷാശാലകൾ (Reformatories) കുഷ്ഠരോഗാസ്പത്രികൾ ആദിയായ സേവനസ്ഥാപനങ്ങളുടെ നടത്തിപ്പിലും മേൽപറഞ്ഞ പരമാത്ഥംതന്നെയാണു് അനുഭവപ്പെടുന്നതു. 5-10-1950-ലെ "മദ്രാസ് മെയിൽ," ഗവമ്മെന്റു് ചെയ്യേണ്ടതായ ചില സേവനങ്ങൾ ചൂണ്ടിക്കാണിച്ചശേഷം ഇപ്രകാരം തുടരുന്നു: "Yet there are various types of service which the State is unfit or incompetent to provide. There are forms of misery and unhappiness which can be relieved only by the direct personal sympathy and guidance of wise and kindly men and women; such as the sufferings of the physically defective and the socially handicapped, who are seemingly of no immediate use to the community or the State. Voluntary service is indispensable if the needs of such unfortunate people are to be met. This is a fact which the champions of totalitarianism ignore. ക്ഷേമരാഷ്ട്രങ്ങൾ (Welfare States) സൃഷ്ടിക്കുന്നതിനു ബദ്ധപ്പാടുകൂട്ടുന്ന വൻകിട ഭരണധുരന്ധരന്മാർ മെയിലിന്റെ ഈ പ്രസ്താവന മനസ്സിരുത്തി ഒരാവത്തി വായിക്കുന്നതു നന്നായിരിക്കും. ഇന്ത്യയുടെ ലക്ഷ്യവും ഒരു ക്ഷേമ

(ശേഷം 11-ാം പേജിൽ)

## ആ ദുരന്തനാടകത്തിലെ പാത്രങ്ങൾ

# യൂദാസ്

(ഫാദർ എസ്. തേർമാം എം. ഒ. എൽ )

(തുടർച്ച)

യൂദാസിൻെറ ഹൃദയത്തിൽ പുകഞ്ഞുകൊണ്ടിരുന്ന ഗുരുദ്രോഹം ക്രിസ്തു വ്യക്തമായി കണ്ടു. കാററു് അനുകൂലമായി വീശുമ്പോൾ അതു ആളിക്കത്തുമെന്നും അവിടുന്നു മനസ്സിലാക്കി. അവൻെറ കൗടില്യത്തിൻെറ തനിനിറം അവനെ കാണിച്ചു പശ്ചാത്താപത്തിലേക്കു ക്ഷണിക്കുവാൻ ക്രിസ്തു പലപ്രാവശ്യവും പരിശ്രമിച്ചു. ഒടുവിലത്തെ അത്താഴത്തിൽവെച്ചു് അവൻെറ കാപട്യത്തെ വലിച്ചു പുറത്തിട്ടു. ശിഷ്യഗണത്തിൻെറ പാദങ്ങൾ കഴുകിയതിനുശേഷം ക്രിസ്തു പറഞ്ഞു: "നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു; എന്നാൽ എല്ലാവരും അല്ല." യൂദാസിൻെറ ഹൃദയത്തെ ലാക്കാക്കി ക്രിസ്തു തൊടുത്ത ആദ്യത്തെ അസ്ത്രമായിരുന്നു അതു്. പക്ഷെ അതവൻെറ ഹൃദയത്തെ തെല്ലും സ്പർശിച്ചില്ല. വീണ്ടും ക്രിസ്തു, "നിങ്ങളിൽ ഒരുത്തൻ എന്നെ ഒററിക്കൊടുക്കുമെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" എന്നരുളിച്ചെയ്തു. (വി. മാത്യു അ 26. വാ. 21) അധർമ്മംകൊണ്ടു കല്ലുപോലെ കടുത്തുപോയ ഏതു ഹൃദയങ്ങളേയും ദ്രവിപ്പിക്കുന്ന പ്രസ്തുതവാക്കുകൾ കേട്ടിട്ടും യൂദാസിനു യാതൊരു ഭാവഭേദവും ഉണ്ടായില്ല. എങ്ങനെ യൂദാസിൻെറ ഹൃദയം അചഞ്ചലമായിരുന്നുവെന്നതു് ഇന്നും ഉത്തരം ലഭിക്കാത്ത ഒരു ചോദ്യമാണു്. പന്തിയുയത്തി നില്ക്കുന്ന യൂദാസിൻെറ ഗുരുദ്രോഹത്തെ കാണുവാൻ മററു അപ്പസ്തോലന്മാർക്കു് അപ്പോഴും സാധിച്ചില്ല. നിശ്ശബ്ദതയിൽ മണിനാദമെന്നപോലെ മുഴങ്ങുന്ന ക്രിസ്തുവിൻെറ വാക്കുകൾ, ആരെ, എന്തിനെ ഉദ്ദേശിച്ചെന്നു മനസ്സിലാകാതെ ആ പാവങ്ങൾ പരസ്പരം നോക്കി. അവരുടെ പകച്ച കണ്ണുകൾ, വിറയ്ക്കുന്ന ചുണ്ടുകൾ, വിളറിയ മുഖങ്ങൾ, ഇടറിയ സ്വരം! ആ രംഗം വളരെ ദയനീയമായിരുന്നു. വിപ്പടക്കി ഓരോരുത്തരും ചോദിച്ചു; "ഗുരോ! അതു ഞാനാണോ?" പരമപരിശുദ്ധനായ ക്രിസ്തുവിൻെറ മുമ്പിൽ ഏതു പരിശുദ്ധിക്കു നിവർന്നു നില്ക്കുവാൻ കഴിയും! മററുള്ളവരോടൊപ്പം ഏററുപാടിയില്ലെങ്കിൽ തൻെറ കാപട്യം പുറത്തു ചാടുമെന്നു യൂദാസ് ഭയപ്പെട്ടു. നിഷ്കളങ്കതയുടെ മൂടുപടമിട്ടു ക്രിസ്തുവിൻെറ മുമ്പിലും അതിനെ മറച്ചു നിർത്താമെന്നു് ആ ഭോഷൻ വിചാരിച്ചു. ദൈവശക്തികൊണ്ടുപാവകളിക്കുന്ന ഒരു മനുഷ്യകീടം! അവനും ചോദിച്ചു "ഗുരോ! അതുഞാനാണോ?" ധിക്കാരം കിലുങ്ങുന്ന വാക്കുകൾ! അവ കേട്ടു് ആ കെട്ടിടത്തിൻെറ കനത്ത ഭിത്തികൾകൂടി വിറപൂണ്ടിരിക്കണം. നരകം വായും പിളർന്നു് അവനെ വിഴുങ്ങാതിരുന്നതു് അപ്പോഴും അനുതാപത്തിലേക്കു് അവനെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിൻെറ കാരുണ്യം ഒന്നുകൊണ്ടുമാത്രമാണു്. ക്രിസ്തു അരുളിച്ചെയ്തു: "അതു നീതന്നെ പറഞ്ഞുവല്ലോ?" മററുള്ളവർ കേൾക്കാതെ അവനുമാത്രം കേൾക്കാവുന്ന സ്വരത്തിലായിരുന്നു അവിടുത്തെ വാക്യം. അവിടെയും അവൻെറ മാനം രക്ഷിക്കുവാൻ ക്രിസ്തു പരിശ്രമിക്കുന്നു. ഉടനെ അവൻ എഴുന്നേററു് അന്ധകാരത്തിൻെറ മറവിരിക്കുള്ളിൽ മറഞ്ഞു. ദൈവാനുഗ്രഹത്തിൻെറ ലുനിലാവു പ്രകാശിക്കാത്ത ആത്മാവു് എന്നും അന്ധകാരത്തിൽത്തന്നെയാണല്ലോ സ്ഥിതിചെയ്യുന്നതു്.

അവൻെറ അകവും പുറവും കൂരിരുൾ പൊതിഞ്ഞിരിക്കയാണു്. മററുള്ളവരുടെ ശ്രദ്ധയെ തെല്ലും ആകർഷിക്കാതെ ആ രാക്ഷസനു് ഉദ്ദിഷ്ടസ്ഥാനത്തെത്തുവാൻ നിഷ്പ്രയാസം സാധിച്ചു. അവൻ പ്രധാനാചാര്യന്മാരുടെ സമീപത്തുചെന്നു്, അവർ ഏറെ നാളായി ഉൽക്കണ്ഠയോടെ പാർത്തുകൊണ്ടിരിക്കുന്ന ആ മുഹൂർത്തം ആസന്നമായിരിക്കുന്നുവെന്ന സന്തോഷവർത്തമാനം പിടയ്ക്കുന്ന ഹൃദയത്തോടെ അവൻ അറിയിച്ചു. അവൻ പറയുകയാണു്: "ഇപ്പോൾ—അതെ—ഇന്നുരാത്രി—ഗദസേമിൻതോട്ടത്തിൽ." തൽക്ഷണം പ്രധാനാചാര്യൻെറ ഭൃത്യന്മാർ ചൂലും മറവും വലിച്ചെറിഞ്ഞു് ഉടവാളും പരിചയുമെടുത്തു യോധവേഷം കെട്ടി അരമനയുടെ അങ്കണത്തിൽ അണിനിരന്നു. ആ "വിപ്ലവകാരി"യെ പിടിച്ചുകെട്ടി നാട്ടിൽ "സമാധാനം" പാലിക്കുവാൻ ഇറങ്ങിയിരിക്കുന്ന സന്നദ്ധഭടന്മാരെ പ്രധാനാചാര്യൻ "അനുഗ്രഹിച്ചു" വിട്ടു. ദീപയഷ്ടികൾ അന്ധകാരത്തെ അകററിയെങ്കിലും അവരുടെ ഹൃദയങ്ങളിൽ അപ്പോഴും കൂരിരുൾ കട്ടപിടിച്ചു കിടക്കുകയായിരുന്നു.

ഒരു സംശയം! ശിഷ്യഗണത്തിൻെറ ഇടയിൽ നില്ക്കുന്ന ക്രിസ്തുവിനെ എങ്ങനെ തിരിച്ചറിയും. അതിനും സമാധാനം ആ മൂർഖൻ കണ്ടുപിടിച്ചിട്ടുണ്ടു്. "ഞാൻ ആരെ ചുംബിക്കുന്നുവോ, അതു് അവനാണു്. പിടിച്ചുബന്ധിച്ചുകൊള്ളുക" എന്നവൻ ഉറപ്പു നല്കി. അവർ ആർത്തുവിളിച്ചു. മതത്തിൻേറയും ജനങ്ങളുടേയും ദ്രോഹിയായി തലയുയർത്തി നില്ക്കുന്ന ക്രിസ്തുവിനെ പിടിച്ചുകെട്ടി പ്രധാനാചാര്യനു കാഴ്ചവെച്ചാൽ നല്ല സമ്മാനം ലഭിക്കുമെന്ന മോഹം അവരെ കൂടുതൽ ആഹ്ലാദിപ്പിച്ചു. പക്ഷെ ക്രിസ്തു സാമാന്യനല്ലാത്തതുകൊണ്ടു് എന്തെങ്കിലും തകരാറുണ്ടായേക്കുമോ എന്നൊരു നേരിയഭയം അവരുടെ സന്തോഷത്തെ കരണ്ടുകൊണ്ടിരുന്നു. എന്നാൽ അതു മദ്യലഹരിയിൽ അലിഞ്ഞുചേർന്നു.

യോധസംഘത്തിൻെറ നടുനായകത്വം വഹിച്ചു, കെദ്രോൻപുഴകടന്നു, ഭൂമിക്കുകൂടി താങ്ങാനാവാത്ത ഗുരുദ്രോഹവും പേറി, യൂദാസ് ഗദസേമിൻ തോട്ടത്തിലെത്തി. ഭീമാകാരമായ ഒലിവുവൃക്ഷങ്ങൾ അവിടെ ഇടതൂർന്നു നില്ക്കുന്നു. ഭയാനകമായ ഒരു നിശ്ശബ്ദത അവിടെ കളിയാടിയിരുന്നു. ഉടനടി അവിടെ രൂപമെടുക്കുവാൻ പോകുന്ന ഭയങ്കരപാതകത്തെയോർത്തു് അവിടത്തെ വായുക്കൂടി വിറങ്ങലിച്ചുപോയതുപോലെ കാണപ്പെട്ടു. തോട്ടത്തിൻെറ ഒരു ഭാഗത്തു ക്രിസ്തു ആരെയോ പ്രതീക്ഷിച്ചു് അക്ഷമനായിനില്ക്കുന്നു. അന്ധാളിച്ച നോട്ടം! വിളറിയ മുഖം, വിറയ്ക്കുന്ന ശരീരം, ചിന്താഭാരംകൊണ്ടു കുനിഞ്ഞശിരസ്സു്. അതെ—ക്രിസ്തു അങ്ങനെ അമ്പരന്നു നില്ക്കുമ്പോൾ ആ പരമവഞ്ചകനായ യൂദാസ് കടന്നുചെന്നു "ഗുരോ സ്വസ്തി" എന്നുപറഞ്ഞു് അവിടുത്തെ തിരുമുഖത്തെ ചുംബിച്ചു. ച്ഛീ! ആ പുണ്യതീർത്ഥത്തെ ഒരു കാട്ടുപോത്തു കടന്നുചെന്നു കലക്കി അശുദ്ധമാക്കുകയോ? ആ ചുംബനം !! അതെ—ആ മുഖത്തിൽ കെട്ടിനിന്നിരുന്ന വിഷം മുഴുവനും അവൻ ചുംബനത്തിൽക്കൂടി പുറത്തേക്കു വമിച്ചു. ആ ചുംബനം ഭാഷയിലേക്കും കടന്നുചെന്നു, ലോകത്തിൽവച്ചു് ഏററവും നീചവും ലജ്ജാകരവുമായ സംഭവങ്ങളുടെ പര്യായമായി രൂപമെടുത്തു. പരമപരിശുദ്ധനും നിരുപദ്രവിയുമായ സ്വന്തം ഗുരുവിനെ ശത്രുക്കൾക്കു് ഒററിക്കൊടുക്കുകയെന്ന ഹീനപ്രവൃത്തി, സ്നേഹത്തേയും വാത്സല്യത്തേയും സൂചിപ്പിക്കുന്ന ഒരു മംഗളകർമ്മത്തിൽക്കൂടി നിറവേററിയതിൻെറ രഹസ്യം ലോകത്തിനു് ഇന്നും അജ്ഞാതമാണു്. ദീർഘകാലം വേർപെട്ടിരുന്നു വീണ്ടും കണ്ടുമുട്ടുമ്പോൾ മാത്രമേ പൗരസ്ത്യർ അന്യോന്യം ചുംബിക്കാറുള്ളു. വിററവനും വില്ക്കപ്പെട്ടവനും തമ്മിൽ പിരിഞ്ഞിട്ടു രണ്ടു മണിക്കൂറുകളിലധികം കടന്നുപോയിട്ടില്ല. എന്നാൽ പിന്നെ നാട്ടാചാരത്തിനു വിരുദ്ധമായ ഈ സ്നേഹപ്രകടനത്തിൻെറ അർത്ഥമെന്തു്? അതു് യൂദാസിൻെറ നീചത്വത്തിൻെറ ഒരു പരിഷ്കരിച്ച പതിപ്പായിരിക്കാം; അല്ലെങ്കിൽ അവൻെറ കൗടില്യത്തെ ഒരു കപടചുംബനംകൊണ്ടു മൂടിവെക്കാമെന്നു് ആ വഞ്ചകൻ വ്യാമോഹിച്ചിരിക്കാം. അല്ലെങ്കിൽ വിവിധ സംഭവങ്ങൾ കൊടുമ്പിരികൊണ്ടിരിക്കുന്ന ആ സന്ദർഭത്തെതരണംചെയ്യുവാൻ അതൊരൊററ മാർഗ്ഗമേയുള്ളുവെന്നു ആ കശ്മലൻ കരുതിയിരിക്കാം. അതെ—അമിതമായ വാത്സല്യത്തെ കാണിക്കുന്ന ഒരു പ്രവൃത്തികൊണ്ടു് ആരംഭിക്കത്തക്കവണ്ണം ദൈവപുത്രനെ ഒററിക്കൊടുക്കുകയെന്ന കർമ്മം അത്രയ്ക്കും നിന്ദ്യമാണു്. നാം പലപ്പോഴും മതത്തേയും അതിൻെറ മൗലികങ്ങളായ ആചാരങ്ങളേയും മുക്തകണ്ഠം പുകഴ്ത്താറുണ്ടു്. എന്നാൽ ആ നീണ്ട പ്രസംഗത്തിനുശേഷം "പക്ഷെ" എന്നു പറഞ്ഞു വിരമിക്കുന്നു. ആ "പക്ഷെ" അനേകം ദൂഷണങ്ങളെ തുറന്നുവെക്കുന്ന മണിത്താക്കോലാണെന്നു നാം ഓർക്കാറില്ല.

ഭൗതികവിഷയങ്ങളെപ്പററി എത്രവേണമെങ്കിലും നമുക്കു വാദപ്രതിവാദം നടത്താം. അവിടെ കപടസ്നേഹം നടിക്കേണ്ട ആവശ്യമില്ല. എന്നാൽ പരിശുദ്ധവും, ദൈവികവും, കപടരഹിതവുമായ കാര്യങ്ങളുടെ മുമ്പിൽ അക്രമത്തിനൊരുങ്ങുമ്പോൾ നാം സ്നേഹഭാവം നടിക്കുന്നു. ചിലർ സഭയുടെ ആചാരങ്ങളേയും അധികൃതന്മാരുടെ പ്രവർത്തനങ്ങളേയും കണ്ഠമാനം അവഹേളിക്കുമ്പോൾ പറയും അവയെ കൂടുതൽ പരിശുദ്ധങ്ങളാക്കുവാനാണെന്നു്. ആത്മീയവിഷയത്തിൽ സഭ മന്ദീഭവിച്ചുപോകുന്നുവെന്നു് അവർ ആക്ഷേപിക്കുമ്പോൾ ഉൽകൃഷ്ടതരങ്ങളായ ആദർശങ്ങളെ പ്രായോഗികമാക്കുവാനാണു് തങ്ങൾ പരിശ്രമിക്കുന്നതെന്നു് അവർ അഭിമാനിക്കുന്നു. യൂദാസിൻെറ പ്രവൃത്തിയും ഇതിൽനിന്നു് തെല്ലും വ്യതിരക്തമല്ല. യൂദാസു് അവനെറ കപടചുംബനംകൊണ്ടു് ക്രിസ്തുവിൻെറ പരമപരിശുദ്ധതയിന്മേൽ ചെളിവാരിയെറിഞ്ഞുവെങ്കിലും, ക്രിസ്തു സ്വതസ്സിദ്ധമായ അവിടുത്തെ ശാന്തത വെടിയാതെ അവനെ "സ്നേഹിതാ" എന്നു മധുരമായി വിളിക്കുകമാത്രം ചെയ്തു. ശത്രുക്കളെക്കൂടി മിത്രങ്ങളായിമാത്രം കാണുന്ന ക്രിസ്തു, മിത്രവേഷത്തിൽവന്ന ആ രാക്ഷസനെ, ഇരുപതു നൂററാണ്ടുകളോളമായിട്ടും ലോകത്തിൽനിന്നു മാഞ്ഞുപോകാത്ത കളങ്കത്തെ വരുത്തിവെച്ചവനെ—സ്നേഹിതനായി പരിഗണിച്ചിരുന്നതുകൊണ്ടു് അവനെ സ്നേഹിതാ എന്നു വിളിച്ചു സൽക്കരിച്ചു. പാലുകൊടുത്തകരത്തിന്മേൽത്തന്നെ കൊത്തുന്നതു മൂർഖൻെറ സ്വഭാവമാണല്ലോ. ആ അസാധാരണമുഹൂർത്തത്തിൽക്കൂടി ക്രിസ്തു അവനെ അനുതാപത്തിലേക്കു ക്ഷണിച്ചു. പക്ഷെ കുളിർപൊയ്കയുടെ തീരത്തിൽ നിന്നു ദാഹംകൊണ്ടു് അവൻ വററിവരണ്ടു. ക്രിസ്തുവിൻെറ പാദങ്ങളിൽ അവൻ സാഷ്ടാംഗം പ്രണമിച്ചു മാപ്പിരന്നുവെങ്കിൽ ആ കാരുണ്യമൂർത്തി അതു നല്കുമായിരുന്നു. പക്ഷെ അവൻെറ ഹൃദയം ദുഷ്ടതയിൽ മുരടിച്ചുപോയിരുന്നതിനാൽ ദൈവാനുഗ്രഹം അതിൽ തെല്ലും കടന്നുചെന്നില്ല. അവൻ നാശത്തിൻെറ അഗാധതയിലേക്കും ക്രിസ്തു ഗാഗുൽത്താമലമുകളിലേക്കും ആ രാത്രിതന്നെ യാത്രയായി. വാസ്തവത്തിൽ ക്രിസ്തുവിനെ കഥാവശേഷനാക്കുന്നതിനു ഘാതകരുടെ കൈയിൽ ഏല്പിച്ചുകൊടുക്കുകയല്ല, സമർത്ഥനായ ഒരു വ്യാപാരിയെപ്പോലെ അവിടുത്തെ വിററു പണമാക്കുകയാണു യൂദാസ് ചെയ്തതു്.

ആദ്യത്തെ ദുഃഖവെള്ളിയാഴ്ചയുടെ പുലരി പതിവുപോലെ പുഞ്ചിരിതൂകിയണഞ്ഞു. പക്ഷെ അതു് യൂദാസിൻെറ ഹൃദയത്തിലെ കൂരിരുൾ തെല്ലും അകററിയില്ല. ജറുസലേം പട്ടണം മുരിനിവർന്നെഴുന്നേററു. ക്രിസ്തുവെ കഴുമരണത്തിനുവിധിച്ചിരിക്കുന്നുവെന്ന വർത്തമാനം കാട്ടുതീപോലെ നാടാകെ പരന്നു. പലരും പലതരത്തിൽ അവരവരുടെ മനോധർമ്മം പോലെ പ്രസ്തുത സംഭവത്തെപ്പററി സംസാരിച്ചു. പക്ഷെ യൂദാസിൻെറ കാതുകളിൽ അതു നാരായംപോലെ തുളഞ്ഞുകയറി. അവനൊന്നു ഞെട്ടി. ഒരു നിദ്രോഷിയുടെ ജീവരക്തം അവൻെറ കരങ്ങളിൽ പുരണ്ടിരിക്കുന്നതായി അവനുതോന്നി. സഞ്ചിയിൽകിടന്നു കിലുങ്ങിയിരുന്ന വെള്ളിനാണ്യങ്ങൾ കാളസർപ്പങ്ങളായി രൂപാന്തരപ്പെട്ടു് അവനെ കൊത്തുവാൻ ആഞ്ഞടുക്കുന്നുവെന്നു് അവൻ വിചാരിച്ചു. നിരാശ അവൻെറ ഹൃദയത്തെ കരണ്ടുതിന്നുവാൻ തുടങ്ങി. കഠിനമായ ആത്മനിന്ദനം അവൻെറ മനസ്സിൽ കിടന്നു പുകഞ്ഞു. എന്നിട്ടും സമാധാനത്തിൻെറ ഉറവിടമായ ക്രിസ്തുവിങ്കലേക്കല്ല, അവിടുത്തെ വിലപേശിവാങ്ങിയ പ്രധാനാചാര്യന്മാരുടെ അടുക്കലേക്കാണു് അവൻ പാഞ്ഞതു്. ദൈവികകാര്യങ്ങളെ നാം മനഃപൂർവ്വം പരിത്യജിക്കുമ്പോൾ—അഥവാ ഏതാനും നാണയത്തുട്ടുകൾക്കു് അവയെ യൂദാസിനെപ്പോലെ കൈവിട്ടുകളയുമ്പോൾ—അവയുടെ ശരിയായ മാഹാത്മ്യം നാം നോക്കാറില്ല. നശ്വരമായ സമ്പത്തിനോ ക്ഷണികമായ സന്തോഷത്തിനോ, സ്ഥാനമാനങ്ങൾക്കോവേണ്ടി ക്രിസ്തുവിനെ നാം കൈമാറിയാൽ അവസാനം നാം വഞ്ചിതരായെന്നു മനസ്സിലായി യൂദാസിനെപ്പോലെ ഉഴലേണ്ടിവരും. ആ മുപ്പതു നാണയങ്ങൾ ചുട്ടുപഴുത്ത കാരിരുമ്പിൻകഷണങ്ങളായി അവനു് അനുഭവപ്പെട്ടതിൽ എന്താണാശ്ചര്യം. മനഃസാക്ഷിയുടെ ചുട്ടുനീററം സഹിക്കവയ്യാതായപ്പോഴാണു് അവൻ ആ നാണയങ്ങളും കൊണ്ടു പ്രധാനാചാര്യന്മാരുടെ പക്കലേക്കോടിയതു്. അവനേററവും ആഗ്രഹിച്ചിരുന്നതു കൈവന്നപ്പോൾ അവനതിനെ വെറുത്തു. ആചാര്യന്മാരുടെ മുമ്പിൽ ചെന്നു് നിസ്സങ്കോചം അവൻെറ അപരാധത്തെ അവൻ ഏററുപറഞ്ഞു. പക്ഷെ അതു ക്രിസ്തുവിൻെറ സന്നിധിയിലായിരുന്നുവെങ്കിൽ!! നിർമ്മലരക്തത്തിൻെറ കറപുരണ്ട ആ നാണ്യങ്ങളെ അവരുടെ മുമ്പിൽ അവൻ വലിച്ചെറിഞ്ഞു. "രക്തത്തിൻെറ നില"മെന്നപേരിൽ ഒരു സ്ഥലം വാങ്ങുവാൻ മാത്രമേ അതുപകരിച്ചുള്ളു. രക്തത്തിൻെറ വിലയായി അവനുലഭിച്ച ആ നാണ്യങ്ങളെ മടക്കിക്കൊടുത്താൽ ആത്മാവിൻെറ കളങ്കംതീർന്നുപോകുമെന്നു് ആ ദ്രോഹി വ്യാമോഹിച്ചിരിക്കാം. അവരവർക്കുള്ളതിനെ പരിത്യജിച്ചാൽ മാത്രം പോരാ, ആഭ്യന്തരമായ പരിവർത്തനം ഉണ്ടായാൽ മാത്രമേ ആത്മാവിനു വിമോചനവും വിശുദ്ധിയും ലഭിക്കുകയുള്ളുവെന്നതത്വം ഒരു പക്ഷെ അവനു് അജ്ഞാതമായിരിക്കാം.

പാപമോ, പണമോ, വിലവാങ്ങി നമുക്കു ക്രിസ്തുവിനെ വില്ക്കാമെങ്കിലും ആർക്കും അവിടുത്തെ വാങ്ങുവാൻ സാദ്ധ്യമല്ല. പ്രധാനാചാര്യന്മാർ അവിടുത്തെ വാങ്ങിയെന്നു് അഭിമാനിച്ചുവെങ്കിലും മരിച്ചു മൂന്നാംദിവസം അവിടുന്നു സ്വതന്ത്രനായി ഉയിർത്തെഴുന്നേററു. യൂദാസിനു് അവൻെറ മൃഗീയമായ പ്രവൃത്തിയിൽ വെറുപ്പുതോന്നി. പാപത്തെപ്പററി പശ്ചാത്തപിക്കാതെ അതിനോടു വെറുപ്പുതോന്നുന്നതു ഫലശൂന്യമാണു്. യൂദാസിനും പശ്ചാത്താപമുണ്ടായി. പക്ഷെ, അതു് അവനോടുതന്നെയായിരുന്നു. അതു സ്വയംനിന്ദനമാണു്. അതു് ആത്മഹത്യാപരവുമാകുന്നു. സ്വയം വെറുക്കുവാൻ തുടങ്ങുന്നതു് ആത്മഹതിയുടെ ആദ്യത്തെ ചടങ്ങാകുന്നു. ദൈവവുമായുള്ള സ്നേഹൈക്യത്തിൽനിന്നു ജനിക്കുന്ന ആത്മനിന്ദനംമാത്രമേ ഫലപ്രദമാവുകയുള്ളു.

എന്നോൻ താഴ്വരയിൽക്കൂടി യൂദാസു് അതാ മന്ദം, മന്ദം പോകുന്നു. നിരാശയുടെ ഒരുഗ്രമൂർത്തി! ഒരേ ഒരു വിചാരം മാത്രം—അവനിൽനിന്നു് അവനെ സ്വതന്ത്രനാക്കണം. അതു് അവൻെറ തലയ്ക്കുള്ളിൽ ഒരു ചുഴലിക്കാററുണ്ടാക്കി. കാർമേഘംകൊണ്ടു മൂടിയ ആകാശത്തിൽ ഒന്നുരണ്ടു നക്ഷത്രങ്ങൾ അവനെ തുറിച്ചുനോക്കി. ചുററും നില്ക്കുന്ന വന്മരങ്ങൾ അവനെ വിഴുങ്ങുവാൻ നില്ക്കുന്ന പിശാചുക്കളുടെ കരിനിഴലുകളായി അവനുതോന്നി. കാററത്തിളകുന്ന അവയുടെ കൊമ്പുകൾ അവനെ പിടിക്കുവാൻ കരങ്ങൾ നീട്ടുകയാണെന്നു് അവൻ വിചാരിച്ചു. സ്രഷ്ടാവിനോടുചെയ്ത കയ്യേററത്തിനു സൃഷ്ടികൾ മുഴുവനും ഒരുമിച്ചു് അവനോടു പകരംചോദിക്കുവാൻ വട്ടംകൂട്ടുന്നുവെന്നു് അവൻ കരുതി. "ഹാ ഹാ" അവൻ പൊട്ടിച്ചിരിച്ചട്ടഹസിച്ചു അതിൽ നിരാശയുടെ കിലുക്കമുണ്ടായിരുന്നു. നല്ല ഉറപ്പുള്ള ഒരു കയറെടുത്തു നിലത്തോടു് ഏററവും ചാഞ്ഞുനില്ക്കുന്ന മരത്തിൻെറ അരികത്തുചെന്നു് അതിനെ ആകമാനം ഒന്നു നോക്കി. ലോകത്തിൻെറ ദുഷ്ടതമുഴുവനും ഒരുമിച്ചുകൂടി ഒരു പൈശാചികരൂപമെടുത്താലെന്ന

കുർബാനകുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സൂർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
ഹൊളംബോ സാരിവൂക്ക്. ബ്രോഡ്വെ - എറണാകുളം




# നന്മയുടെ നികഷങ്ങൾ

അനന്തരം അവിടുന്നു് വേറൊരുപമ അവരോടു പറഞ്ഞു: ഇതാ ദൈവരാജ്യത്തിൻെറ ഒരു സാദൃശ്യം: തൻെറ വയലിൽ നല്ല വിത്തുവിതച്ച ഒരു മനുഷ്യനുണ്ടായിരുന്നു. ലോകം മുഴുവനും നിദ്രയിലായിരുന്നപ്പോൾ, അവൻെറ ഒരു ശത്രു വന്നു്, കോതമ്പിന്നിടയിൽ കളകൾ വിതറിയിട്ടുപോയി. കോതമ്പു് മുളച്ചു കതിരായപ്പോൾ കളകളും കാണപ്പെട്ടു. കർഷകൻെറ ആളുകൾ ചെന്നു് അവനോടു പറഞ്ഞു: യജമാനനേ, നല്ല വിത്തല്ലേ നീ നിൻെറ വയലിൽ വിതറിച്ചതു്? പിന്നെ എങ്ങനെയാണു് അതിൽ കളകളുണ്ടായതു്? അപ്പോൾ അവൻ മറുപടിപറഞ്ഞു: ശത്രുവാണതു ചെയ്തതു്. ഉടനെ അവൻെറ ആൾക്കാർ അവനോടു ചോദിച്ചു: ഞങ്ങൾ പോയി അവയെ പറിച്ചുകൂട്ടട്ടേ? അവൻ പറഞ്ഞു: വേണ്ടാ. അല്ലാത്തപക്ഷം, നിങ്ങൾ കളകൾ പറിച്ചുകൂട്ടുമ്പോൾ അതോടുകൂടി കോതമ്പും പറിച്ചുകളയുവാൻ ഇടയുണ്ടു്. കൊയിത്തുകാലംവരെ അവ ഒരുമിച്ചു വളർന്നുകൊള്ളട്ടെ. കൊയിത്തുകാലമാകുമ്പോൾ ഞാൻ എൻെറ കൊയിത്തുകാർക്കാജ്ഞനൽകും: ആദ്യം കളകൾ ശേഖരിച്ചു് ചുട്ടുകളയുന്നതിനു് കെട്ടുകളായി കെട്ടുവിൻ. കോതമ്പു് എൻെറ അറയിൽ കൂട്ടുവിൻ എന്നു് (പന്തക്കുസ്ത 24-ാം ഞായർ സുവിശേഷം. ദെനഹാ 5-ാം ഞായറിലേതു്. മത്താ. XIII 24—30).

റോമാക്കാരും ലസെഡിമോണിയക്കാരും തമ്മിൽ വളരെ കൊല്ലങ്ങൾ യുദ്ധത്തിലേർപ്പെടേണ്ടതായിവന്നിട്ടുണ്ടെന്നു ചരിത്രം ഘോഷിക്കുന്നു. ക്രമേണ റോമ്മാക്കാരുടെ അഭിമാനത്തിൻെറയും ഔദ്ധത്യത്തിൻെറയും തന്ത്രികൾ സ്പർശിക്കപ്പെട്ടു; ഇതിനൊരറുതി വരുത്തണമെന്നു അവർ മുറവിളികൂട്ടി; ലസെഡിമോണിയ നശിപ്പിക്കപ്പെടണമോ വേണ്ടയോ എന്നാലോചിക്കുവാൻ റോമൻ സെനററ് സമ്മേളിച്ചു. എന്തായിരുന്നു അവരുടെ തീരുമാനം? ലസെഡിമോണിയക്കാരെ നശിപ്പിക്കേണ്ട എന്നു്. കാർത്തേജിനെ നശിപ്പിക്കണം (Delenda est Carthago) എന്നു വിധിയെഴുതിയ റോമാക്കാർതന്നെ ലസെഡിമോണിനെ നശിപ്പിക്കേണ്ട എന്നും തീർപ്പുകല്പിച്ചു. കാരണം? ദീർഘകാലം ശത്രുക്കളില്ലാതെയും യുദ്ധമില്ലാതെയും സമാധാനം അനുഭവിച്ചുകഴിയുമ്പോൾ റോമൻ പൗരന്മാരെല്ലാം സുഖഭോഗങ്ങളിൽ മുഴുകി ഒരുതരം അബലവർഗ്ഗമായിപ്പരിണമിച്ചേക്കുമെന്നു ആ നിരീക്ഷണപടുക്കൾ മനസ്സിലാക്കി. തന്നിമിത്തം വളർന്നുവരുന്ന തലമുറയുടെ വീരപരാക്രമങ്ങൾക്കും സമരാസക്തിക്കും മൂർച്ച നൽകുന്നതിനുള്ള ഒരു ചാണക്കല്ലായി ലസഡിമോണിനെ അവർ നിലനിർത്തി. ഈ നികഷവുമായി സംഘർഷണമുണ്ടാകുമ്പോൾ റോമൻ യുവാക്കന്മാരുടെ സമരാസക്തി നിശിതവും തീക്ഷ്ണവുമായിത്തീർന്നു തീപ്പൊരിപറക്കാതിരിക്കയില്ലല്ലോ. ആദ്ധ്യാത്മികരംഗത്തിലും ഇങ്ങനെയുള്ള ചാണക്കല്ലുകൾ ഉണ്ടു്. പ്രമാണങ്ങൾ അനുസരിച്ചും ഗിരിപ്രഭാഷണത്തിലെ ക്രൈസ്തവാദർശങ്ങൾ ജീവിതത്തിലേക്കു പകർത്തിയും സുകൃതജീവിതം നയിക്കുന്നവർക്കു കൂടുതലായ പ്രചോദനവും തീക്ഷ്ണതയും അവസരങ്ങളും നൽകുന്ന ആദ്ധ്യാത്മികനികഷങ്ങളാണു് ഈ ലോകത്തിലെ ദുഷ്ടന്മാർ. കോതമ്പും കളകളും—ശിഷ്ടരും ദുഷ്ടരും—ലോകത്തിൽ പൊതുവിധിവരെ—അവസാനക്കൊയിത്തുവരെ—ഉണ്ടായിരിക്കും. നമ്മുടെ ചുററും ഒന്നു കണ്ണോടിച്ചാൽ ഈ പരമാർത്ഥം നമുക്കു മനസ്സിലാക്കാം. കളവു്, ചതി, കൊലപാതകം, അടിപിടികൾ, പിടിച്ചുപറി, സാധുജനമർദ്ദനം, വിഷയലമ്പടത്വം എന്നിങ്ങനെയുള്ള പാപങ്ങളുടെ കറുത്തലിസ്റ്റു് മുഴുവനും ജീവിതത്തിലേക്കു പകർത്തി സ്വവീടിനേയും നാട്ടിനേയും തമോമയമാക്കിത്തീർക്കയും ജനങ്ങളെ ഭയചകിതരാക്കി വിറപ്പുമുട്ടിക്കയും ചെയ്യുന്ന ദുഷ്ടന്മാർ എല്ലാ നാട്ടിലും ഉണ്ടായിരിക്കും. എന്തുകൊണ്ടാണു് ദൈവം ഇവരെ നശിപ്പിക്കാത്തതു് എന്നു വിചാരിക്കയും ചോദിക്കയും ചെയ്യുന്നവർ പലരുമുണ്ടു്. നീതിമാനായ ദൈവം അവസാനവിധിയിൽ അവർക്കു തക്കതായ ശിക്ഷ നൽകാതിരിക്കയില്ലെന്നും എന്നാൽ അതുവരേയും അവരെ വെച്ചുപുലർത്തുന്നതു് ശിഷ്ടന്മാരുടെ ഗുണത്തിനായിട്ടുതന്നെയാണെന്നും ഇന്നത്തെ സുവിശേഷം നമ്മെ ഉൽബോധിപ്പിക്കുന്നു.

ഒന്നാമതായി, ദൈവം ദുഷ്ടന്മാരോടു സദാ ക്ഷമയോടെ പെരുമാറുന്നതു് തൻെറ അനന്തമായ കാരുണ്യം പ്രസ്പഷ്ടമാക്കുന്നതിനാണു്. വി. ഡെന്നിസ് ഇപ്രകാരം ഒരു കഥ പറയുന്നുണ്ടു്: രണ്ടു ദുഷ്ടന്മാരെക്കൊണ്ടു പൊറുതിമുട്ടിയ കാർപ്പസ് എന്നൊരാൾ ആ രണ്ടുപേരേയും ലോകത്തിൽനിന്നു എടുത്തുകളയുന്നതിനു പലതവണയും ദൈവത്തോടപേക്ഷിച്ചിരുന്നു. ഒരിക്കൽ അയാൾ ഒരു സ്വപ്നം കണ്ടു. കിഴുക്കാംതൂക്കായ ഒരു പാറയുടെ മുകളിൽ ആ രണ്ടു ദുഷ്ടന്മാർ തൂങ്ങിക്കിടന്നിരുന്നു. അവർ വിറയ്ക്കുന്നുണ്ടായിരുന്നു. താഴെനിന്നു നിരവധി സർപ്പങ്ങൾ അവരുടെ ശരീരത്തിൽ ചുററുകയും അവരെ ആ ഗർത്തത്തിലേക്കു വലിക്കുകയും ചെയ്തുകൊണ്ടിരുന്നു. കാർപ്പസിനു് ഇതു കണ്ടപ്പോൾ സന്തോഷമായി, വേഗം തന്നെ അവർ ആ ഗർത്തത്തിലേക്കു വീണുപോകുവാനായി അയാൾ അഭിലഷിച്ചു. അപ്പോഴേക്കും അതാ ക്രിസ്തുനാഥൻ അവിടെ പ്രത്യക്ഷനായി തൻെറ കരങ്ങൾ അവരുടെ പക്കലേക്കു നീട്ടുകയും അവർക്കുവേണ്ടി ഇനിയും തൻെറ രക്തം ചിന്തുവാൻ തയ്യാറാണെന്നു പറയുകയും ചെയ്യുന്നതായി കാർപ്പസ് അത്ഭുതത്തോടുകൂടി വീക്ഷിച്ചു. അതെ, ക്രിസ്തുനാഥൻ ദുഷ്ടൻെറ മരണത്തെ ആഗ്രഹിക്കുന്നില്ല; മറിച്ചു് അവൻ രക്ഷപ്രാപിക്കണമെന്നാഗ്രഹിച്ചുകൊണ്ടു് അവൻെറ പ്രത്യാഗമനത്തെ അങ്ങുന്നു് പാർത്തിരിക്കുന്നു. മനസ്സാക്ഷി, പ്രസംഗങ്ങൾ, ഉപദേശങ്ങൾ, സന്മാതൃകകൾ, തിരുക്കർമ്മങ്ങൾ, കഷ്ടകാലങ്ങൾ എന്നിങ്ങനെ പല മാർഗ്ഗങ്ങളും ഇതിലേക്കായി കർത്താവിൻെറ കരുണ കണ്ടെത്തുന്നു. തന്നെ സ്വീകരിക്കാത്തവരുടെമേൽ തീമഴ പെയ്യുവാൻ കല്പിക്കണമെന്നപേക്ഷിച്ച ശിഷ്യർക്കു മിശിഹ നൽകിയ താക്കീതു സുപ്രസിദ്ധമാണല്ലോ. ഈ അനന്തകാരുണ്യത്തെ ദുഷ്ടന്മാർ മനസ്സിലാക്കി പ്രവർത്തിച്ചെങ്കിൽ എത്ര നന്നായിരുന്നു.

ദൈവം ദുഷ്ടന്മാരെ ഉടനടി ശിക്ഷിക്കുകയാണെങ്കിൽ, അപ്പോഴും അതു വളരെ കഠിനമാണെന്നുപറഞ്ഞു് ദൈവത്തെ പഴിക്കുന്നവർ ധാരാളമുണ്ടായിരിക്കും. അങ്ങനെയുള്ള കുററാരോപണവുംകൂടി ദൂരീകരിക്കുവാൻ വേണ്ടിയാണു് ദൈവത്തിൻെറ കാരുണ്യവും നീതിയും ഒത്തൊരുമിച്ചുകൊണ്ടു് ദുഷ്ടന്മാർക്കുമനസ്സുതിരിയുന്നതിനായി ദീർഘസമയം അനുവദിക്കുന്നതു്. നരകത്തിൽ കിടന്നു നരകിക്കുന്ന ഏററവും നികൃഷ്ടനായ ഒരു പാപിപോലും നീതിമാനായ തോബിയാസിനെപ്പോലെ ഇപ്രകാരം നിലവിളിച്ചു പറയും: "കർത്താവേ, അങ്ങുന്നു നീതിമാനാകുന്നു; അങ്ങെ വിധികൾ നീതിയുള്ളവയാകുന്നു" (Tob. III. 3). ജലപ്രളയത്തിനുമുമ്പു് നൂററിരുപതു് വർഷങ്ങൾ ദൈവം ഉൽകണ്ഠയോടെ മനുഷ്യവർഗ്ഗത്തിനു് മുന്നറിയിപ്പുനൽകുവാനായി വിനിയോഗിച്ചു. എന്നിട്ടും അവർ മനസ്സുതിരിഞ്ഞില്ല; പാപപങ്കത്തിൽ കൂടുതൽ ആണ്ടുപോയി; ഭയങ്കരമായ ശിക്ഷയും കൈവരിച്ചു. ഫറവോൻരാജാവിൻേറയും, ക്രിസ്തുവിൻെറ കാലത്തു ജീവിച്ചിരുന്ന പ്രീശന്മാരുടെയും ജീവിതകഥയിലും ഇതുതന്നെയാണനുഭവം. "അവൻെറ ദയാസമ്പത്തിനെതിരായൊ, അവൻെറ ദീർഘശാന്തതയ്ക്കെതിരായൊ അവൻ നിനക്കുതന്ന അവസരത്തിനെതിരായൊ നീ മത്സരിക്കുന്നുവോ? ദൈവത്തിൻെറ ദയ പശ്ചാത്താപത്തിലേക്കാണു് നിന്നെ കൊണ്ടുപോകുന്നതെന്നു് നീ അറിയുന്നില്ലയോ?" (റോമ. II—4)

ശിഷ്ടരുടെയിടയിൽ ദുഷ്ടരും ജീവിക്കുവാൻ ദൈവം അനുവദിക്കുന്നതു് ശിഷ്ടസംസർഗ്ഗംവഴിയായി ദുഷ്ടന്മാർ മനസ്സുതിരിയുന്നതിനുംകൂടിയാണു്. വി. അഗസ്റ്റിൻ പറയുന്നു: "ഇന്നത്തെ കളകൾ നാളെ കോതമ്പുചെടികളായിത്തീർന്നേക്കാം." സസ്യലോകത്തിൽ ഇതു സംഭവ്യമല്ലെങ്കിലും മനുഷ്യലോകത്തിൽ ഇതു ധാരാളം സംഭവിക്കാവുന്നതാണു്. ഈ മനസ്സുതിരിവിനുള്ള ഒരു പ്രധാനോപാധി ശിഷ്ടസംസർഗ്ഗമാണു്. ഭർത്താവു് ഭാര്യയുടേയും, മക്കൾ മാതാപിതാക്കന്മാരുടേയും, സഹോദരന്മാർ സഹോദരികളുടേയും ഉപദേശങ്ങൾ വഴിയായി സച്ചരിതരായിത്തീർന്നിട്ടില്ലേ! അയൽവാസികൾ പരസ്പരവും സ്നേഹിതന്മാർ പരസ്പരവും നൽകുന്ന ഉപദേശത്തിൻെറ ഫലം ഊഹാതീതമാണു്. സർവ്വോപരി ശിഷ്ടന്മാരുടെ ജീവിതമാതൃക ദുഷ്ടന്മാരെ സൽപഥത്തിലേക്കാനയിക്കുന്നതിൽ വലിയൊരു പങ്കു നിർവ്വഹിക്കുന്നുണ്ടു്. പരിശുദ്ധമായ ആ ജീവിതമാതൃകയുടെ മുമ്പിൽ—അടക്കം, ശാന്തത, ശത്രുസ്നേഹം എന്നിവയുടെ മുമ്പിൽ—ദുഷ്ടന്മാർ ലജ്ജിച്ചുപോകുന്നു; ക്രമേണ അവർ നന്മയിലേക്കു് ആകൃഷ്ടരായിത്തീരുന്നു. ആദിമക്രിസ്ത്യാനികളുടെ ജീവിതമാതൃകയല്ലേ പുറജാതികളുടെ മനസ്സുതിരിവിനു പ്രധാനകാരണമായിപ്പരിണമിച്ചതു്? ആഫ്റാ എന്നു പേരായ ഒരു സ്ത്രീ പാപത്തിൽ മുഴുകി ജീവിച്ചിരുന്നു. ഒരിക്കൽ പരിശുദ്ധനായിരുന്ന നാർഷിസസ് (Narcissus) മെത്രാനും ആറാംപട്ടക്കാരനായിരുന്ന അദ്ദേഹത്തിൻെറ സഹചാരിയുംകൂടി യാത്രാമദ്ധ്യേ അവളുടെ വീട്ടിൽ ഒരുദിവസം മുഴുവനും കഴിച്ചുകൂട്ടുവാനിടയായി. രാത്രി മുഴുവനും ഇവർ എപ്രകാരം പ്രാർത്ഥനയിലും സങ്കീർത്തനങ്ങൾ ആലപിക്കുന്നതിലും കഴിച്ചുകൂട്ടിയെന്നു കണ്ടറിഞ്ഞ ആ സ്ത്രീ ഉടനെ ആ മെത്രാൻെറ പാദത്തിൽ വീണു് തൻെറ പാപങ്ങൾ ഏററുപറഞ്ഞു് ഒരു പുതിയ ജീവിതം ആരംഭിച്ചു.

ശിഷ്ടന്മാർക്കുള്ള ഒരു പരീക്ഷണോപാധിയായിട്ടുമാണു് ദുഷ്ടന്മാർ ലോകത്തിൽ ജീവിക്കുന്നതു്. വി. അഗസ്റ്റിൻ പറയുന്നു: "ഓരോ ദുഷ്ടനും ജീവിക്കുന്നതു്, ഒന്നുകിൽ അവൻ സ്വയം മാനസാന്തരപ്പെടുവാൻവേണ്ടി, അല്ലെങ്കിൽ ശിഷ്ടൻ അവൻ വഴിയായി പരീക്ഷിക്കപ്പെടുവാൻവേണ്ടി, ആണു്." ദുഷ്ടന്മാർമററുള്ളവരെ ഒരിക്കലും സമാധാനമായിരിപ്പാൻ അനുവദിക്കയില്ല. മർദ്ദനങ്ങൾ, പ്രലോഭനങ്ങൾ, അപമാനങ്ങൾ എന്നിങ്ങനെ പല മാർഗ്ഗങ്ങളിലൂടെയും അവർ എല്ലായ്പ്പോഴും ഇതരന്മാരെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. അദ്ധ്യാത്മികജീവിതത്തിൽ മർദ്ദനം ഗുണവർദ്ധനമാണു്. ആദ്യത്തെ മൂന്നുറുകൊല്ലത്തെ മതമർദ്ദനകാലത്തു് ക്രിസ്ത്യാനികളുടെ മതതീക്ഷ്ണത ആളിക്കത്തിയിരുന്നില്ലേ? അന്നു ഓരോ ക്രൈസ്തവനും ഓരോ വിശുദ്ധനായിട്ടല്ലേ ജീവിച്ചതു്? ഇന്നും മതമർദ്ദനം നടമാടുന്ന രാജ്യങ്ങളിലല്ലേ സമാധാനമനുഭവിക്കുന്ന രാജ്യങ്ങളിലേക്കാൾ കൂടുതൽ വിശ്വാസചൈതന്യം പ്രകടമാകുന്നതു്? നല്ലവരുടെയിടയിൽ നന്നായി ജീവിക്കുവാൻ വിഷമമില്ല. എന്നാൽ ദുഷ്ടന്മാരുടെയിടയിൽ നന്നായി ജീവിക്കണമെങ്കിൽ, ആത്മധൈര്യവും വിശ്വാസസ്ഥൈര്യവും ആത്മനിയന്ത്രണവും കൂടിയേ കഴിയൂ. ശാന്തത, എളിമ, ക്ഷമ, ശത്രുസ്നേഹം, സൗമ്യത തുടങ്ങിയ പുണ്യങ്ങൾ പരിശീലിക്കുവാനുള്ള അവസരങ്ങൾ ദുഷ്ടന്മാരാണു നൽകുന്നതു്. കൂടുതൽ ക്ലേശിച്ചുകൊണ്ടു് പരിശീലിക്കപ്പെടുന്ന പുണ്യങ്ങൾക്കു കൂടുതൽ യോഗ്യതയും (Merit) ഉണ്ടായിരിക്കണം. "ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കയും, പീഡിപ്പിക്കയും നിങ്ങൾക്കു വിരോധമായി സകല ദുഷ്കാര്യങ്ങളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. അപ്പോൾ നിങ്ങൾ ആനന്ദിച്ചു സന്തോഷിക്കുവിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കും" (മത്താ. V, 11, 12).

(ജെ. ചെമ്മണ്ണൂർ)

---

പോലെ യൂദാസ് അങ്ങനെനിന്നു. അധികം താമസിച്ചില്ല; അവൻെറ ശരീരം ആ കയറിൻെറ അററത്തു തൂങ്ങി.

പിറേറദിവസം, ചത്തുവിറങ്ങലിച്ചു്, കണ്ണുതുറിച്ചു്, നാവും കുടലും പുറത്തായി മരത്തിന്മേൽ തൂങ്ങിക്കിടക്കുന്ന യൂദാസിൻെറ ശരീരം കാററത്തു് ആടിക്കൊണ്ടിരിക്കുന്നതു വഴിപോക്കർ കണ്ടു. ഗുരുദ്രോഹത്തിൻെറ വികൃതവും ഭയാനകവുമായിരുന്ന ഒരു ചിത്രമായിരുന്നു അതു്. അന്നു, സീയോൻെറ ഇരുഭാഗങ്ങളിലും നില്ക്കുന്ന രണ്ടു മരങ്ങൾ ചരിത്രം സൃഷ്ടിച്ചു. ഒന്നിന്മേൽ പ്രത്യാശയും മററതിന്മേൽ നിരാശയും ഫലമുണ്ടായി. ഒന്നു കാൽവരിയിൽ ക്രിസ്തുവിൻേറതു്; മററതു് എന്നാൻ താഴ്വരയിൽ യൂദാസിൻേറതു്. ക്രിസ്തു സ്വർഗ്ഗത്തേയും ഭൂമിയേയും കൂട്ടിയിണക്കി. അവൻ അവയെ വേർതിരിച്ചു. ഈ ദുരന്തമായിരുന്നുവോ യൂദാസിൻെറ അഭിലാഷത്തിൻെറ കേന്ദ്രം? ക്രിസ്തുവിനാൽ തന്നെ അഭിഷിക്തനായ ആ മെത്രാനു് ഇതിലും ഉന്നതമായ ഒരു സ്ഥാനത്തിനു് അർഹതയില്ലേ? ഉണ്ടു! ഭക്തിയുടെ ഉന്നതവിഷ്ടരത്തിൽ കയറിയിരിക്കാമായിരുന്ന സകല കഴിവുകളും അവനുണ്ടായിരുന്നു. അവൻെറ കൂടപ്പിറപ്പായ സ്വാതന്ത്ര്യത്തെ അവൻ വ്യഭിചരിച്ചു—ദൈവാനുഗ്രഹത്തെ ദുഷ്പ്രയോഗിച്ചു. അവനു വിശുദ്ധ യൂദാസായി ഉയരാം. പിശാചായി തരംതാഴാം. സ്വാഭാവികവും അതിസ്വാഭാവികവുമായ അനുഗ്രഹങ്ങളെ വിഗണിച്ചു സ്വാതന്ത്ര്യത്തെ ദുഷ്പ്രയോഗിച്ചാൽ ഏവരുടേയും ജീവിതം ഈ വിധം ദുരന്തമായി തകർന്നുപോകും. എന്നാൽ നമ്മുടെ അപരാധങ്ങൾ എത്രമാത്രം ഭയങ്കരങ്ങളാകട്ടെ, നമ്മുടെ കൃതഘ്നതയുടെ ആഴം നരകത്തോളം താണുപോകട്ടെ, പശ്ചാത്താപംകൊണ്ടു തകർന്ന ഒരു ഹൃദയം നമുക്കുണ്ടെങ്കിൽ ക്രിസ്തു ഇരുകരങ്ങളും നീട്ടി നമ്മെ ആശ്ലേഷിക്കുവാൻ വരുന്നതുകാണാം. അപ്പോൾ യൂദാസു് കേട്ട അതേ മധുരസ്വരം നമ്മുടെ കാതുകളിലും മുഴങ്ങും—"സ്നേഹിതാ".


# SEASIA BANK LIMITED
## H. O. ALLEPPEY

The Bank accepts short and long term deposits and makes advances against approved securities on favourable terms.

General Banking Business Transacted

O. Eapen Valakuzy,
(Managing Director)

A. C. Mathew, B. A., C. A. I. I. B
(Secretary)

P. M. Eapen, Bsc., B. L.,
(Agent, Manimala Br.)




നിയമസഭാസ്ഥാനാർത്ഥി: "പ്രിയപ്പെട്ട നാട്ടുകാരേ, ഞാൻ നിങ്ങൾക്കുവേണ്ടി എത്രമാത്രം യാതനകൾ അനുഭവിച്ചിട്ടുണ്ടെന്നറിയാമോ? സ്റ്റേറ്റുകോൺഗ്രസ്സു പ്രക്ഷോഭണകാലത്തു ലാത്തിച്ചാർജ്ജറു് എന്റെ എല്ലുകളെല്ലാം നുറുങ്ങീട്ടുള്ളതാണു്. നാലുപ്രാവശ്യം ഞാൻ ജയിലിൽ പോയിട്ടുണ്ടു്. പൊതുജനസേവനാർത്ഥമുള്ള എന്റെ പര്യടനവേളകളിൽ പലപ്പോഴും പരന്ന കരിമ്പാറകളായിരുന്നു എന്റെ ശയ്യാതലം; കൂർത്തുമൂർത്ത കാട്ടുകല്ലുകളായിരുന്നു എന്റെ തലയ്ക്കു താങ്ങായി ലഭിച്ച ഉപധാനം; ആകാശത്തട്ടായിരുന്നു എന്റെ ശയ്യാഗൃഹത്തിന്റെ മേൽക്കൂര. ഈദൃശമായ മഹാത്യാഗങ്ങളുടെ ഫലമായി എനിക്കു ചുമയും കുരയും ബാധിച്ചിരിക്കുന്നതിനെ നിങ്ങൾ കാണുന്നില്ലേ? ആകയാൽ നിങ്ങളുടെ വോട്ടുകളെല്ലാം എനിക്കു നല്കണമെന്നഭ്യർത്ഥിക്കുന്നു."

ശ്രോതാക്കളിലൊരാൾ: "താങ്കൾ ഞങ്ങൾക്കുവേണ്ടി ഇതിനകം ഇത്ര ബുദ്ധിമുട്ടിയിരിക്കുന്നതിനാൽ കൂടുതലായി ഒന്നും ചെയ്യേണ്ടതില്ല. കുറെനാൾ വിശ്രമിക്കുക. ഞങ്ങൾ മറ്റെയാൾക്കു് വോട്ടു ചെയ്തുകൊള്ളാം."

* * * *

ഡോക്ടർ: "നിങ്ങളുടെ നാഡിക്കൊരു പിശകുമില്ലല്ലോ. നാഴികമണിപോലെ അതു കൃത്യമായി അടിക്കുന്നുണ്ടു്."

രോഗി: "അതിൽ ആശ്ചര്യമില്ല. അങ്ങു് എന്റെ റിസ്റ്റ്‌വാച്ചിലാണു പിടിച്ചിരിക്കുന്നതു്."

* * *

"ഉള്ളസത്യം കോടതിയിൽ ബോധിപ്പിക്കുക. നിങ്ങൾക്കു് ഈ കുട എങ്ങനെ കിട്ടിയതാണു്?"

"എന്റെ ഏമാനന്മാരേ, ഇതു ആ സിമിത്തേരിയുടെ വാതിൽക്കൽ ഇരിക്കുന്നതു കണ്ടിട്ടു്, ഒടേക്കാരൻ മരിച്ചുപോയിരിക്കും എന്നു കരുതി ഞാൻ എടുത്തതേയുള്ളൂ."

* * *

ഭാഗവതർ: "കഴിഞ്ഞപ്രാവശ്യം എന്റെ മുടിവെട്ടിച്ചതു് ഇവിടെയല്ലെന്നുവരുമോ?"

ക്ഷുരകൻ: "അറിഞ്ഞുകൂടാ. ഞങ്ങളിവിടെ വന്നിട്ടു് ഒരുകൊല്ലമേ ആയുള്ളൂ."

——

പുസ്തകാഭിപ്രായം

## പ്രായോഗിക മിശിഹാനുകരണം

[സെന്റ് ജോസഫ്സ് ഐ. എസ്. പ്രസ്സ്, ഏൽത്തുരുത്തു്. പക്ഷം IV + 255 വില 1 രൂപ.]

ഈ ഗ്രന്ഥം ക്രിസ്ത്വാനുകരണത്തിന്റെ (Imitation of Christ) ഒരു പുതിയ തർജ്ജിമയായിരിക്കാം എന്ന ധാരണയോടുകൂടിയാണു് നിരൂപകനിതു കൈയിലെടുത്തതു്. തുറന്നു വായിച്ചു തുടങ്ങിയപ്പോഴാണു മനസ്സിലാകുന്നതു്, സ്പെയിനിലെ ഗബ്രിയേൽ പലാവു് എന്ന ഈശോസഭാവൈദികനാൽ ഉദ്ദേശം നാല്പത്തഞ്ചുകൊല്ലംമുമ്പു് വിരചിതമായ "കത്തോലിക്കാപ്രവർത്തനം" എന്ന കൃതിയുടെ വിവർത്തനമാണു് ഇതെന്നു്. പ്രസ്തുത ഗ്രന്ഥം തന്നെ ശ്രീ ഐ. സി. ചാക്കോ പരിഭാഷപ്പെടുത്തി 1912-ൽ മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സിൽനിന്നും "കത്തോലിക്കാപരിശ്രമം" എന്ന പേരിൽ പ്രസിദ്ധംചെയ്തിട്ടുള്ളതാണു്. ആ വസ്തുത അറിയാതെയാണു് ഈ പരിഭാഷയുടെ കർത്താവു് തൽകൃത്യം നിർവ്വഹിച്ചതെന്നു തോന്നുന്നു. പക്ഷെ, "കത്തോലിക്കാപരിശ്രമം" ഇപ്പോൾ വാങ്ങിക്കാൻ കിട്ടാത്ത സ്ഥിതിക്കു് ഈ നവീനകൃതി തികച്ചും സ്വാഗതാർഹമായിരിക്കുന്നു. പരിഭാഷകന്റെ പേർ ഗ്രന്ഥത്തിൽ കൊടുത്തിട്ടില്ലെങ്കിലും, അദ്ദേഹം സർവ്വകലാശാലാബിരുദധാരിയും പണ്ഡിതനും പല ഗ്രന്ഥങ്ങളുടെ കർത്താവുമായ ഒരു യുവാവാണെന്നു നിരൂപകനറിയാം. ഗ്രന്ഥത്തിലെ തത്വോപദേശങ്ങൾ പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുന്ന ഒരാളാണു് അദ്ദേഹമെന്നതും പ്രസ്താവ്യമത്രെ.

ആകെ 70 അദ്ധ്യായങ്ങളുണ്ടു് ഈ കൃതിയിൽ. അവ, "തിന്മയിൽനിന്നകലുക", "നന്മചെയ്യുക", "സമാധാനം അന്വേഷിക്കുക" എന്ന ശീർഷകത്തിലുള്ള മൂന്നു "പുസ്തകങ്ങൾ" (ഭാഗങ്ങൾ) ആയിത്തിരിച്ചിരിക്കയാണു്. പ്രതിപാദനരീതി ഏറെക്കുറെ ക്രിസ്ത്വാനുകരണത്തിലേതുതന്നെ. കത്തോലിക്കാപ്രവർത്തനത്തിലും ഇതരസാമൂഹിക പരിശ്രമങ്ങളിലും ഏർപ്പെടുന്നവരുടെ അനുദിനജീവിതം എങ്ങനെ മിശിഹായുടെ ആദർശങ്ങൾക്കു് അനുരൂപമാക്കിത്തീർക്കണമെന്നറിയേണ്ടതിനു് ഈ ഗ്രന്ഥം വായിച്ചാൽമതി. അവരുടെ സർവ്വപ്രധാനമായ കർത്തവ്യവും അവരുടെ പരിയത്നങ്ങൾ ഫലപ്രദമാക്കുന്നതിനുള്ള മാർഗ്ഗവും സ്വയവിശുദ്ധീകരണമാണെന്ന വസ്തുത വിസ്മരിക്കാവതല്ല. ആകയാൽ എല്ലാ ഇടവകകളിലും ഈ ഗ്രന്ഥം പ്രചരിക്കേണ്ടതാണു്. എല്ലാ ഭക്തസംഘങ്ങളുടേയും വായനശാലകളിലും എല്ലാ ക്രിസ്തീയഭവനങ്ങളിലും ഇതിനു പ്രവേശനം ലഭിക്കേണ്ടതാണു്. ക്രിസ്തുവിന്റെ ജീവിതം അനുകരിക്കയും അവിടുത്തെ സന്ദേശം മറ്റുള്ളവരെ അറിയിക്കയും ചെയ്യേണ്ടവനായ ഏതൊരു ക്രിസ്ത്യാനിയുടെ കൈയിലും ഇതിന്റെ ഒരു പ്രതി ഉണ്ടായിരിക്കേണ്ടതുമാണു്. വിവർത്തനത്തിലെ ഭാഷ ലളിതവും ആകർഷകവുമായിരിക്കുന്നു. ഭംഗിയായി കാലിക്കൊകൊണ്ടു് ബയന്റു് ചെയ്തിരിക്കുന്നതും 260-ഓളം പേജുകൾ (ഒക്റ്റാവൊ) ഉള്ളതുമായ ഈ പുസ്തകത്തിനു് ഒരു രൂപമാത്രമേ വിലവച്ചിട്ടുള്ളൂ എന്നതിൽനിന്നു പ്രസാധകർ ഇതിന്റെ പ്രസിദ്ധീകരണം സ്നേഹാത്മകമായ ഒരു സേവനമായിട്ടാണു് പരിഗണിച്ചിരിക്കുന്നതെന്നു തെളിയുന്നുണ്ടു്. ഗ്രന്ഥകാരനും പ്രസാധകർക്കും ഹാർദ്ദമായ അനുമോദനങ്ങൾ.

——

## ചോദ്യോത്തരപംക്തി

**ചോ:** മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതിനാൽ ഒരു കത്തോലിക്കനെ സംബന്ധിച്ചിടത്തോളം നവമായ എന്തെങ്കിലും കർത്തവ്യം സംജാതമായിട്ടുണ്ടോ?

**ഉ:** മാതാവിന്റെ സ്വർഗ്ഗാരോപണം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഒരു വിശ്വാസസത്യമായി സ്വീകരിക്കുവാൻ അവൻ നിർബന്ധിതനായിരിക്കുന്നു. അവനതു നിഷേധിക്കുന്നപക്ഷം അവൻ "ഇടത്തൂട്" (Heresy) എന്ന മഹാപാപത്തിൽ ഉൾപ്പെടുന്നു. സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെടുന്നതിനുമുമ്പു് അവനതു നിഷേധിക്കയാണെങ്കിൽ നിഷ്കൃഷ്ടാർത്ഥത്തിൽ, ഇപ്പോഴത്തേതുപോലെ, അവനൊരു ഇടത്തൂട്ടുകാരനായി ഭവിക്കയില്ലായിരുന്നു. എന്നുവരികിലും ഈ വിശ്വാസം ശ്ലൈഹികകാലംമുതൽ സഭയിൽ നിലവിലിരുന്നതും ക്രിസ്ത്യാനികൾ സ്വീകരിച്ചിരുന്നതുമായിരുന്നതുകൊണ്ടു, പ്രഖ്യാപനത്തിനുമുമ്പും അവനതു നിഷേധിച്ചിരുന്നെങ്കിൽ സഭയിലെ പൊതുവിശ്വാസത്തെ അപേക്ഷിച്ചു് സ്വന്തം അഭിപ്രായത്തിനു കൂടുതൽ പ്രാമാണ്യം കല്പിക്കുകയായിരിക്കും അവൻ ചെയ്യുമായിരുന്നതു്. തൽകാരണത്താൽ അവൻ ഗൗരവമായ പാപത്തിൽ ഉൾപ്പെടുകയും ചെയ്യുമായിരുന്നു. ആ പാപത്തെ നിഷ്കൃഷ്ടാർത്ഥത്തിൽ 'ഇടത്തൂട്' എന്നു സംബോധനചെയ്തുകൂടായെങ്കിലും "ഇടത്തൂടിനു് അടുത്തുവരുന്ന" (Heresi proxima) ഒരപരാധം തന്നെയായിരിക്കുമതു്. കാരണം, മാതാവിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി അന്നു പ്രഖ്യാപിക്കപ്പെട്ടിരുന്നില്ലെങ്കിലും, പ്രഖ്യാപിതമായ ഒരു വിശ്വാസസത്യത്തിനനുഗുണമായ സ്ഥാനം (Fidei proxima) അതിനുണ്ടായിരുന്നു. എന്നാൽ ഇന്നാകട്ടെ, എല്ലാവിധ സംശയങ്ങളേയും ദൂരീകരിക്കുമാറു്, അപ്രമാദിതയുള്ള കത്തോലിക്കാതിരുസഭ, പ്രസ്തുത വസ്തുത ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതും കത്തോലിക്കർ അവശ്യം സ്വീകരിക്കേണ്ടതുമായ ഒരു വിശ്വാസസത്യമാണെന്നു "വിധിക്കുകയും പ്രഖ്യാപിക്കുകയും അദ്ധ്യവസാനംചെയ്യുകയും" ചെയ്തിരിക്കുന്നു. ആകയാൽ അതിനെ നിഷേധിക്കുന്നവൻ തീർച്ചയായും ഇടത്തൂട്ടുകാരനായി ഭവിക്കുന്നു.

**ചോ:** മുമ്പൊരു "സത്യ"മല്ലായിരുന്നതു ഇപ്പോഴൊരു "സത്യ"മായിപ്പരിണമിച്ചുവെന്നല്ലേ ഈ പ്രഖ്യാപനത്തിന്റെ അർത്ഥം?

**ഉ:** വസ്തുസ്ഥിതമായ (Objective) സത്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു മാറ്റവും ഈ പ്രഖ്യാപനംവഴി ഉണ്ടായിട്ടില്ല. പരിശുദ്ധ കന്യകാമറിയം തന്റെ ഐഹികജീവിതത്തിനുശേഷം ശരീരത്തോടും ആത്മാവോടുംകൂടി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടുവെന്നതാണു് വസ്തുസ്ഥിതമായ സത്യം, അഥവാ യഥാർത്ഥവസ്തുത. അതു സംബന്ധമായി നമുക്കുള്ള ഉറപ്പിലും, അതു സ്വീകരിക്കാൻ നമുക്കുള്ള കടമയിലുമാണു വ്യതിയാനം സംഭവിച്ചിട്ടുള്ളതു്, വളർച്ചയുണ്ടായിട്ടുള്ളതു്. അപ്രമാദയായ സഭയുടെ പ്രഖ്യാപനംവഴി "സ്വർഗ്ഗാരോപണ"ത്തിന്റെ യാഥാർത്ഥ്യത്തിൽ നമുക്കു ഏറ്റവും ദൃഢമായ ബോദ്ധ്യമുളവായിരിക്കുന്നു. ഈ വിശ്വാസസത്യത്തെ നിഷേധിക്കുന്നവൻ ഒരു പാഷണ്ഡകൻ (Heretic) ആയി പരിഗണിക്കപ്പെടുമെന്ന കാരണത്താൽ, അതു ഏറ്റുപറവാൻ നമുക്കുള്ള കടമയും പൂർവ്വോപരിസ്പഷ്ടമായിരിക്കുന്നു.

——

Tel { grams: Asylum Workshops, Mangalore
phone: 163

CHARITABLE INSTITUTION
Established in 1889

XMAS XMAS



Get in time your requirements of Crib Statues. Buy artistic Crib Sets (each set comprising 18 figures) manufactured in various sizes by

ST. JOSEPH'S ASYLUM INDUSTRIAL WORKSHOPS.
MODELLING, PAINTING & MARBLE DEPT.
KANKANADY P. O., MANGALORE

Suppliers of Religious Statues, Busts, Baptismal Fonts in terra-cotta, Plaster of Paris, cement and wood. Altars, Monuments, Memorial Tablets, railings, Table tops, etc. in white Carrara marble or reinforced marble composition.
Enquiries solicited

## മാതാവിന്റെ കരേറ്റം

### വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടു

"എന്നും കന്യകയും ദൈവത്തിന്റെ അമലോത്ഭവമാതാവുമായ മറിയം തന്റെ ഐഹികജീവിതത്തിനുശേഷം ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗ്ഗീയമഹത്വത്തിലേക്കു് എടുക്കപ്പെട്ടുവെന്നതു ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട ഒരു വിശ്വാസസത്യമാണെന്നു നാം വിധിക്കുകയും പ്രഖ്യാപിക്കുകയും അദ്ധ്യവസാനം ചെയ്യുകയും ചെയ്യുന്നു" എന്നു പരിശുദ്ധപിതാവു് ഇക്കഴിഞ്ഞ നവംബർ 1-ാംനു പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഇൻഡ്യൻ സമയം ഉച്ചകഴിഞ്ഞു 2. 10 നു് "സ്രഷ്ടാവായ റൂഹായേ എഴുന്നള്ളിവരിക" (Veni creator spiritus) എന്ന സ്തോത്രഗീതം ആരംഭിച്ചു. പ്രഖ്യാപനം നടന്നതു് 2. 15 നാണു്. റേഡിയോയിൽ ഇവയെല്ലാം വ്യക്തമായി കേൾക്കാമായിരുന്നു. പ്രഖ്യാപനകർമ്മം നടന്നതു സെന്റ് പീറ്റേഴ്സ് ബസ്സിലിക്കായുടെ അങ്കണത്തിൽവച്ചാണു്. തൽസമയം ബസ്സിലിക്കായുടെ ഗോപുരത്തിൽനിന്നു 1000 മാടപ്രാവുകളെ തുറന്നുവിടുകയുണ്ടായി. ഇൻഡ്യൻ സമയം 2.20നു തെദേവും ആലപിക്കപ്പെട്ടു. 2. 47 നാണു് പരിശുദ്ധപിതാവു് റോമിൽ സന്നിഹിതരായിരുന്നവർക്കും റേഡിയോ വഴി തിരുമനസ്സിലെ സന്ദേശം ശ്രവിച്ചിരുന്നവർക്കുമായി തന്റെ അപ്പസ്തോലികാശീർവ്വാദം നല്കിയതു്. തുടർന്നു റോമിലെ മണികളെല്ലാം സന്തോഷസൂചകമായി ഒരുമിച്ചടിച്ചുകൊണ്ടു് വിശ്വാസസത്യപ്രഖ്യാപനത്തെ ദിക്കെങ്ങും വിളംബരം ചെയ്തു. തദനന്തരം വിവിധഭാഷകളിലുള്ള സംഗീതങ്ങളും ആഘോഷമായ പൊന്തിഫിക്കൽ കുർബാനയും നടന്നു. സ്വർഗ്ഗാരോപണ വിശ്വാസസത്യ പ്രഖ്യാപനം സംബന്ധിച്ചു് പരിശുദ്ധ പിതാവു് 6000 വാക്കുകളടങ്ങിയ ഒരു ബൂള പ്രസിദ്ധംചെയ്തിട്ടുണ്ടു്. അതിലെ പ്രധാന ഭാഗങ്ങൾ പ്രഖ്യാപനാവസരത്തിൽ തിരുമനസ്സുകൊണ്ടു് വായിക്കയുണ്ടായി. [ബൂളയുടെ തർജ്ജിമ പിന്നീടു് പ്രസിദ്ധം ചെയ്യുന്നതാണു്.]

## വിവാഹം

തിരു-കൊച്ചി ഗവമ്മെന്റിലെ റവന്യൂ ബോർഡു് അംഗമായ റാവുസാഹിബ് സി. ജെ. മാത്യു അവർകളുടെ പുത്രി ശ്രീമതി അമ്മണിയും പുളിങ്കുന്നു് ഇടവക മി. ജോസഫ് മാത്യു വാച്ചാപറമ്പിൽ അവർകളുടെ പുത്രൻ ശ്രീ അന്തോണിച്ചനും തമ്മിലുള്ള വിവാഹം നവംബർ 6-ാംനു എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു് നടന്നിരിക്കുന്നു. മെത്രാപ്പോലീത്താ തിരുമേനിയാണു് വിവാഹം ആശീർവ്വദിച്ചതു്. തദവസരത്തിൽ തിരുവല്ലാമെത്രാൻ മാർ സെവേരിയോസ് തിരുമേനി, റൈറ്റ് റവ. മോൺ. മാത്യു പോത്തനാമൂഴി, റൈറ്റ് റവ. മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ, റൈറ്റ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു് മുതലായ വൈദികപ്രമുഖന്മാരും എറണാകുളം, വരാപ്പുഴ, തൃശ്ശൂർ, ചങ്ങനാശേരി, തിരുവല്ല എന്നീ അതിരൂപതകളിലും രൂപതകളിലുംപെട്ട മറ്റു പല വൈദികരും സന്നിഹിതരായിരുന്നു. വിവാഹകർമ്മത്തിനുശേഷം മാർ സെവേരിയോസ് തിരുമേനി പൊന്തിഫിക്കൽ കുർബാനയർപ്പിക്കുകയും റവ. ഫാദർ വാച്ചാപറമ്പിൽ പ്രഭാഷണം നടത്തുകയുമുണ്ടായി.

—സെൻട്രൽ എക്സൈസ് ഇൻസ്പെക്ടർ മി. സി. എസ്. ഡിസൂസായുടെ പുത്രി ശ്രീമതി മേരി എഡ്നായും ബർമ്മായിലെ ജയിൽ സൂപ്രണ്ടായിരുന്ന മി. എ. ആർ. ഗോമസിന്റെ പുത്രൻ മി. എറിക്കു് ഗോമസും തിലുള്ള വിവാഹം ഒക്ടോബർ 31-ാംനു പാളയം പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

—എറണാകുളം സെന്റ് ആന്റണീസ് ബേക്കറിമാനേജർ ശ്രീ വി. ജെ. ജോസഫിന്റെ പുത്രൻ മി. ജോസഫും മാന്നാനം, പണ്ടാരപ്പള്ളിൽ ശ്രീ വക്കിയുടെ മകൾ ശ്രീമതി മറിയമ്മയും തമ്മിലുള്ള വിവാഹം ഒക്ടോബർ 30-ാംനു മുത്തോലികരിശുപള്ളിയിൽവച്ചു നടന്നിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ മോൺസിഞ്ഞോർ ജേക്കബ് തട്ടുവഞ്ഞൂരേരി

റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി, ബി. എ

Vol. 24 ‖ ERNAKULAM. NOVEMBER 8, 1950 ‖ No. 12


# അദ്ധ്യാപകപണിമുടക്കം

## പ്രസിഡൻറിൻെറ വിശദീകരണവും

"എന്തുകൊണ്ടു് അദ്ധ്യാപകർ പണിമുടക്കുന്നു?" എന്ന തലക്കെട്ടിൽ, അഖിലതിരുവിതാംകൂർ പ്രൈവററ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകസംഘം പ്രസിഡൻറ് മിസ്റ്റർ കെ. സി. സെബാസ്റ്റ്യൻ ഇംഗ്ലീഷിൽ എഴുതി അച്ചടിച്ച ലഘുലേഖയുടെ ഒരു പ്രതി ഞങ്ങൾക്കു കിട്ടി. അദ്ധ്യാപകരുടെ അവശതകളിലുള്ള അനുകമ്പയോടും, അവ പരിഹരിച്ചുകാണുവാനുള്ള ആഗ്രഹത്തോടുംകൂടി അതു വായിച്ചപ്പോൾ അദ്ധ്യാപകർ സ്വീകരിച്ചിരിക്കുന്ന പണിമുടക്കസമരത്തിൽ അതിയായ ഖേദം ഞങ്ങൾക്കുണ്ടായി.

ലഘുലേഖയുടെ ആരംഭത്തിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്: "പണിമുടക്കുവാനുള്ള ഈ തീരുമാനം 1950 ജനുവരിയിൽത്തന്നെ സ്വീകരിച്ചിട്ടുള്ളതാണ്. അദ്ധ്യാപകന്മാർ അവരുടെ അവശതകൾ പരിഹരിച്ചുകിട്ടുവാൻ എന്തു നടപടി സ്വീകരിക്കുമെന്നുള്ളതിൽ മാനേജർമാർ പൊതുവിൽ അപ്പോൾ അലക്ഷ്യതയുള്ളവരായിരുന്നു. കൂടുതൽ താമസംകൂടാതെ ഞങ്ങളുടെ അവശതകൾ പരിഹരിക്കാമെന്നുള്ള ഖണ്ഡിതമായ വാഗ്ദാനം ഗവമ്മെൻറ് ചെയ്യാതിരുന്നെങ്കിൽ, നിശ്ചയിച്ചിരുന്നപോലെ ജൂലൈ 6-ാംനു- പണിമുടക്കപരിപാടി പ്രയോഗത്തിൽ വരുത്തുമായിരുന്നു. ആഗസ്റ്റ് 12-ാംനു-യിലെ ത്രികക്ഷിസമ്മേളനത്തിൽ ഗവമ്മെൻറ് നല്കിയതും, ചർച്ചചെയ്തു സ്വീകരിക്കപ്പെട്ടതുമായ നിർദ്ദേശങ്ങൾ വഴിയായി തങ്ങളുടെ വാഗ്ദാനം ഗവമ്മെൻറ് പാലിച്ചു. എന്നാൽ അതിനുശേഷം, ഗവമ്മെൻറിൻെറ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനെതിരായി മാനേജമെൻറിൽ ഒരു വിഭാഗം സുശക്തമായ പ്രചരണം നടത്തിക്കൊണ്ടുപോരികയാണ്. അവ നടപ്പിൽ വരുത്തുന്നതു് പ്രൈവററ് സ്കൂളുകളുടെ താല്പര്യങ്ങൾക്കു ഹാനികരമായിരിക്കുമെന്നതാണ് അതിനു പറയുന്ന കാരണം." ലഘുലേഖയിലെ ഈ പ്രാരംഭവാക്യങ്ങളിൽനിന്നു കാണാം, പണിമുടക്കിൻെറ ഉത്തരവാദിത്വം അദ്ധ്യാപകസംഘം പ്രസിഡൻറ് ആരോപിക്കുന്നതു് പുതിയ പദ്ധതി സ്വീകരിക്കാത്ത മാനേജുമെൻറുകളുടെപേരിലാണെന്നു്.

പണിമുടക്കു പ്രസ്തുത മാനേജുമെൻറുകൾക്കെതിരായിട്ടാണെന്നു് (പ്രത്യക്ഷത്തിൽ നിഷേധിക്കുന്നെങ്കിലും) പരോക്ഷമായി ലഘുലേഖയിൽ സമ്മതിച്ചുകാണുന്നു. അദ്ധ്യാപകരുടെ ദുരിതാനുഭവങ്ങളിൽ മാനേജർമാർക്കുള്ള അലക്ഷ്യതയെ രണ്ടുമൂന്നു പക്ഷങ്ങൾ നിറയെ വിവരിച്ചശേഷം ഇപ്രകാരം തുടരുന്നു:- "അവർ (മാനേജർമാർ) കഴിഞ്ഞകാലങ്ങളിൽ അദ്ധ്യാപകരെ സഹായിക്കുവാൻ ഒന്നും ചെയ്തിട്ടില്ലാതിരിക്കെ, കൂടുതലായി എന്തെങ്കിലും അവർ ചെയ്യുമെന്നു് അദ്ധ്യാപകന്മാർ ഇപ്പോൾ വിശ്വസിക്കണമെന്നു മാനേജർമാർക്കു പ്രതീക്ഷിക്കാൻ കഴിയുന്നതെങ്ങനെ? തന്മൂലം അദ്ധ്യാപകൻ സ്വയം സഹായിക്കേണ്ടിയിരിക്കുന്നു. ജീവിതസമരത്തിൽ അടിപെട്ടുപോകാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, സ്വന്തം അവകാശങ്ങൾക്കായി അവൻ സമരംചെയ്യണം. അവൻെറ സമരം അവനു കിട്ടേണ്ടതു് അന്യായമായി പിടിച്ചുവെച്ചിരിക്കുന്നവർക്കു് എതിരായിട്ടാണ്." പണിമുടക്കു പുതിയപദ്ധതി സ്വീകരിക്കാത്ത മാനേജമെൻറുകൾക്കെതിരായിട്ടാണെന്നു് സ്പഷ്ടമാണല്ലോ.

അനന്തരം പുതിയ പദ്ധതിയിൽ മാനേജർമാർ എതിർക്കുന്ന കാര്യങ്ങളിലേക്കു കടന്നുകൊണ്ടു് ഇപ്രകാരം ചോദിക്കുന്നു: "ഈ പദ്ധതിയിൽ എവിടെയാണ് അപാകത? അദ്ധ്യാപകനിയമനത്തിൽ തങ്ങൾക്കു പരിപൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നുറപ്പുകിട്ടിയാൽ പദ്ധതി സ്വീകരിക്കുവാൻ തങ്ങൾ തയാറാണെന്നുള്ള ഭാവമാണ് മാനേജമെൻറുകളിൽ ഇതുവരെ കണ്ടതു്. ആ ഉറപ്പു മന്ത്രി ഇപ്പോൾ കൊടുത്തുകഴിഞ്ഞു. എന്നിട്ടും അവർ സംതൃപ്തരായിക്കാണുന്നില്ല. അവരുടെ യഥാർത്ഥമായ എതിർപ്പ് ഫീസ്‌വരവ് സൊരുമിച്ചുകൂട്ടുന്നതിനോടാണ്........ പദ്ധതിയുടെ അടിസ്ഥാനാശയങ്ങൾ ഫെബ്രുവരി 8-ാം തീയതി സെക്രട്ടറിയേററിൽ നടന്ന ത്രികക്ഷിസമ്മേളനത്തിൽ ചർച്ചചെയ്യപ്പെടുകയും സമ്മതിക്കപ്പെടുകയും ചെയ്തിരുന്നു........ ഫീസു സൊരുമിച്ചു കൂട്ടണമെന്നും അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിനും അവർക്കു ലൈസൻസുകൊടുക്കുന്നതിനും ഒരു ബോർഡു് ഉണ്ടായിരിക്കണമെന്നുമുള്ള ആശയം അന്നു സ്വീകാര്യമായിരുന്നെങ്കിൽ. അവ എന്തുകൊണ്ടു് ഇപ്പോൾ സ്വീകാര്യമല്ല?" ഈ ചോദ്യങ്ങളിൽനിന്നു മനസ്സിലാകുന്നതു്, പുതിയ പദ്ധതിയിൽ ഫീസ് വരവിൻെറ കാര്യവും അദ്ധ്യാപകനിയമനകാര്യവും മാനേജ്മെൻറുകൾക്കു തൃപ്തികരമല്ലാത്തതിൻെറ ശരിയായ കാരണങ്ങൾ അദ്ധ്യാപകസംഘം പ്രസിഡൻറ് വേണ്ടവിധം ഗ്രഹിച്ചിട്ടില്ലെന്നാണ്. ഒക്ടോബർ 14-ാംനു- കോട്ടയം വൈ. എം. സി. എ യിൽവച്ചു നടന്നതും പ്രത്യക്ഷസമരപ്രമേയം പാസാക്കിയതുമായ അദ്ധ്യാപകസമ്മേളനത്തിൻെറ ആരംഭത്തിൽ അദ്ധ്യക്ഷൻ ചെയ്ത പ്രസംഗത്തിൽ പ്രകാശിപ്പിക്കപ്പെട്ട ആശയങ്ങൾ ഈ അനുമാനത്തെ സ്ഥിരീകരിക്കുകയും ചെയ്യുന്നു. ആകയാൽ പ്രസ്തുതാശയങ്ങൾ ചുവടെ ഉദ്ധരിക്കുകയും അവയെ വിമർശിക്കുകയും ചെയ്തുകൊള്ളുന്നു.

### പണമെടുക്കാൻ ഗവമ്മെൻറ് സമ്മതിച്ചോ?

"ഗവമ്മെൻറിൻെറയും മാനേജ്മെൻറിൻെറയും പിൻതുണയോടും സഹകരണത്തോടുംകൂടി അവശതകൾ പരിഹരിച്ചു നല്കണമെന്നു് അദ്ധ്യാപകർ ആവശ്യപ്പെട്ടു. അങ്ങനെ ഗവമ്മെൻറ് ഒരു പദ്ധതി ആസൂത്രണം ചെയ്തു. അതിനാവശ്യമായ പണം എടുക്കാൻ ഗവമ്മെൻറു സമ്മതിച്ചു" എന്നു് അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നു. പണം എവിടെനിന്നെടുക്കാനെന്നും, എങ്ങനെയെടുക്കാനെന്നുമുള്ള പ്രധാനസംഗതി പ്രസംഗത്തിൽ വിട്ടുകളഞ്ഞിരിക്കുകയാണ്. ഗവമ്മെൻറുസ്കൂളുകളെപ്പോലെതന്നെ മാനേജ്മെൻറുസ്കൂളുകളും രാജ്യത്തിലെ വിദ്യാഭ്യാസത്തിൻെറ ആവശ്യം നിവ്വഹിക്കുകയാണ്. അതു നിവ്വഹിക്കുവാനുള്ള ചുമതല ഗവമ്മെൻറിൻേറതാകുന്നു. ആ ചുമതല നിവ്വഹിക്കുന്നതിൽ മാനേജ്മെൻറ് സ്കൂളുകൾ ഗവമ്മെൻറിനെ സഹായിക്കുകയാണ് ചെയ്യുന്നതു്. മാനേജ്മെൻറ്സ്കൂളുകൾ ഇല്ലായിരുന്നെങ്കിൽ ഇന്നുള്ള വിദ്യാഭ്യാസനില ഇവിടെ ഉണ്ടാകുമായിരുന്നില്ല. ആ നില ഉണ്ടാകുവാൻ മാനേജ്മെൻറുകളെ കൂടാതെയാണു ശ്രമിച്ചിരുന്നതെങ്കിൽ ഇപ്പോൾ ചിലവാകുന്നതിൻെറ അനേകമിരട്ടി പണം ഗവമ്മെൻറു ചിലവാക്കേണ്ടിവന്നേനെ. ഇതിനു തെളിവു്, 123-ലെ ഭരണറിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി അദ്ധ്യാപകസംഘപ്രസിദ്ധീകരണക്കമ്മിററിയിൽനിന്നു തയ്യാറാക്കിയ സ്റ്റേററുമെൻറിലെ കണക്കുതന്നെയാണ്. സെക്കൻററി സ്കൂളിൽ രണ്ടു ലക്ഷത്തോളം വിദ്യാത്ഥികളുണ്ടു്. അവരിൽ ഒന്നേകാൽ ലക്ഷത്തിനുമേൽ (70 ശതമാനം) പ്രൈവററുസ്കൂളുകളിൽ പഠിക്കുന്നു. ഗവമ്മെൻറ്സ്കൂളിലെ ഒരു വിദ്യാത്ഥിക്കുവേണ്ടി 19 രൂപാ ഒന്നരയണ ഗവമ്മെൻറ് ആണ്ടിനാൽ ചിലവാക്കുമ്പോൾ പ്രൈവററുസ്കൂളിലെ ഒരു വിദ്യാത്ഥിക്കു ഏകദേശം ഒരണമാത്രമാണ് ഗവമ്മെൻറു ആണ്ടിൽ ചിലവാക്കുന്നതു്. ഗവമ്മെൻറുസ്കൂളിലെ തോതിൽ പ്രൈവററുസ്കൂളിലെ വിദ്യാത്ഥികൾക്കുവേണ്ടി ഗവമ്മെൻറുപണംചിലവാക്കുകയാണെങ്കിൽ അനേകലക്ഷം രൂപാ വേണ്ടിവരുമെന്നു സ്പഷ്ടം. ആകയാൽ പ്രൈവററുസ്കൂളുകളുടെ സേവനം ഗവമ്മെൻറിനു എത്രമാത്രം ആദായകരമാണെന്നു കാണാം. പ്രൈവററുസ്കൂളിലെ അദ്ധ്യാപകന്മാർക്കു പുതിയ പദ്ധതിയിലെ തോതനുസരിച്ചു ശമ്പളം കൊടുത്താലും ഗവമ്മെൻറിനു ആദായമാണുണ്ടാകുക. തന്മൂലം പുതിയ പദ്ധതിയനുസരിച്ചു അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കാനുള്ള പണം ഗവമ്മെൻറ് എടുക്കുകയാണെന്നു പറയുന്നതിൽ അർദ്ധസത്യവും ആശയക്കുഴപ്പവും അടങ്ങിയിട്ടുണ്ടു്.

### മാനേജ്മെൻറുകളെ സഹായിക്കുകയല്ല, അപഹരിക്കുകയാണ്

വിദ്യാപ്രചാരണത്തിൽ തങ്ങളെ ധനപരമായിത്തന്നെയും ഇങ്ങനെ സഹായിക്കുന്ന മാനേജമെൻറുകളെ ഗവമ്മെൻറ് ഉദാരമായ ധനസഹായത്താലും അധികാരസൗകര്യങ്ങളാലും പ്രോത്സാഹിപ്പിക്കുകയാണാവശ്യം. എന്നാൽ പുതിയ പദ്ധതിയിൽ മാനേജ്മെൻറുസ്കൂളുകളെ ധനംകൊണ്ടു സഹായിക്കുന്നതിനു പകരം അവരോടു് അപഹരണം പ്രയോഗിക്കുവാൻ ഗവമ്മെൻറ് പുറപ്പെട്ടിരിക്കുകയാണ്. ഫീസിൻെറ 80 ശതമാനം ഓരോ മാനേജ്മെൻറുസ്കൂളുകളും ട്രഷറിയിൽ അടയ്ക്കണമെന്നും, അവയെല്ലാം സൊരുമിച്ചുകൂട്ടണമെന്നും, അതിൻെറ ആകെത്തുകകഴിച്ചു പോരാതെ വരുന്നതു മാത്രമേ ഗവമ്മെൻറിൽനിന്നെടുത്തു് അദ്ധ്യാപകശമ്പളത്തിനായി ചിലവാക്കുകയുള്ളുവെന്നും ഉള്ള പുതിയ പദ്ധതിയിലെ നിശ്ചയം അപഹരണമല്ലയോ? ഫീസായി പിരിയുന്നതുക സ്കൂൾ ഏർപ്പെടുത്തി നടത്തുന്നവരുടെ വകയാണ്. ഗവമ്മെൻറ് സ്ഥലംവാങ്ങി കെട്ടിടംപണിയിച്ചു്, സാധനസാമഗ്രികളുണ്ടാക്കി, അദ്ധ്യാപകരെ നിയമിച്ചു സ്കൂൾ നടത്തുമ്പോൾ അതിൽ പിരിയുന്ന ഫീസ്, ഗവമ്മെൻറ് വിദ്യാത്ഥികൾക്കു നേരിട്ടു നൽകുന്ന വിദ്യാഭ്യാസസേവനത്തിൻെറ പ്രതിഫലമാകയാൽ, ഗവമ്മെൻറിൻെറ വകയാണ്. പ്രൈവററ് ഏജൻസികൾ സ്ഥലം വാങ്ങി കെട്ടിടം പണിയിച്ചു്. സാധനസാമഗ്രികൾ ഉണ്ടാക്കി, അംഗീകൃതരായ അദ്ധ്യാപകരെ നിയമിച്ചു സ്കൂൾ നടത്തുമ്പോൾ അതിൽ പിരിയുന്ന ഫീസു് അതിൻെറ വിദ്യാഭ്യാസസേവനത്തിൻെറ പ്രതിഫലമായി അതിലെ വിദ്യാത്ഥികൾ കൊടുക്കുന്നതാകയാൽ. അതിൻെറവകയാണ്. ആ പണം സൂക്ഷിക്കുവാനും കൈകാര്യം ചെയ്യാനുമുള്ള അവകാശം ആ സ്കൂളിൻെറ ചുമതലവഹിക്കുന്ന മാനേജമെൻറിനാണ്. അവരോടു് ആ പണം മുഴുവനുമോ അതിൻെറ ഏതെങ്കിലും അംശമോ സക്കാർട്രഷറിയിൽ അടയ്ക്കണമെന്നു് ആരെങ്കിലും. ഗവമ്മെൻറുതന്നെയും, ആവശ്യപ്പെടുന്നതു് സ്വകാര്യസ്വത്തുടമാവകാശത്തെ ലംഘിക്കുന്ന പ്രവൃത്തിയാണ്. ഇൻഡ്യൻ ഭരണഘടന അതിനെ നിരോധിച്ചിരിക്കുന്നു. ഏതെങ്കിലും നിർബന്ധം ചെലുത്തി ഗവമ്മെൻറ് ആ പണം കൈവശപ്പെടുത്തുന്നതു് അപഹരണംതന്നെയായിരിക്കും. ആകയാൽ ഫീസ് പിരിവിൻെറ 80 ശതമാനം ട്രഷറിയിൽ അടയ്ക്കണമെന്ന പുതിയ പദ്ധതിയിലെ നിശ്ചയമാണ് അപലപനാർഹം; അതിനു വഴിപ്പെടാത്ത മാനേജ്മെൻറുകളുടെ നില ഏററവും ന്യായമാകുന്നു.

### മാനേജ്മെൻറുകൾ സഹകരിക്കുന്നില്ലെന്നോ?

"മാനേജമെൻറുകളുടെ സഹകരണമാണ് ഇനി ആവശ്യം; അവർ ഇനിയും സംശയിച്ചുനില്ക്കുന്നു" എന്നു പ്രസംഗത്തിൽ തുടന്നു പ്രസ്താവിക്കുന്നു. അദ്ധ്യാപകരുടെ അവശതകൾ നീക്കാൻ മാനേജമെൻറുകൾ എന്നും സഹകരണം നൽകിക്കൊണ്ടാണിരുന്നിട്ടുള്ളതു്. ഗവമ്മെൻറ് സ്കൂളിലെ ശമ്പളംതന്നെ മാനേജ്മെൻറ സ്കൂളിലെ അദ്ധ്യാപകക്കു നൽകേണ്ടതാണെന്നും മററും മാനേജ്മെൻറുകൾ പണ്ടുമുതൽക്കേ നിവേദിപ്പിച്ചുകൊണ്ടിരുന്നിട്ടുള്ളതു് അവരുടെ സഹകരണത്തിൻെറ ലക്ഷ്യമല്ലയോ? ഫീസ് പിരിവിൻെറ 80 ശതമാനം അദ്ധ്യാപകശമ്പളത്തിലേക്കായി നീക്കിവയ്ക്കാമെന്നു് മാനേജമെൻറുകൾ സമ്മതിച്ചിട്ടുള്ളതു പുതിയപദ്ധതിയോടുള്ള അവരുടെ സഹകരണത്തെയല്ലയോ തെളിയിക്കുന്നതു? ആകയാൽ അദ്ധ്യാപകരുടെ അവശത പരിഹരിക്കുന്നകാര്യത്തിൽ മാനേജമെൻറുകൾ സംശയിച്ചുനില്ക്കുന്നില്ല. അക്കാര്യത്തോടു ആഭ്യന്തരമായ യാതൊരുബന്ധവുമില്ലാത്തതും, മാനേജ്മെൻറുകളുടെ ന്യായമായ അന്തസ്സിനും അധികാരത്തിനും ഉടവുതട്ടിക്കുന്നതുമായ കാര്യമാണ് അവർ സമ്മതിക്കാത്തതു്.

### അദ്ധ്യാപകനിയമനത്തിൽ സ്വാതന്ത്ര്യം ആവശ്യകമല്ലയോ?

"അദ്ധ്യാപകനിയമനത്തിൽ സംപൂർണ്ണസ്വാതന്ത്ര്യവും മാനേജർമാർ ആവശ്യപ്പെടുന്നു. അദ്ധ്യാപകനിയമനം സ്ഥിരപ്പെടുത്തുന്നതിനു ഗവമ്മെൻറിൻെറ അനുമതി ആവശ്യകമായിരിക്കേ ഇപ്പോഴത്തേതിലും കൂടിയ ഒരു സ്വാതന്ത്ര്യവാദം അത്ര ശരിയല്ല. മാനേജർമാരുടെ അധികാരം ഒന്നുകൂടി പരിമിതപ്പെടുത്തുകയെന്നേ ഇതിനത്ഥമുള്ളു." പ്രസംഗത്തിലെ ഈ വാക്യങ്ങളിലും അർദ്ധസത്യവും ആശയക്കുഴപ്പവും അടങ്ങിയിട്ടുണ്ടു്. മാനേജർമാർ ആവശ്യപ്പെടുന്ന സംപൂർണ്ണസ്വാതന്ത്ര്യം ഏതാണ്? ഗവമ്മെൻറ് പൊതുവിൽ നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യത സ്വായത്തമാകാത്ത അദ്ധ്യാപകന്മാരെ നിയമിക്കുവാൻ സ്വാതന്ത്ര്യം വേണമെന്നു മാനേജർമാർ ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല, ഇപ്പോൾ ആവശ്യപ്പെടുന്നില്ല. ഇനി ആവശ്യപ്പെടുകയുമില്ല. ആ യോഗ്യതകൾ സ്വായത്തമായ അദ്ധ്യാപകരെ യഥേഷ്ടം തിരഞ്ഞെടുത്തു നിയമിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നേ ആവശ്യപ്പെടുന്നുള്ളു. ഈ സ്വാതന്ത്ര്യം ഇതുവരെ ഉണ്ടായിരുന്നു. ഇനിയും ഉണ്ടായിരിക്കേണ്ടതാണെന്നു ഇൻഡ്യൻ ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുണ്ടു. അതിനാൽ അത്രയും സ്വാതന്ത്ര്യം മാനേജർമാർ ആവശ്യപ്പെടുന്നതല്ല, അതു ഗവമ്മെൻറു വകവച്ചുകൊടുക്കാത്തതാണ്, അപലപനാർഹം. മാത്രമല്ല, അത്രയും സ്വാതന്ത്ര്യം മാനേജർമാക്കില്ലെങ്കിൽ അവർ നടത്തുന്ന സ്കൂളുകളുടെ ഉദ്ദേശംതന്നെ വിഫലമാകും. ന്യൂനപക്ഷങ്ങൾ സ്വന്തം സ്കൂളുകൾ നടത്തുന്നതു അവരുടെ പ്രത്യേകമതവും സംസ്കാരവും പാലിച്ചുപോകാവുന്നവിധം അവരുടെ കുട്ടികളെ വിദ്യയഭ്യസിപ്പിക്കുന്നതിനാണ്. ഇങ്ങനെയുള്ള വിദ്യാഭ്യാസം പ്രത്യേകസ്ഥലത്തെയോ പ്രത്യേകകെട്ടിടത്തെയോ അല്ല, പ്രത്യേകാദ്ധ്യാപകരെയാണ് പ്രഥമമായും പ്രധാനമായും ആശ്രയിച്ചിരിക്കുന്നതു. അദ്ധ്യാപകന്മാർ പ്രസ്തുത മതത്തിൻെറയും സംസ്കാരത്തിൻെറയും പാലനത്തോടു സഹാനുഭൂതിയില്ലാത്തവരോ വിരോധമുള്ളവരോ ആയാൽ, ആ ന്യൂനത വിദ്യാത്ഥികളുമായുള്ള അവരുടെ സകല പെരുമാററങ്ങളിലും പ്രതിഫലിക്കുകയും, അതു വിദ്യാർത്ഥികളുടെ മതബോധത്തിനു ഹാനികരമായിരിക്കുകയും ചെയ്യും. മാത്രമല്ല, മാനേജർമാക്കു് ഈ സ്വാതന്ത്ര്യം കൈവെടിയുവാൻ അധികാരമില്ല. അവർ മാനേജമെൻറു വഹിക്കുന്ന സ്കൂളുകൾ അവരുടെ സ്വന്തം വകയല്ല. അവക്കുവേണ്ടി പണം ചിലവുചെയ്തുകൊണ്ടിരിക്കുന്ന ന്യൂനപക്ഷസമുദായത്തിൻെറ വകയാണ്. ആ സമുദായത്തിലെ രക്ഷാകത്താക്കളുടെ പ്രതിനിധിയെന്നനിലയിൽ മാത്രമാണ് മാനേജർ നിലകൊള്ളുന്നതു്. ഏതൊരുദ്ദേശത്തിനുവേണ്ടിയാണോ രക്ഷാകത്താക്കന്മാർ പണം ചിലവുചെയ്തു് ആ സ്കൂളുകൾ സ്ഥാപിക്കുകയും നടത്തിക്കൊണ്ടുപോകുകയും ചെയ്യുന്നതു, ആ ഉദ്ദേശം സഫലമാകത്തക്കവണ്ണം അവയുടെ ഭരണം നടത്തുവാൻ അദ്ദേഹത്തിനു ചുമതലയുണ്ടു്. അതു നിവ്വഹിക്കാത്തപക്ഷം താനേററിരിക്കുന്ന ട്രസ്റ്റിനെതിരായി പ്രവത്തിക്കുകയായിരിക്കും അദ്ദേഹം ചെയ്യുന്നതു്. രക്ഷാകത്താക്കന്മാരുടെ ഉദ്ദേശസാദ്ധ്യത്തിനു് അദ്ധ്യാപകന്മാരുടെ സ്വഭാവം ഗുണകരമായോ ദോഷകരമായോ തീരാവുന്നതിനാൽ അദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തു നിയമിക്കുന്നതിൽ മാനേജർ പ്രത്യേകം

ഗുണദോഷവിവേചനം ചെയ്യേണ്ടിയിരിക്കുന്നു. തന്മൂലം പ്രസ്തുത സ്വാതന്ത്ര്യം സംരക്ഷിക്കുവാനും അതിനായി വാദിക്കുവാനും മാനേജർമാർ ചെയ്യുന്ന ശ്രമത്തെ അദ്ധ്യാപകരുടെ അവശത പരിഹരിക്കുന്നതിനു മാനേജർമാർ കാണിക്കുന്ന നിസ്സഹകരണമാണെന്നു വ്യാഖ്യാനിക്കുന്നതു ഏററവും അബദ്ധമല്ലയോ?

ശരിയായ വിദ്യാഭ്യാസയോഗ്യതയുള്ള അദ്ധ്യാപകരെ യഥേഷ്ടം തിരഞ്ഞെടുത്തു നിയമിക്കുവാനുള്ള മാനേജർമാരുടെ സ്വാതന്ത്ര്യം ഒന്നുവേറെ, ആ നിയമനം സ്ഥിരപ്പെടുത്തുവാൻ ആവശ്യകമായ ഗവമ്മെൻറിൻെറ അനുമതി ഒന്നു വേറെ. ഈ അനുമതിയുടെ ആവശ്യകതയെ മാനേജർമാർ ചോദ്യംചെയ്യുന്നില്ലെന്നുള്ളതു വാസ്തവം. എന്നാലതുകൊണ്ടു് അവരുടെ പ്രസ്തുത സ്വാതന്ത്ര്യത്തിനായുള്ള വാദം ശരിയല്ലെന്നു വരുന്നില്ല. 'അനുമതിയും സ്വാതന്ത്ര്യവും ഇപ്പോഴുണ്ടു്. ആ നില മാററരുതെന്നേ വാദമുള്ളു. പുതിയപദ്ധതി മാനേജർമാർക്കുള്ള നിയമനാധികാരത്തെ ഒന്നുകൂടി പരിമിതപ്പെടുത്തുന്നേയുള്ളു' എന്ന പ്രസ്താവനയിലും അർദ്ധസത്യവും ആശയക്കുഴപ്പവുമുണ്ടു്. ഈ പരിമിതപ്പെടുത്തലിൻെറ സ്വഭാവം മാനേജർമാർക്കുള്ള നിയമനാധികാരത്തിൻെറ ഉദ്ദേശത്തെത്തന്നെ വിഫലീഭവിപ്പിക്കുന്നതാകയാൽ, അതു യഥാർത്ഥത്തിൽ പരിമിതപ്പെടുത്തലല്ല, നിർത്തലാക്കൽതന്നെയാണു്.

### ഗ്രാൻറുകൊടുക്കലും നിയമനാധികാരവും

“മുതൽ മുടക്കുന്നതുകൊണ്ടു് കൂടുതൽ സ്വാതന്ത്ര്യം വേണമെന്നു ഗവമ്മെൻറു പറയുന്നു” എന്നാണു പ്രസംഗത്തിലെ മറെറാരു പ്രധാനപ്രസ്താവം. ഈ യുക്തി സമ്മതിക്കുന്നപക്ഷം ഗവമ്മെൻറുസ്കൂളുകളും ഗ്രാൻറുസ്കൂളുകളും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടായിരിക്കുകയില്ല. സ്ഥലം, കെട്ടിടം, സാധനസാമഗ്രികൾ പാഠപദ്ധതി, പരീക്ഷാസമ്പ്രദായം എന്നീകാര്യങ്ങളിലെല്ലാം ഗവമ്മെൻറുസ്കൂളിലും ഗ്രാൻറുസ്കൂളിലും ഒരേ നിയമവും നടപടിയുമാണു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ഗവമ്മെൻറുസ്കൂളിലെ അദ്ധ്യാപകന്മാരെ ഗവമ്മെൻറു നിയമിക്കുകയും, അതിലെ ഫീസ പിരിവു് ഗവമ്മെൻറിൻെറകൈകാര്യകർത്തൃത്വത്തിൽ ഇരിക്കുകയും ചെയ്യുന്നു. ഗ്രാൻറുസ്കൂളിലാകട്ടെ, ഈ രണ്ടു കാര്യങ്ങളും മാനേജരുടെ അധികാരത്തിലാണിരിക്കുന്നതു്. ഇതാണു് രണ്ടും തമ്മിൽ ഏകവ്യത്യാസം. അദ്ധ്യാപകരെ യഥേഷ്ടം തിരഞ്ഞെടുത്തു് നിയമിക്കുവാനും ഫീസ് പിരിവിൻെറകൈകാര്യകർത്തൃത്വം വഹിക്കുവാനുമുള്ള അധികാരം മാനേജർമാർ കൈവെടിയണമെന്നാണു്, ഗവമ്മെൻറു നിശ്ചയിച്ചിരിക്കുന്ന ബോർഡിൽനിന്നു പരസ്യപ്പെടുത്തുന്ന ലിസ്റ്റിൽനിന്നു വേണം മാനേജർമാർ അദ്ധ്യാപകരെ തിരഞ്ഞെടുത്തു നിയമിക്കുവാനെന്നും ഫീസ് പിരിവിൻെറ 80 ശതമാനം ട്രഷറിയിൽ അടയ്ക്കണമെന്നും പുതിയപദ്ധതി ആവശ്യപ്പെടുന്നതിൻെറ അർത്ഥം. ആകയാൽ പുതിയ പദ്ധതി ഗ്രാൻറുസ്കൂളുകളെ ഫലത്തിൽ ഗവമ്മെൻറുസ്കൂളുകളാക്കുന്നു. സർ സി. പി. യുടെ വിദ്യാഭ്യാസകുത്തകപദ്ധതിയും ഈ പുതിയ പദ്ധതിയും തമ്മിൽ കാര്യത്തിൽ വ്യത്യാസമില്ലതന്നെ.

ഗവമ്മെൻറു് ഗ്രാൻറുസ്കൂളുകളിൽ മുടക്കുന്ന മുതൽ ഏതാണു്? ഗ്രാൻറല്ലാതെ മറെറന്തെങ്കിലുമുണ്ടോ? ആ മുതൽമുടക്കു് എത്രയാണെന്നു് അദ്ധ്യാപകസംഘംതന്നെ പ്രസിദ്ധപ്പെടുത്തിയ കണക്കു് മുകളിൽ ഉദ്ധരിച്ചല്ലോ. ഗവമ്മെൻറുസ്കൂളുകളിൽ ഒരു വിദ്യാർത്ഥിക്കുവേണ്ടി 19 രൂപാ ഒന്നരയണ മുതൽ മുടക്കുന്ന ഗവമ്മെൻറു്, പ്രൈവററുസ്കൂളിലെ ഒരു വിദ്യാർത്ഥിക്കു മുടക്കുന്ന മുതൽ ഏകദേശം ഒരണമാത്രം! ഈ മുതൽമുടക്കിൻെറ ന്യായം പറഞ്ഞാണോ ഗവമ്മെൻറുസ്കൂളിന്മേലുള്ള അധികാരംതന്നെ ഗ്രാൻറുസ്കൂളിന്മേലും തങ്ങൾക്കുണ്ടായിരിക്കണമെന്നു് ഗവമ്മെൻറു് വാദിക്കുന്നതു്? ആനയേയും അടീനേയും തുല്യമാക്കുന്ന യുക്തിയല്ലയോ ഇതു്!

പ്രൈവററു് സ്കൂളിനു് ഗവമ്മെൻറു് ഗ്രാൻറു കൊടുക്കുന്നതുകൊണ്ടു് അതിൻെറ അദ്ധ്യാപകനിയമനത്തിലും ഫീസ് പിരിവിൻെറ കൈകാര്യകർത്തൃത്വത്തിലും ഗവമ്മെൻറിനു നിയന്ത്രണമുണ്ടായിരിക്കണമെന്ന വാദത്തിൽ വലിയ യുക്തിഭംഗമുണ്ടു. ഒരു ഫാക്ടറിയോ ബാങ്കോ മററിതുപോലുള്ള ഏതെങ്കിലും സ്ഥാപനമോ നടത്തുന്നവർക്കു ഗവമ്മെൻറിൽനിന്നു് എന്തെങ്കിലും ധനസഹായം ചെയ്യണമെങ്കിൽ, അതിൻെറ നടത്തിപ്പിൽ ഗവമ്മെൻറിനു നിയന്ത്രണമുണ്ടായിരിക്കണമെന്നവാദം മനസ്സിലാക്കാൻ കഴിയും. ആ സ്ഥാപനങ്ങൾക്കു സഹായധനം നല്കാൻ ഗവമ്മെൻറിനു് ഒരു കടമയുമില്ല. ആ ദാനം സൗജന്യദാനമാണു്. സൗജന്യം സ്വീകരിക്കുന്നവർ നിയന്ത്രണത്തിനു വിധേയരാകാൻ തയ്യാറായിരിക്കണമെന്നു വാദിക്കുന്നതിൽ യുക്തിയുണ്ടു്. എന്നാൽ പ്രൈവററുസ്കൂൾ ഫാക്ടറിയോ, ബാങ്കോ, മററിതുപോലുള്ള സ്ഥാപനമോ അല്ല. ഭാവിപൗരന്മാർക്കു് അവശ്യം ഉണ്ടായിരിക്കേണ്ട വിദ്യാഭ്യാസം പ്രദാനംചെയ്യാൻ ചുമതലയുള്ള ഗവമ്മെൻറിനെ അക്കാര്യത്തിൽ സഹായിക്കുന്ന സ്ഥാപനമാണു പ്രൈവററുസ്കൂൾ. അതിലെ വിദ്യാർത്ഥികളും രാജ്യത്തിലെ ഭാവിപൗരന്മാരാകയാൽ അവരുടെ വിദ്യാഭ്യാസത്തിൻെറ ചിലവു്, ഗവമ്മെൻറുസ്കൂളിലേതുപോലെതന്നെ, വഹിക്കുവാൻ ഗവമ്മെൻറിനു ചുമതലയുണ്ടു്. ആ ചുമതലയുടെ ഏററവും നിസ്സാരമായ ഒരംശം നിർവ്വഹിക്കുകമാത്രമാണു് ഗ്രാൻറു നൽകുമ്പോൾ ഗവമ്മെൻറു ചെയ്യുന്നതു്. ആകയാൽ ഗ്രാൻറു നീതിയനുസരിച്ചു് ഗവമ്മെൻറു കൊടുക്കേണ്ട ധനസഹായമാണു്, അല്ലാതെ കാരുണ്യബോധത്താൽ കൊടുക്കുന്ന പിച്ചയല്ല. ന്യൂനപക്ഷങ്ങളുടെ പ്രൈവററു് വിദ്യാലയങ്ങൾക്കു രാജ്യത്തിലെ കോശസ്ഥിതിയനുസരിച്ചു വിദ്യാദാനത്തിനായി പണം ചിലവുചെയ്യേണ്ടതു ഏതു സംസ്ഥാനത്തിൻെറയും കടമയാണെന്നു് ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുമുണ്ടു്. തന്മൂലം ഗ്രാൻറു നൽകുന്ന കാരണം പറഞ്ഞു് പ്രൈവററു്സ്കൂളിലെ അദ്ധ്യാപകനിയമനത്തിലും ഫീസ പിരിവിൻെറ കൈകാര്യകർത്തൃത്വത്തിലും നിയന്ത്രണാധികാരം വേണമെന്നു ശഠിക്കുന്ന ഗവമ്മെൻറു് നീതിബോധത്തിനും ഭരണഘടനയ്ക്കും എതിരായി പ്രവർത്തിക്കുന്നു.

### കത്തോലിക്കാദ്ധ്യാപകരുടെ മതബോധമെവിടെ?

മാനേജുമെൻറുകൾക്കെതിരായി പ്രതിഷേധം മുഴക്കുകയും പണിമുടക്കിനു തയാറാവുകയും ചെയ്യുന്ന സംഘടനയിൽ കത്തോലിക്കാദ്ധ്യാപകന്മാരും ഉൾപ്പെട്ടിട്ടുണ്ടല്ലോ. അവരെങ്കിലും മാനേജുമെൻറുകളുടെ സ്വാതന്ത്ര്യവാദത്തിൻെറ ശരിയായ സ്വഭാവം മനസ്സിലാക്കാത്തതു്, അങ്ങെല്ലിൽ മനസ്സിലായിട്ടും സംഘടനയുടെ നയത്തിനും പരിപാടിക്കും കൂട്ടുനില്ക്കുന്നതു്, അത്യാശ്ചര്യകരമാണു്. കത്തോലിക്കാദ്ധ്യാപകന്മാർ ഒന്നാമതു് കത്തോലിക്കാരക്ഷാകർത്താക്കളാണു്; രണ്ടാമതായിട്ടേ അവർ അദ്ധ്യാപകരാകുന്നുള്ളു; രക്ഷാകർത്താക്കളെന്നനിലയിൽ സ്വസന്താനങ്ങളെ കത്തോലിക്കാമതത്തിനു് അനുസൃതമായി വിദ്യാഭ്യസിപ്പിക്കുവാനും വളർത്തുവാനും ദൈവതിരുമുമ്പിൽ അവർക്കു് ചുമതലയുണ്ടു്. അദ്ധ്യാപകവൃത്തി ആ ചുമതല നിർവ്വഹിക്കുന്നതിനു് ആവശ്യമായ വരുമാനം കൈവരുത്തുവാനുള്ള മാർഗ്ഗമാണു്. ആദ്യത്തെനില അവരുടെ ലക്ഷ്യവും, രണ്ടാമത്തെനില അതു പ്രാപിക്കുവാനുള്ള മാർഗ്ഗവും എന്നർത്ഥം. മാർഗ്ഗത്തിനുവേണ്ടി ലക്ഷ്യത്തെ ബലികഴിക്കുന്നതു മഹാപാതകമാണെന്നുള്ളതു പോകട്ടെ, ഏററവും യുക്തിഹീനവുമല്ലയോ? കത്തോലിക്കാദ്ധ്യാപകന്മാർ പ്രസ്തുത ലക്ഷ്യപ്രാപ്തിക്കായി അവരുടെ സന്താനങ്ങളെ ഏതു സ്കൂളിലാണു് അയക്കേണ്ടതു? കത്തോലിക്കാസ്കൂളിലല്ലയോ? അതിലെ അദ്ധ്യയനം പ്രസ്തുത ലക്ഷ്യപ്രാപ്തിക്കു പര്യാപ്തമാകണമെങ്കിൽ വിദ്യാഭ്യാസയോഗ്യത ആവശ്യത്തിനുള്ള അദ്ധ്യാപകന്മാരിൽ ആരെയെങ്കിലും അവിടെ നിശ്ചയിച്ചാൽ മതിയോ? ലക്ഷ്യപ്രാപ്തിക്കു കൊള്ളാവുന്നവരെ തിരഞ്ഞെടുത്തു നിയമിക്കുവാൻ മാനേജുമെൻറിനു് സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടയോ? പ്രസ്തുതസ്വാതന്ത്ര്യം കൈവെടിയാമെന്നു് സ്കൂളിലെ മാനേജർ സമ്മതിച്ചാൽതന്നെയും കത്തോലിക്കാദ്ധ്യാപകർക്കു, രക്ഷാകർത്താക്കളെന്നനിലയിൽ, അതു സമ്മതിക്കാമോ? തങ്ങളുടെ സന്താനങ്ങളുടെ കത്തോലിക്കാവിദ്യാഭ്യാസത്തേയും കത്തോലിക്കമായ വളർത്തലിനേയും ആധാരമാക്കി മാനേജരുടെ നടപടിയെ അവർ പ്രതിഷേധിക്കയല്ലയോ വേണ്ടതു? അതിനുപകരം മാനേജർമാർ പ്രസ്തുതസ്വാതന്ത്ര്യം കൈവെടിയണമെന്നു് വാദിക്കുന്നവർക്കു് അവർ കൂട്ടുനില്ക്കുന്നതു നീതീകരിക്കാമോ? പുതിയ പദ്ധതി സ്വീകരിക്കണമെന്നു മാനേജർമാരെ നിർബന്ധിക്കുന്നവരോടു് കൂട്ടുനില്ക്കുന്ന കത്തോലിക്കാദ്ധ്യാപകന്മാർ കത്തോലിക്കാസ്കൂളുകളുടെ അസ്തിത്വത്തിനുതന്നെ അവരറിയാതെ കോടാലി വയ്ക്കുകയാണു്.

### അപകടമുണ്ടായെന്നു നിശ്ചയിക്കേണ്ടതാർ?

“നമ്മുടെ മതമോ നമ്മുടെ സ്കൂളുകളോ ഇപ്പോൾ അപകടത്തിലാണെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല; അവ അപകടത്തിലാകുമ്പോൾ ഞങ്ങളായിരിക്കും ഞങ്ങളുടെ രക്തംകൊണ്ടു് ആദ്യമായി അവയെ സംരക്ഷിക്കുന്നവർ” എന്നു് കത്തോലിക്കാദ്ധ്യാപകന്മാർക്കുവേണ്ടി പ്രസിഡൻറു് പ്രസ്താവിച്ചിട്ടുള്ളതു പ്രത്യേകം ശ്രദ്ധേയമാണു്. അതിലടങ്ങിയിരിക്കുന്ന അവരുടെ മതാസക്തിയും സമുദായസ്നേഹവും ഏററവും അഭിനന്ദനീയംതന്നെ. എന്നാൽ അപകടമുണ്ടോയെന്നു് ഈ വിഷയത്തിൽ, കത്തോലിക്കരെ സംബന്ധിച്ചിടത്തോളം, ഖണ്ഡിതമായി പ്രസ്താവിക്കുവാൻ അധികാരവും അവകാശവുമുള്ളതു് വൈദികാദ്ധ്യക്ഷന്മാർക്കാണല്ലോ. പുതിയ പദ്ധതിയിലെ പൂർണ്ണരൂപം ഗവമ്മെൻറു് ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുകയും, അതിൽ കൊള്ളിക്കുന്ന മൗലികതത്വങ്ങൾ ന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങൾക്കു ബാധകമല്ലെന്നു തെളിയുകയും ചെയ്യുന്നതുവരെ ഫീസ് പിരിവിൻെറ നിശ്ചിത ശതമാനം ട്രഷറിയിൽ അടയ്ക്കരുതെന്നു് വൈദികമേലദ്ധ്യക്ഷന്മാർ കത്തോലിക്കാമാനേജുമെൻറുകൾക്കു നിർദ്ദേശം നൽകിയിട്ടുണ്ടെന്നു പത്രറിപ്പോർട്ടുകളിൽനിന്നു അറിവായിട്ടുണ്ടു്. അങ്ങനെയിരിക്കെ കത്തോലിക്കാമാനേജുമെൻറുകൾ പണം ട്രഷറിയിൽ അടയ്ക്കുന്നില്ലെന്നുള്ള കാരണം പറഞ്ഞു് കത്തോലിക്കാദ്ധ്യാപകന്മാർ പണിമുടക്കുന്നതു് നീതീകരിക്കാമോ? ത്രികക്ഷി സമ്മേളനത്തിലും മററും, മാനേജുമെൻറുകൾ പണമടയ്ക്കുന്ന കാര്യവും അദ്ധ്യാപകനിയമനത്തിനു ഗവമ്മെൻറിൽനിന്നു ലിസ്റ്റു് പരസ്യം ചെയ്യുന്ന കാര്യവും സമ്മതിക്കപ്പെട്ടിട്ടുള്ള സ്ഥിതിക്കു് അവർ അവ ഇപ്പോൾ സമ്മതിക്കാത്തതെന്തുകൊണ്ടാണെന്നുള്ള ചോദ്യത്തിനും തൃപ്തികരമായ മറുപടിയുണ്ടു്. പുതിയ പദ്ധതിയുടെ പൂർണ്ണരൂപം ആ ത്രികക്ഷിസമ്മേളനങ്ങളിൽ ഗവമ്മെൻറു് ഭാഗത്തുനിന്നു പ്രകാശിപ്പിക്കപ്പെട്ടിരുന്നില്ല. പ്രകാശിപ്പിക്കപ്പെട്ട അപൂർണ്ണരൂപത്തിൽ ഒളിഞ്ഞുകിടന്ന അപകടങ്ങൾ ശരിക്കുകാണുവാൻ മാനേജുമെൻറുകൾക്കു സാധിച്ചതുമില്ല. ആ നിലയ്ക്കു് പണമടയ്ക്കുന്ന കാര്യവും അദ്ധ്യാപകനിയമനക്കാര്യവും അവർക്കു നിരുപാധികം സമ്മതിക്കുവാൻ പാടില്ലാത്തതായിരുന്നു. അവ്യക്തമായ നിർദ്ദേശങ്ങൾക്കു് അവ്യക്തമായ സമ്മതം മാനേജുമെൻറുകൾ നല്കിയെങ്കിൽ അതിനവരെ പ്രേരിപ്പിച്ചതു് അദ്ധ്യാപകന്മാരുടെ അവശതകൾ പരിഹരിച്ചുകാണുവാനുള്ള നിർവ്യാജമായ അവരുടെ ആഗ്രഹമാണെന്നുവേണം ന്യായമായി വിചാരിക്കുവാൻ. പുതിയ പദ്ധതിയിൽ മാനേജുമെൻറുകൾ എതിർക്കുന്ന തത്വങ്ങൾ എതിർക്കേണ്ടതുതന്നെയാണെന്നു മദ്രാസ് മെയിൽ, ടൈംസ് ആഫ് ഇൻഡ്യാ മുതലായി ഇൻഡ്യയിലെ പ്രമുഖപത്രങ്ങളും, ഡോക്ടർ ലക്ഷ്മണസ്വാമി മുതലിയാർ തുടങ്ങിയ വിദ്യാഭ്യാസപ്രവർത്തകരും സമ്മതിക്കുന്നുണ്ടെന്നു് ഇതിനകം വെളിപ്പെട്ടിട്ടുണ്ടല്ലോ. ആകയാൽ അദ്ധ്യാപകർക്കു പൊതുവിലും, കത്തോലിക്കാദ്ധ്യാപകർക്കു പ്രത്യേകിച്ചും, അവരിപ്പോൾ സ്വീകരിച്ചിരിക്കുന്ന പണിമുടക്കുസംരംഭം ഒരു വിധത്തിലും നീതീകരിക്കാവുന്നതല്ലെന്നാണു് ഞങ്ങളുടെ സുചിന്തിതമായ അഭിപ്രായം.

“ദൈവം നമ്മുടെ ഭരണകർത്താക്കളേയും നേതാക്കന്മാരേയും നയിക്കണമേയെന്നും, ഈ പ്രശ്നത്തിൽ അബദ്ധരഹിതമായ തീരുമാനം ചെയ്യാനുള്ള ബുദ്ധി അവർക്കു നല്കണമേയെന്നും പ്രാർത്ഥിക്കുവാനേ അദ്ധ്യാപകർക്കു് ഈ ഘട്ടത്തിൽ കഴിയുകയുള്ളു” എന്നു ലഘുലേഖയിൽ പറഞ്ഞിരിക്കുന്നതു സന്തോഷാവഹമാണു്. അദ്ധ്യാപകരോടൊരുമിച്ചു ഞങ്ങളും പ്രാർത്ഥിക്കുന്നു. എന്നാൽ ഭരണകർത്താക്കൾക്കും നേതാക്കന്മാർക്കും മാത്രമല്ല, അദ്ധ്യാപകർക്കുതന്നെയും ദൈവത്തിൽനിന്നു മാർഗ്ഗദർശനവും ശരിയായ ബുദ്ധിയും ആവശ്യകമാണെന്നു കാണുന്നതിനാൽ അതിനുവേണ്ടിയും ഞങ്ങൾ പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളുന്നു: “നമ്മുടെ നില ശരിയാണെന്നും അതിലുൾക്കൊണ്ടിരിക്കുന്ന താല്പര്യങ്ങൾ നാം കൈക്കൊള്ളുന്ന നടപടിയെ നീതീകരിക്കുന്നുണ്ടെന്നും നമുക്കുറപ്പുണ്ടായിരിക്കണം; നമ്മുടെ ഭയങ്ങളും സംശയങ്ങളും പ്രശാന്തമായി അപഗ്രഥനം ചെയ്യപ്പെടണം; നമ്മുടെ നടപടിയുടെ പ്രത്യാഘാതങ്ങളും പ്രതിഫലനങ്ങളും സുവ്യക്തം മുൻകൂട്ടി കണ്ടിരിക്കണം; സകല വസ്തുതകളും സാഹചര്യങ്ങളും അബദ്ധരഹിതമായി പര്യാലോചിച്ചിരിക്കണം. അതിനുശേഷമേ ഒരു സമരത്തിലേക്കു്, അതിൻെറ പിടിവിട്ടുപോരാൻ അത്ര എളുപ്പമല്ലാത്ത സമരത്തിലേക്കു്, എടുത്തുചാടാൻ പാടുള്ളു.” ലഘുലേഖയിൽ പ്രസിഡൻറു് നല്കുന്ന ഈ ഉദ്ബോധനം അദ്ദേഹവും സഹാദ്ധ്യാപകരും പ്രയോഗത്തിൽ വരുത്തുവാൻ വേണ്ട പ്രകാശവും പ്രചോദനവും ദൈവത്തിൽനിന്നു ലഭിക്കട്ടെയെന്നാണു് ഞങ്ങളുടെ പ്രാർത്ഥന.

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു്
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലണ്ടു്

## മെത്രാൻ പട്ടാഭിഷേകം

ചങ്ങനാശേരി, പാലാ മെത്രാന്മാരുടെ പട്ടാഭിഷേകം നവംബർ 9-ാംനു- (നാളെ) നടക്കുന്നതാണെന്നു് തിരുമേനിമാർ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു് അയച്ച കേബിൾ സന്ദേശത്തിൽ പറഞ്ഞിരിക്കുന്നു.

## ഇടവകവാർത്തകൾ

കൂടല്ലൂർ, ഒല്ലൂ, മറൂർ, പൊൻകുന്നം, പാറമ്പുഴ, സേവിയൂർ, കുഴിപ്പിള്ളി, ചക്കരക്കടവു്, തൃപ്പൂണിത്തുറ, ചിറക്കടവു്, പൂതൃക്ക, കോടഞ്ചേരി, പട്ടണക്കാടു്, കൈനകരി, കല്ലറ, പുറപ്പുഴ, അമ്പാറനിരപ്പേൽ, വായ്പൂരു്, വല്ലം, ബെസ്ലഹം, മാചിപ്പുറം, കുത്യതോടു്, ചിററൂർ, മുട്ടം, ഉഴവൂർ, അരീക്കര, ഒല്ലൂർ, കുററിപ്പുഴ, കോടിക്കുളം, നരിവേലി, കരിനച്ചി ആദിയായ സ്ഥലങ്ങളിൽ ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ ആഘോഷിച്ചിരിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു.

കുന്നമ്മാവു്, തിടനാടു്, കൂടല്ലൂർ, പൂവത്തോടു്, കരിമണ്ണൂർ, അരുവിത്തുറ, അങ്കമാലി പെററിസെമ്മിനരി, മലപ്പുറം, ആനിക്കാടു്, കൈനകരി, തീക്കോയി, പൂഞ്ഞാർ, മുണ്ടൂർ, കോടിക്കുളം ആദിയായ സ്ഥലങ്ങളിൽ വേദപ്രചാരഞായറാഴ്ച കൊണ്ടാടിയിരിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു.

കാട്ടൂർ, പാലയൂർ, കരിമണ്ണൂർ, മുട്ടം, ഒല്ലൂർ, കുന്നമ്മാവു് ആദിയായ സ്ഥലങ്ങളിൽ സ്വർഗ്ഗാരോപണപ്രഖ്യാപനദിനം ആഘോഷിച്ചിരിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | ” | 6—8—0 |
| ഇൻഡ്യക്കു പുറമെ | ” | 8—0—0 |
| ഒററപ്രതി | | 0—2—0 |

ചെറുകഥ

# ആ മാർബിൾ പ്രതിമ

(ബ്രദർ ജോസഫ് വടക്കൻ)

മൈക്കിളച്ചൻ ആ ഇടവകയിലേക്കു മാററംകിട്ടിവരുമ്പോൾ ജോർജ്ജുസാറിന്റെ ഏകസന്താനമായ വില്യംസ് മുററത്തെ മണൽപ്പരപ്പിൽ ഉരുണ്ടുമറിഞ്ഞും ഉണ്ണിച്ചോറുവെച്ചും ഉല്ലസിക്കുകയായിരുന്നു. പെങ്ങളുടെ പട്ടുപാവാട വട്ടംചുററിക്കൊണ്ടുള്ള പാട്ടുകുർബാന, മുട്ടിപ്പലകമേൽ കയറിനിന്നുകൊണ്ടുള്ള പള്ളിപ്രസംഗം, ഓലപ്പീപ്പി വിളിച്ച് ചിരട്ട മുട്ടിക്കൊണ്ടുള്ള തിരുനാൾ പ്രദക്ഷിണം —ആ കൊച്ചന്റെ അഭിനയങ്ങളാണവ!


പ്രേഷിതചൈതന്യം നിറഞ്ഞുതുളുമ്പുന്നൊരു യുവവൈദികനാണ് ഫാദർ മൈക്കിൾ. കേരളത്തിലെ എല്ലാ കത്തോലിക്കാകുടുംബങ്ങളും ഭാരതമിഷന്റെ കൊച്ചുകോട്ടകളാക്കുവാനാണ് തന്റെ പ്രഗത്ഭഭാവന അദ്ദേഹത്തെ പ്രേരിപ്പിക്കുന്നത്. ഇന്ത്യാരാജ്യത്തെ ഈശോയ്ക്കു സമ്മാനിക്കുവാൻ ഹിമവൽപ്രാന്തങ്ങളിലും ആസാം മലയിടുക്കിലുംകിടന്നു പണിയെടുത്ത് മരവിച്ചും മലമ്പനി പിടിച്ചും വീരമരണമടയുന്ന കേരളീയ പ്രേഷിതരുടെ അനുഭവങ്ങൾ വികാരാവേശത്തോടെ വിവരിച്ചുപ്രസംഗിക്കും എല്ലാ ഞായറാഴ്ചയും ആ വികാരിയച്ചൻ. പള്ളിച്ചുമരുംചാരി പടിഞ്ഞിരിക്കുന്ന ചെറുപ്പക്കാരുടെ രക്തസിരകൾ ആ പ്രസംഗശ്രവണത്താൽ തുടിച്ചുതുടങ്ങും. കൊന്തതിരുമ്മി കുനിഞ്ഞിരിക്കുന്ന മുത്തശ്ശികൾ ആ കഥകൾകേട്ട് "കർത്താവേ" എന്നു നെടുവീർപ്പിടും. അച്ചന്റെ ആ പ്രസംഗങ്ങൾ തികച്ചും ഫലപ്രദമായി. ഒരു "ചെറുപുഷ്പമിഷൻലീഗ്" ആ ഇടവകയിൽ സ്ഥാപിതമായി. യുവജനങ്ങൾ ആ പ്രസ്ഥാനത്തിന്റെ സജീവനാഡികളായിരുന്നു. ഇടവകയിലെ എല്ലാ ജനങ്ങളും ആ സംഘത്തെ സർവ്വാത്മനാ സഹായിച്ചുപോന്നു. സകല വീടുകളിലും "മിഷൻ കോഴി"യും "മിഷൻ വാഴ"യും വാട്ടംതട്ടാതെ വളർന്നുതുടങ്ങി. കുട്ടികൾക്കൊരു സുവർണ്ണകാലമായിരുന്നു ആ കൊച്ചച്ചന്റെ ഭരണകാലം. സുകൃതമഞ്ജരികളും സംഭാവനകളും സംഭരിച്ചുകൊണ്ട് ഭാരതത്തിലെ മിഷൻഗ്രാമങ്ങളെ അവർ സഹായിച്ചുവന്നു.

വില്യംസ്, വികാരിയച്ചന്റെ വാത്സല്യത്തിടമ്പാണ്. എല്ലാ ദിവസവും അതിരാവിലെ ആ കുട്ടി പള്ളിയിൽ പറന്നെത്തും. ധൂപക്കുററിയിൽ തീയുണ്ടാക്കുവാൻ ബഹുസമർത്ഥനാണവൻ. കറുത്തിരുണ്ട കരിക്കട്ടകൾ കത്തിജ്ജ്വലിക്കുന്ന കനൽക്കട്ടകളാകുമ്പോൾ അവനൊന്നു നിവർന്നിരുന്നു പുഞ്ചിരിതൂകും. ഉടനെ ഒരു കുന്തുരുക്കക്കഷണം തീയിൽ വീഴും; ഒരു സുഗന്ധധൂപ്പുക ആ തങ്കക്കുടത്തെ തലോടിക്കൊണ്ട് പൊങ്ങിപ്പോകും. അച്ചനവനെ ദിവ്യബലിയിൽ ശുശ്രൂഷിക്കുവാനും പഠിപ്പിച്ചു. കുഞ്ഞുകരങ്ങൾ നെഞ്ചോടുചേർത്തുവെച്ച് നിർമ്മലവദനം ബലിപീഠത്തിലേക്കു തിരിച്ച് ആ കൊച്ചൻ മുട്ടുകുത്തി നില്ക്കുന്നതുകണ്ടാൽ ഒരു കൊച്ചുമാലാഖയാണെന്നേ തോന്നൂ. വില്യംസിന്റെ സുകൃതമഞ്ജരിയിൽ ആശയടക്കങ്ങളുടേയും ത്യാഗപ്രവൃത്തികളുടേയും സംഖ്യ അടിക്കടി വർദ്ധിച്ചുവരുന്നതു കണ്ടു ഫാദർ മൈക്കിൾ സന്തോഷംപൂണ്ടു.

വേനലും മഴയുമായി കൊല്ലങ്ങൾ പലതും കഴിഞ്ഞു. മൈക്കിളച്ചൻ സ്ഥലം മാറിപ്പോയി. വാസരങ്ങൾ വത്സരങ്ങൾക്കു പിന്നെയും വഴിമാറിക്കൊടുത്തു. അനേകായിരം പൂക്കൾ വിടരുകയും കരിയുകയും ചെയ്തു. വില്യംസ് ബി. എ. പരീക്ഷയിൽ പ്രശസ്തവിജയം നേടി. ഉദിച്ചുപൊങ്ങുന്ന സ്വതന്ത്രകത്തോലിക്കാഭാരതമാണ് ആ യുവാവിന്റെ മോഹനലക്ഷ്യം! നാഗപ്പൂർ മിഷൻ വില്യംസിനെ സ്വാഗതംചെയ്തു. സെമിനാരിയിലെ ഒരു പ്രശാന്തശീലനത്രെ ബ്രദർ വില്യംസ്. ധ്രുവപ്രദേശങ്ങളിലെ ഹിമപ്പരപ്പിലും പസിഫിക്കിലെ പവിഴപ്പുറദ്വീപിലും ക്രിസ്തുവിന്റെ സുവിശേഷഗാനംപാടാൻ കർമ്മലീത്താമഠത്തിന്റെ കനത്ത ഭിത്തിക്കുള്ളിൽകിടന്നു കുതിച്ചുചാടിയ ആ കുരുവിപ്പക്ഷിയായിരുന്നു ആ കൊച്ചുപ്രേഷിതന്റെ ദൃഢമാതൃക. എല്ലാ ദിവസവും പ്രഭാതത്തിൽ ദിവ്യകാരുണ്യനാഥന്റെ പ്രകാശക്കതിരുകളേററ് ആയിരമായിരം ആശാകുസുമങ്ങൾ ആ ചെറുപുഷ്പഭക്തന്റെ ഹൃദയസരസ്സിൽ വിരിഞ്ഞുനില്ക്കും!

കാലചക്രം കറങ്ങിക്കൊണ്ടിരുന്നു. ഏഴുകൊല്ലം എങ്ങനെയെന്നറിയാതെ കടന്നുകഴിഞ്ഞു. ഉൾത്തടം ഉരുകിപ്പൊഴിയുന്ന നവപൂജാർപ്പണസുദിനം പുലർന്നു. ദോത്തിയും ഷർട്ടും ധരിച്ച് സെമിനാരിയിൽ പ്രവേശിച്ച ബ്രദർ വില്യംസ് തന്റെ കരപല്ലവങ്ങളിൽ ദിവ്യനാഥനെ സംവഹിക്കുന്ന മോഹനദിനം!! ഫാദർ മൈക്കിൾ ആ നവപൂജാർപ്പകനെ ആഹ്ളാദത്തുടിപ്പോടെ സഹായിച്ചു. അന്നുതന്നെ ഫാദർ വില്യംസ് ആ ശാന്തിനികേതനത്തോട് യാത്രപറഞ്ഞു. തന്റെ ആദ്ധ്യാത്മികപിതാവായ മൈക്കിളച്ചന്റെ ആശിസ്സുകളുംവാങ്ങി അദ്ദേഹം പ്രവർത്തനരംഗത്തിറങ്ങി.

ഹരിജനങ്ങളേയും അക്ഷരശൂന്യരേയുമല്ല, പ്രത്യുത ആദർശശുദ്ധിയുള്ള അഭ്യസ്തവിദ്യരെ ക്രിസ്തുവിങ്കലേക്ക് അടുപ്പിക്കണമെന്നാണ് ആ യുവപ്രേഷിതന്റെ ചിരപ്രതീക്ഷിതമായ അഭിലാഷം. മദ്ധ്യസംസ്ഥാനത്തിലെ ഗോപാൽഘർ ഗ്രാമത്തെ പ്രഥമപരീക്ഷണകേന്ദ്രമായി അദ്ദേഹം തെരഞ്ഞെടുത്തു. പരിമ്പുവളച്ചു



മൈസൂർസർവ്വകലാശാലാ സിൻഡിക്കേററ് മെമ്പറായി നിയമിതനായിരിക്കുന്ന ഷെവലിയർ സി. ജെ. വർക്കി. 15 അംഗങ്ങളുള്ള ഈ പ്രവർത്തകസമിതിയിലെ ഏക കത്തോലിക്കാമെമ്പറാണ് മി. വർക്കി.

പനയോലമേഞ്ഞ ഒരു പള്ളിയും ഒരു കുടിലും—അതായിരുന്നു ആ അഭിനവ പ്രേഷിതകേന്ദ്രം. ആഗസ്റ്റ്സമരകാലത്തു നാടൻബോമ്പുപൊട്ടിയ ഒരു റെയിൽവേപാലത്തിന്റെ തൊട്ടടുത്താണ് ആ സ്ഥലം. പുകതുപ്പി ചീറിപ്പാഞ്ഞുപോകുന്ന എക്സ്പ്രസ്സ്‌വണ്ടികൾ ആ പാലത്തിന്മേൽ വന്നാൽ പതുക്കെപ്പതുക്കെ ഇഴയാൻ തുടങ്ങും. പാലത്തിന്റെ പൊളിഞ്ഞ കാലുകൾ കാണ്മാൻ ഗാന്ധിത്തൊപ്പിയിട്ട ചില യാത്രക്കാർ വണ്ടിയിൽനിന്നു പുറത്തേക്കു തലനീട്ടും, കീറത്തലയിണയിൽനിന്നു തുറിച്ചുചാടുന്ന പഞ്ഞിക്കഷണങ്ങൾപോലെ. മററു ചില യാത്രക്കാർ കുരിശുനാട്ടിയ ആ കൊച്ചുവളപ്പ് അവജ്ഞയോടെ നോക്കിക്കൊണ്ടിരിക്കും.

ഫാദർ വില്യംസ് ക്രിസ്തുവിന്റെ ലളിതമധുരമായ പ്രബോധനങ്ങൾ സരളമോഹനമായി പ്രസംഗിച്ചുതുടങ്ങി സുന്ദരമായ ഹിന്ദുസ്ഥാനിയിൽ. ഖാദിക്കൾസവും പൈജാമയും ധരിച്ച അന്നാട്ടിലെ ചെറുപ്പക്കാർ ആ പ്രസംഗങ്ങൾകേട്ട് ആവേശംപൂണ്ടു. പക്ഷേ ആര്യസമാജക്കാരുടെ ആഗമനത്തോടെ സ്ഥിതിഗതികൾ തകിടംമറിഞ്ഞു. ഇന്ത്യൻ മിഷനറിമാരെ നിരുന്മേഷരും നിരുദ്ധകണ്ഠരുമാക്കുന്ന കീറാമുട്ടികൾ പൊന്തിവന്നു. "പറയമതം" പരത്തുന്ന പാതിരി, പാശ്ചാത്യരുടെ പാദസേവകൻ, ഹരിജനകപോതങ്ങളെ അമ്പെയ്തുവീഴ്ത്തുന്ന വികടവേടൻ—വില്യംസ് പാതിരിക്കു സിദ്ധിച്ച വിജയശൃംഖലകളാണവ! അദ്ദേഹത്തിന്റെ സകല പ്ലാനും പൊളിഞ്ഞു. പ്രസംഗപ്രസ്ഥാനം തോററു തുന്നംപാടി, അഭ്യസ്തവിദ്യർ അദ്ദേഹത്തെ ശ്രവിക്കാതെയായപ്പോൾ. സക്രാരിയിലെ ആ പ്രേമഗുരുവിനോടുതന്നെയായി ആ പ്രേഷിതഭിക്ഷുവിന്റെ സംഭാഷണം. പ്രിയപ്പെട്ട ഈശോ ആ വത്സനെ സാന്ത്വനപ്പെടുത്തി.

Homoeopathic Poor Dispensary—Fr. Muller's,
KANKANADY, P. O., S. INDIA
DEPOT FOR Fr. MULLER'S SPECIFICS & BIOCHEMIC TONICS
*Direct Importers of Homoeopathic Medicines & Tissue Remedies.*
Luyties & Walkers Specialities and Medical Books
സർവ്വവിഷസംഹാരിയായ "തിരിയക്ക്" എത്രയും ഫലപ്രദമാണെന്നു അനുഭവസ്ഥർ സാക്ഷിപ്പെടുത്തുന്നു. (സത്യദീപം 1950 സെപ്റ്റംബർ 6, പേജ 8)
Price List on Application

മദ്ധ്യേന്ത്യയിൽ മഴക്കാലം പിറന്നു. ഇടമുറിയാത്ത മഴ. നർമ്മദ കരകവിഞ്ഞൊഴുകി. ഗോപാൽഘർ ഗ്രാമം വെള്ളത്തിനടിയിലായി! ഒഴുകിപ്പോകുന്ന മൃതശരീരങ്ങൾ! അലഞ്ഞുതിരിയുന്ന ജീവച്ഛവങ്ങൾ! ഹാ! ഹൃദയഭേദകമായ ദാരുണരംഗങ്ങൾ ആ ഗ്രാമീണരെ ഭയചകിതരാക്കി. ആര്യസമാജക്കാർ പ്രകൃതിയുടെ ആ വികൃതിയിലും ഒരു പ്രതിഷേധപ്രമേയം പാസ്സാക്കി. ഫാദർ വില്യംസിന്റെ മൃദുലഹൃദയം വികാരതരളിതമായിക്കഴിഞ്ഞു. അദ്ദേഹം മുന്നോട്ടുവന്നു ആ പാവങ്ങളെ പരിരക്ഷിക്കുവാൻ. മലവെള്ളത്തിൽ അലിഞ്ഞുചേരുന്ന അർദ്ധശവങ്ങളെ ആ അഭിഷിക്തകരങ്ങൾ ആഞ്ഞെടുത്തു. അനേകം ഭവനരഹിതർ മിഷൻ കേന്ദ്രത്തിൽ അഭയംതേടി.

വെള്ളപ്പൊക്കത്തോടൊപ്പം പകർച്ചവ്യാധിയും പടർന്നുപിടിച്ചിരുന്നു. കോളറ അനേകം പേരെ കൊന്നൊടുക്കി. വില്യംസച്ചൻ ആ ഘോരരാക്ഷസനോടും ധീരസമരം ചെയ്തു. ഇരവും പകലും ആ ത്യാഗവീരൻ ഗ്രാമത്തിലെ ഓരോ വീടുകളിലും കയറിയിറങ്ങി മൃതദേഹങ്ങൾ സംസ്കരിക്കുകയും രോഗികളെ ശുശ്രൂഷിക്കുകയും ചെയ്തു. തന്നെ അനുഗമിച്ചിരുന്നയുവജനങ്ങൾ ഫാദറിന്റെ ത്യാഗശീലം കണ്ടു ഇളകിവശരായി. ക്രിസ്തുവിന്റെ ഒരു പ്രതിച്ഛായ അവരദ്ദേഹത്തിൽ ദർശിച്ചു. ഒരു പുരോഗമനസാഹിത്യകാരൻ നാഗപ്പൂരിലെ ഒരു ഹിന്ദി പത്രത്തിൽ നല്ലൊരു ചെറുകഥയെഴുതി. സിദ്ധാർത്ഥന്റെ ഹൃദയശുദ്ധിയും ജീമൂതവാഹനന്റെ ജീവകാരുണ്യവും നേതാജിയുടെ നിഷ്കാമസേവനവും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന ഒരു ക്രിസ്ത്യൻ മിഷനറിയായിരുന്നു അതിലെ കഥാവസ്തു.

കൃഷിയെല്ലാം മുങ്ങിപ്പോയതിനാൽ അതികഠിനമായ ഭക്ഷണക്ഷാമമാണ് അടുത്ത വേനൽ ആ ഗ്രാമീണർക്കു സമ്മാനിച്ചത്. വററിവരണ്ടുകിടക്കുന്ന കൃഷിസ്ഥലങ്ങൾ ഫാദർ വില്യംസിനെ ഇരുത്തിച്ചിന്തിപ്പിച്ചു. അദ്ദേഹം ഒരു പദ്ധതി കണ്ടുകഴിഞ്ഞു. യുവജനങ്ങളുടെ ഒരു സന്നദ്ധസേന രൂപീകൃതമായി, നർമ്മദാനദിയിൽനിന്നൊരു തോടു കീറുവാൻ... ഗോപാൽഘർഗ്രാമം പച്ചപിടിച്ചു. മുത്താറിയും ബജ്റയും സമൃദ്ധമായി വിളഞ്ഞു. കർഷകർ ആനന്ദതുന്ദിലരായി ആ മിഷനറിയെ പ്രകീർത്തിച്ചു. "സുവിശേഷപ്രസംഗത്തിനു നിയുക്തനായ താൻ സ്വകൃത്യനിർവ്വഹണത്തിൽനിന്നു തെല്ലും വ്യതിചലിച്ചില്ലേ" എന്നൊരു ചിന്ത വില്യംസച്ചനെ വിഷാദചിത്തനാക്കി. "സുവിശേഷപ്രസംഗത്തിനുള്ള നല്ലൊരു പശ്ചാത്തലമാണ് ഞാനീ പടുത്തുകഴിഞ്ഞത്." അദ്ദേഹം ആത്മഗതം ചെയ്തു.

വിശ്രമരഹിതമായ കായികക്ലേശങ്ങളും നിസ്തന്ദ്രമായ പ്രാർത്ഥനയും ഇളവില്ലാത്ത ഉപവാസവ്രതവും ആ പ്രേഷിതയുവാവിനെ ക്ഷീണഗാത്രനാക്കി. അദ്ദേഹം ഇടയ്ക്കിടെ കൊക്കി കൊക്കി ചുമയ്ക്കുവാനും തുടങ്ങി. ആഭിജാത്യം തികഞ്ഞ സവർണ്ണഹിന്ദുക്കളിൽ സുവിശേഷബീജം പാകുവാൻ അധികനാൾ അദ്ദേഹത്തിനു സാധിച്ചില്ല. ഫാദർ വില്യംസ് ഒരു മരക്കട്ടിലിൽ ചുരുണ്ടുകിടപ്പായി. ഫാദർ ക്ഷയരോഗബാധിതനായെന്നറിഞ്ഞപ്പോൾ ഗ്രാമവാസികൾ കരയാൻ തുടങ്ങി; ഹൈന്ദവയുവാക്കൾ അദ്ദേഹത്തെ സ്നേഹപൂർവ്വം പരിചരിച്ചുപോന്നു. രോഗം മൂർച്ഛിച്ചുവന്നു. നാഗപ്പൂരിൽനിന്നു ഒരു വൈദികൻ സ്ഥലത്തെത്തി. ദിവ്യകാരുണ്യനാഥൻ ആ മരണാസന്നന്റെ ഹൃദയത്തിൽ എഴുന്നെള്ളിവന്നു. കവിളൊട്ടി കണ്ണുകുഴിഞ്ഞ ആ വിളറിയമുഖം പ്രകാശപൂർണ്ണമായി. കൊച്ചുമുറി ജനനിബിഡമായിരുന്നു. ഗ്രാമവാസികൾ തങ്ങളുടെ പ്രിയപിതാവിനെ ഒരു നോക്കു കാണുവാൻ അവിടെ തിങ്ങിക്കൂടി. വില്യംസച്ചന്റെ വിശാലമായ നെററിത്തടത്തിൽ വിയർപ്പുതുള്ളികൾ പൊടിഞ്ഞുനിന്നു. നൂറുനൂറു വികാരങ്ങൾ അദ്ദേഹത്തിന്റെ നിർമ്മലഹൃദയത്തിൽ അണിനിരന്നു. അദ്ദേഹം വീണ്ടും ചുമയ്ക്കുവാൻ തുടങ്ങി. തുപ്പുപാത്രത്തിൽ ചോരത്തുള്ളികൾ ഇററിററുവീഴുന്നതു കണ്ടപ്പോൾ ചില ഹൈന്ദവസുഹൃത്തുക്കൾ വിമ്മി വിമ്മിക്കരഞ്ഞു. അദ്ദേഹം അവരെ വിളിച്ച് കുറുങ്ങിയ സ്വരത്തിൽ എന്തോ പറഞ്ഞു. "അതേ—പിതാവേ, ഞങ്ങൾ ഇതാ സന്നദ്ധരായിക്കഴിഞ്ഞു." അവർ പ്രതിവചിച്ചു. ചുരുണ്ടതാടിയുള്ള ആ നാഗപ്പൂർ മിഷനറിയുടെ മുമ്പിൽ ആദർശനിഷ്ഠയുടേയും ആത്മാർത്ഥതയുടേയും മൂർത്തീഭാവങ്ങളായ അരഡസൻ യുവാക്കൾ മുട്ടുകുത്തി. പരിശുദ്ധാരൂപി ആ ഹൈന്ദവഹൃദയങ്ങളിൽ അധിവസിച്ചുകഴിഞ്ഞതോടെ രജപുത്താനയിലെ മണലാരണ്യത്തിലും ഡക്കാനിന്റെ പീഠഭൂമിയിലും സുവിശേഷഗീതം പാടാൻ വെമ്പിയിരുന്ന ആ പൈങ്കിളി പറുദീസായിലേക്കു പറന്നുകഴിഞ്ഞു. ഗ്രാമവാസികൾ ആ പുണ്യചരിതന്റെ പാദപത്മങ്ങൾ തൊട്ടുചുംബിച്ചു. പുഷ്പച്ചെണ്ടുകളും കുങ്കുമപ്പൊടിയും ആ മൃതദേഹത്തിൽ കുന്നുകുന്നായിക്കൂടി.

മാർ തോമാശ്ലീഹായുടെ പത്തൊൻപതാം ശതാബ്ദാഘോഷക്കമ്മിററിയുടെ ഉൽഘാടനയോഗത്തിൽ സംബന്ധിക്കുവാൻ ഫാദർ മൈക്കിൾ ഡൽഹിക്കു പോവുകയാണ്. ഭാർഗ്ഗവക്ഷേത്രങ്ങളെയും ശംഖുനാദങ്ങളെയും പിന്നിട്ടുകൊണ്ട് ജയിംസ് വാട്സിന്റെ ആ നൂതനവാഹനം ഇന്ത്യയുടെ തലസ്ഥാനനഗരിയിലേക്കു പായുകയാണ്. മൂന്നു ദിവസം തുടർച്ചയായി ദിവ്യബലിയർപ്പിക്കുവാനും ദിവ്യകാരുണ്യം സ്വീകരിക്കുവാനും സാധിക്കാത്തതിനാൽ ഉന്മേഷരഹിതനായിക്കൊണ്ട് മൈക്കിളച്ചൻ ആ എക്സ്പ്രസ്സ് വണ്ടിയുടെ ഒരു മൂന്നാംക്ലാസ്സുമുറിയിൽ ഇരുന്നിരുന്നു. വണ്ടി ഗോപാൽഘറിലെ ആ പാലത്തിന്മേൽ വന്ന് പതിവിൻപടി ഇഴയാൻ തുടങ്ങി. അന്തിമസൂര്യൻ വിന്ധ്യാദ്രിയുടെ വിരിമാർവിടത്തിൽനിന്നു നർമ്മദാനദിക്കുമീതെ കനകക്കമ്പികൾ നീട്ടുന്നു, പകലിനു പതുക്കെ കടന്നുപോകുവാൻ. മൈക്കിളച്ചന്റെ ദൃഷ്ടികൾ റയിൽവേക്കരികെ സ്ഥിതിചെയ്യുന്ന ആ മിഷൻ കേന്ദ്രത്തിൽ ചെന്നു പതിഞ്ഞു. അഭിനവമായി നിർമ്മിച്ച ഒരു മനോഹരദേവാലയം! മുററത്തൊരു കൊച്ചുകപ്പേള! ഒരു കൂട്ടം ജനങ്ങൾ ഭക്തിനിർഭരമായി മുട്ടുകുത്തി നില്ക്കുന്നു ആ കപ്പേളയ്ക്കകത്തും പുറത്തും. ഫാത്തിമാനാഥയുടെ ഒരു തിരുസ്വരൂപം ആ ജപമാലഭക്തരെ നോക്കി പുഞ്ചിരിതൂകുന്നു! ഒരു വൈദികൻ ആ പള്ളിവരാന്തയിലിരുന്നു പാപവിമോചനം നൽകുന്നുണ്ട്. മിഷൻ കേന്ദ്രത്തിന്റെ വടക്കെ അററത്ത് പരിഷ്കൃതരീതിയിലുള്ള ഒരു കത്തോലിക്കാഗ്രന്ഥാലയം സ്ഥിതിചെയ്തിരുന്നു. അതിന്റെ അങ്കണത്തിൽ കണ്ട ഒരു സ്മാരകസ്തംഭം മൈക്കിളച്ചനെ വികാരവിജൃംഭിതനാക്കി. വണ്ടി മുന്നോട്ടുനീങ്ങിയതിനാൽ തന്റെ ഓമനമകനായ ഫാദർ വില്യംസിന്റെ ആ മാർബിൾപ്രതിമ അശ്രുപൂർണ്ണമായ ആ കണ്ണുകളിൽനിന്നു മറഞ്ഞുകഴിഞ്ഞു!!

# തീർത്ഥകസ്മരണകൾ

X

റോമയിലെത്തുന്ന ആരുടെയും ജാതിമതഭേദമെന്യെ ഹാദാകർഷിക്കുന്ന രണ്ടു സങ്കേതങ്ങളാണു വി. പത്രോസിന്റെ ബസിലിക്കായും, വത്തിക്കാൻ അരമനയും. രണ്ടിനെക്കുറിച്ചും പലതും പറഞ്ഞുകേട്ടിട്ടുണ്ടു്; വായിച്ചറിഞ്ഞിട്ടുണ്ടു്. സെന്റ് പീറ്റേർസ്—ലോകത്തിലേക്കേറ്റം വലിയ ദൈവാലയം; വത്തിക്കാൻ—ഭൂമുഖത്തെ പ്രമുഖ ധാർമ്മികകേന്ദ്രം. തിളച്ചുമറിയുന്ന ജിജ്ഞാസയോടെ അവയെത്തന്നെ ഒരു നോക്കു കണ്ടിട്ടാകാം ഇതരസന്ദർശനങ്ങൾ എന്നു ഞങ്ങൾ തീരുമാനിച്ചു. എന്നാൽ സെന്റ് പീറ്റേർസിന്റെ വിശാലവും വിചിത്രവുമായ മുഖാങ്കണത്തിൽ ചെന്നെത്തിയപ്പോൾ എനിക്കു കുറച്ചൊരു ഇച്ഛാഭംഗമാണുണ്ടായതു്. കൂട്ടുകാരിൽ പലർക്കും അതേ അനുഭവമാണുണ്ടായതെന്നു അവരുടെ ചില ചോദ്യങ്ങൾ വ്യക്തമാക്കി. പ്രതീക്ഷിച്ച തോതിലുള്ള ആകാരവൈപുല്യമോ പ്രകൃതിഗാംഭീര്യമോ പള്ളിക്കെട്ടിടങ്ങൾക്കു പുറമെ പ്രത്യക്ഷപ്പെടുന്നതായി തോന്നിയില്ല. ദൈവാലയത്തിനുള്ളിൽ കടന്നു് അങ്ങോട്ടുമിങ്ങോട്ടുമൊന്നു കണ്ണോടിച്ചപ്പോഴാണു്, സെന്റ് പീറ്റേർസിനു ദൈവാലയമഹാരാജ്ഞിയെന്ന മഹനീയപദവിക്കുള്ള അവകാശത്തെ അടുത്തകാലത്തെന്നല്ല, ഒരു കാലത്തും ആരും വെല്ലുവിളിക്കുവാൻ മുതിരുകയില്ലെന്നു അസന്ദിഗ്ദ്ധമായി ബോദ്ധ്യപ്പെട്ടതു്; ആംഗ്ലേയകവിപുംഗവനായ ബൈറന്റെ കവിതാശകലത്തിൽ അതിശയോക്തിസ്പർശമശേഷമില്ലെന്നു വിസ്മയാവശനായി സമ്മതിച്ചതു്.

"But thou of temples old, or altars new,
Standest alone with nothing like to thee;
Worthiest of God, the holy and the true,
Since Sion's desolation, when that He
Forsook His former city, what could be
Of earthly structures, in His honour piled,
Of a sublimer aspect? Majesty,
Power, Glory, Strength, and Beauty, all are aisled
In this eternal ark of worship undefiled."

ബസിലിക്കായുടെ മുൻഭാഗത്തു് ഒരു മൈതാനംപോലെ പരന്നുകിടക്കുന്ന പിയാസാ എന്നു പ്രസിദ്ധമായ മുറ്റത്തിൽ രണ്ടുലക്ഷം കുതിരപ്പടയാളികൾക്കു സമരായുധസമേതം അണിനിരക്കുവാൻമാത്രം സ്ഥലസൗകര്യമുണ്ടെന്നാണു പറയപ്പെടുന്നതു്. സഭയുടെ പൂർവ്വചരിത്രത്തെക്കുറിച്ചു അല്പമെങ്കിലും പിടിപാടുള്ള ഒരു തീർത്ഥകനെ കോൾമയിർക്കൊള്ളിക്കുന്ന ഒരു പരിപാവനരംഗമാണു ഈ പിയാസാ. ക്രൂരനായ നീറോയുടെ വിനോദരംഗം—Nero's Circus—ഇവിടെയാണു സ്ഥിതിചെയ്തിരുന്നതു്. ക്രിസ്തുമതത്തോടുള്ള പൈശാചികവിദ്വേഷം ഉടലെടുത്ത നിഷ്ഠുരനായ ആ നാടുവാഴിയുടെ വാഴ്ചക്കാലത്തു പ്രസ്തുതസ്ഥലത്തുവെച്ചു വേദസാക്ഷികളായി മരിച്ചിട്ടുള്ള ക്രിസ്ത്യാനികൾക്കു കയ്യും കണക്കുമില്ല. അഞ്ചാംപീയൂസ് മാർപ്പാപ്പാ പോളണ്ടിലെ നയതന്ത്രപ്രതിനിധിയൊന്നിച്ചു പിയാസായിൽക്കൂടി ബസിലിക്കായിലേക്കു എഴുന്നെള്ളുകയായിരുന്നു. ഇടയ്ക്കുവെച്ചു കുനിഞ്ഞു ഒരുപിടി മണ്ണുവാരിയെടുത്തു കൂട്ടുകാരനു നൽകിക്കൊണ്ടു് ആ പുണ്യശ്ലോകൻ കല്പിച്ചരുളി: "ഇതൊരു പൂജ്യാവശിഷ്ടമായി സൂക്ഷിക്കുക; രക്തസാക്ഷികളുടെ ചോരപുരണ്ടു ചുവപ്പണിഞ്ഞിട്ടുള്ള മൺതരികളാണിവ."

പരസഹസ്രം വീരവേദസാക്ഷികളുടെ ചുടുരക്തം വാർന്നൊഴുകി നനഞ്ഞിട്ടുള്ള പരിശുദ്ധ ഭൂമിയിലാണു ക്രൈസ്തവലോകത്തിന്റെ മഹാ ഭദ്രാസനദൈവാലയം അടിത്തറയുറപ്പിച്ചു നിലകൊള്ളുന്നതു്. ഒന്നിനുപുറകെ ഒന്നായി മുപ്പതു മാർപ്പാപ്പാമാർ ആദ്യത്തെ 250 വർഷത്തിനുള്ളിൽ വേദസാക്ഷികളായി പരഗതിയടഞ്ഞിട്ടുണ്ടു്. തികവൊത്ത അർത്ഥത്തിൽ ഇതൊരു പുണ്യഭൂമിതന്നെ. ഒരുകാലത്തു നിരപരാധികളായ വിശ്വസ്ത ക്രിസ്തുഭക്തരുടെ ദീനരോദനങ്ങളും മരണനിലവിളികളുംകൊണ്ടു മുഖരിതമായിരുന്ന അന്തരീക്ഷം ഇന്നു ഭക്തതീർത്ഥകരുടെ സ്തോത്രഗീതങ്ങളാലും പ്രാർത്ഥനാഗാനങ്ങളാലും മാറ്റൊലിക്കൊള്ളുന്നു.

മുഖാങ്കണത്തിന്റെ ഇരുപാർശ്വങ്ങളിലും അർദ്ധവൃത്താകൃതിയിൽ ബെർനീനി എന്ന ശില്പകലാവിദഗ്ദ്ധനാൽ നിർമ്മിതമായ മാർബിൾ സ്തംഭനിരകളുയർന്നുനില്ക്കുന്നു. ഓരോ നിരയിലും 142 തൂണുകൾ വീതമുണ്ടു്. ഓരോന്നിനും 64 അടി ഉയരംവരും. ഇരുനിരകളുടേയും ഇടയിൽ 61 അടി വീതിയുണ്ടു്. ഈ വഴിപ്പുരയുടെ മുകളിൽ രണ്ടു ഭാഗത്തുംകൂടി 182 പുണ്യാത്മാക്കളുടെ ഭീമകായപ്രതിമകൾ സ്ഥാപിതമായിരിക്കുന്നു. 11 അടിയാണു് ഓരോന്നിന്റെയും പൊക്കം. കോളൊണെയിഡ് എന്നറിയപ്പെടുന്ന പ്രസ്തുത സ്തംഭനിരകൾക്കിടയിലൂടെയാണു 1870 നു മുമ്പു—പീഡ്മോണ്ടു രാജവംശം വത്തിക്കാൻരാജ്യം ആക്രമിച്ചെടുക്കുന്നതിനുമുമ്പു—വി. കുർബാനയുടെ തിരുനാളിൽ അത്യാഡംബരപൂർവ്വമുള്ള ദിവ്യകാരുണ്യപ്രദക്ഷിണം പരിശുദ്ധ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിലും, നിരവധി വൈദികാദ്ധ്യക്ഷന്മാരുടേയും പരശതം പുരോഹിതന്മാരുടേയും അസംഖ്യമായ ഭക്തജനങ്ങളുടേയും സഹകരണത്തിലും നടത്തപ്പെട്ടിരുന്നതു്. അതിനുശേഷം ഇക്കൊല്ലം ആദ്യമായിട്ടാണു് ഇക്കഴിഞ്ഞ ജൂൺ 8-ാംനു 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അതേ മഹോത്സവം അനേകലക്ഷങ്ങളുടെ അകമ്പടിയോടുകൂടി പണ്ടത്തെക്കാളധികം ആഘോഷാഡംബരങ്ങളോടെ നിർവ്വഹിച്ചതു്.

പിയാസായുടെ നടുനായകമായി പരിലസിക്കുന്നതും, കാണികളെ കൗതുകനിമഗ്നരും അത്ഭുതസ്തബ്ധരുമാക്കുന്നതും, മദ്ധ്യസ്ഥാനത്തു ആകാശത്തേക്കുയർന്നുനില്ക്കുന്ന ഒബെലിസ്ക് എന്നു പറയുന്ന കരിങ്കൽത്തൂണാണു്. പീഠമടക്കം 132 അടിയാണു അതിന്റെ ഉയരം. അതിനു തനിച്ചു 83 അടി പൊക്കമുണ്ടു്. സൂര്യരശ്മിയുടെ ഭാഷയിലാണു് അതു ഒറ്റക്കല്ലിൽനിന്നു കൊത്തിയുണ്ടാക്കീട്ടുള്ളതു്. പുരാതന റോമൻ സേനാനികൾ തങ്ങൾ പിടിച്ചടക്കിയ രാജ്യങ്ങളിൽനിന്നു വിജയസ്മാരകമായി ഏതെങ്കിലും അപൂർവ്വസാധനം തലസ്ഥാനനഗരത്തിലേക്കു കൂടെ കൊണ്ടുപോവുക പതിവായിരുന്നു. ഈജിപ്തിൽനിന്നു കലിഗുളചക്രവർത്തി കൊണ്ടുവന്നതാണിതു്. ഈജിപ്ത്കാർ സൂര്യഭക്തരായിരുന്നുവല്ലോ. പ്രസ്തുത ഭക്തിപ്രകടനത്തിന്റെ പ്രത്യക്ഷലക്ഷ്യമായിട്ടാണു്, ആധുനികതലമുറകളെ വിസ്മയപരവശരാക്കുവാൻ പോന്ന ഒബെലിസ്ക് എന്ന പേരിൽ അറിയപ്പെടുന്ന സൂര്യരശ്മിച്ഛായയിലുള്ള ഈദൃശഗംഭീരസ്തംഭങ്ങൾ അവർ നിർമ്മിച്ചിരുന്നതു്. പ്രാചീന ഇജിപ്ഷ്യൻ ശില്പകലാവൈദഗ്ദ്ധ്യത്തിന്റെ വെന്നിക്കൊടിയായി അതു ഇന്നും പരിലസിക്കുന്നു. റോമായിലെ അതിപുരാതനമായ സ്മാരകങ്ങളിൽ പ്രമുഖമായൊരു സ്ഥാനം അതിനുണ്ടു്. ഇക്കാലത്തെപ്പോലെയുള്ള വാഹനസൗകര്യങ്ങളോ, യന്ത്രസജ്ജീകരണങ്ങളോ സങ്കല്പിക്കുവാൻപോലും സാദ്ധ്യമല്ലാതിരുന്ന അക്കാലത്തു 332 ടൺ ഭാരമുള്ള ഈ സ്തംഭം റോമാപുരിയിലേക്കു് എങ്ങനെ സംവഹിക്കപ്പെട്ടുവെന്നുള്ളതു ഒരു മഹാ രഹസ്യമാണു്.

നീറോയുടെ വിനോദരംഗത്തിന്റെ നടുവിലാണു് അതു ആദ്യം പ്രതിഷ്ഠിക്കപ്പെട്ടിരുന്നതു്. ചരിത്രപ്രസിദ്ധനായ പ്രസ്തുത മതപീഡകന്റെ വിദ്വേഷാഗ്നിയിൽ സംഖ്യയറ്റ ധീരാത്മാക്കൾ വെന്തുവെണ്ണീറായതു ആ സ്ഥലത്തുവെച്ചാണു്. അതിനു തൊട്ടടുത്തുവെച്ചാണത്രെ വി. പത്രോസ് രക്തസാക്ഷിമകുടമണിഞ്ഞതും. ഇങ്ങനെ സഭയെ മുളയിൽത്തന്നെ നിർമ്മൂലനം ചെയ്യുവാൻ നടത്തപ്പെട്ട ബീഭത്സവും രാക്ഷസീയവുമായ ഉദ്യമങ്ങൾക്കു നിശ്ശബ്ദസാക്ഷിയായി നിലകൊണ്ടിരുന്നതാണു പ്രസ്തുത സ്തംഭം. ഇന്നാകട്ടെ അതേ സഭയുടെ അസൂയാവഹമായ വിജയത്തിന്റെ മൂകകാഹളവാദകനായി അതു വിരാജിക്കുന്നു. റോമൻസഭയുടെ ആദ്യംതൊട്ടിന്നോളമുള്ള ഗതിവിഗതികളുടെ ഈ നിത്യസാക്ഷിയെ നമ്രശിരസ്കരായിട്ടല്ലാതെ നാമെങ്ങനെ അഭിവാദ്യംചെയ്യും! 5-ാം സിക്സ്റ്റസ് പാപ്പായാണു 1586-ൽ അതു ഇപ്പോഴത്തെ സ്ഥാനത്തു മാറ്റിസ്ഥാപിച്ചതു്. ബസിലിക്കാ ദൈവാലയത്തിന്റെ സങ്കീർത്തിയുടെ പുറത്തു ഒബെലിസ്ക് ആദ്യം നിന്നിരുന്ന സ്ഥാനം കുറിക്കുന്ന ഒരു ശിലാലേഖനം കാണാം. പുതിയ സ്ഥാനത്തു പ്രതിഷ്ഠിച്ചപ്പോൾ അതിന്റെ ഉച്ചിയിൽ ഓടുകൊണ്ടുള്ള ഒരു കുരിശു നാട്ടുകയുണ്ടായി. അതിന്റെ ഉള്ളിൽ വി. കുരിശിന്റെ ഒരംശവും അടക്കംചെയ്തിട്ടുണ്ടു്.

സന്ദർശകരെ കുതൂഹലചിത്തവൃത്തികളാക്കുന്ന വേറൊരു മനോജ്ഞകാഴ്ചയാണു ഒബെലിസ്കിന്റെ ഇടത്തും വലത്തും അറുപതടിയോളം പൊക്കത്തിൽ ജലബിന്ദുക്കളെ ഊതിയുയർത്തി ഇരുപതടിയോളം ചുറ്റളവിൽ വർഷിപ്പിച്ചുകൊണ്ടു് നിരന്തരം പ്രവർത്തിക്കുന്ന രണ്ടു ധാരായന്ത്രങ്ങൾ. കരിമരുന്നുപ്രയോഗത്തിലെ തീപ്പൂവ്പോലെ. പക്ഷെ അഗ്നിസ്ഫുലിംഗങ്ങൾക്കു പകരം നീർക്കണങ്ങളാണെന്നുമാത്രം. അവയുടെ സമീപത്തുകൂടി നടന്നാൽ ഒരു ചാറ്റൽമഴയേറ്റ അനുഭവമുണ്ടാകും. ഒരുപക്ഷെ സത്യസഭയിലെ അനുസ്യൂതവും അക്ഷയവുമായ പ്രസാദവരപ്രവാഹങ്ങളെ പ്രദ്യോതിപ്പിക്കുന്ന ബാഹ്യചിഹ്നങ്ങളായിരിക്കാം അവ.

(പി. കാക്കശ്ശേരി)


ഓറിയൻറൽ ഇൻഷ്വറൻസ് & ബാങ്കിംഗ് യൂണിയൻ ലിമിററഡ്, തൃശ്ശിവപേരൂർ

ബ്രാഞ്ചുകൾ:—കണ്ടശ്ശാംകടവു, കാട്ടൂർ & തൃപ്പൂണിത്തുറ

Govt: Sanction Order L. Dis. 5883 50 R. D.

പുതുതായി തുടങ്ങുന്ന

**മാസക്കുറി**

**നറുക്ക്, 1ക്ക് 100 ക. 111 നറുക്ക് 11,100 ക. സല**

ഒന്നാമത്തെ നറുക്കെടുപ്പു്: 1950 നവമ്പർ 22-ാംനു-/1126 വൃശ്ചികം 7-ാംനു-കുറഞ്ഞതു് 3 ക. 2 ണ. യുടെ വീതം വരെ ചേരാം.

ജോസഫ് പെട്ട M. A. (Hons.)
(സെൻറ് തോമസ് കോളെജ് വൈസ്പ്രിൻസിപ്പാൾ)
തൃശ്ശിവപേരൂർ — ചെയർമാൻ ഓഫ് ദി ബോർഡ്



**അനുഭവസാക്ഷ്യം No. 68.**

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

പ്രിയ വൈദ്യരെ,

എന്റെ 70 വയസ്സു പ്രായമുള്ള അമ്മക്കു് മൂലക്കുരു, ശോധനക്കുറവു്, ശ്വാസതടസ്സം, പുളിച്ചുതികട്ടൽ, ഭക്ഷണം കഴിച്ചാൽ ഉടനെ ഛർദ്ദിക്കുക, ഓർമ്മക്കുറവു്, നീരിറക്കം (കാലുകളുടെ പാദങ്ങളിൽ നീരും കറുപ്പുനിറവും) മുതലായവകൾ ആരംഭിച്ചിട്ടു ഉദ്ദേശം അഞ്ചുകൊല്ലത്തോളമായി. തുടക്കംമുതൽ പല വിദഗ്ദ്ധവൈദ്യന്മാരുടെയും ചികിത്സകൾ മാറിമാറി ചെയ്തുകൊണ്ടിരുന്നു. എങ്കിലും മേൽവിവരിച്ച രോഗങ്ങൾ ക്രമേണ വർദ്ധിച്ചു് രോഗി വളരെ ക്ഷീണിക്കുകയാണു് ഉണ്ടായതു്. ഇപ്രകാരം നിരാശപ്പെട്ടുകഴിയുമ്പോഴാണു് ഞങ്ങൾ താങ്കളുടെ ജ്യേഷ്ഠൻ കാളത്തു് പാവുണ്ണി ലോനപ്പൻ വൈദ്യൻ അവർകളെ കൊണ്ടുവന്നു് രോഗിയെ കാണിച്ചതു്. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം മൂലക്കുരുവിനെ ശമിപ്പിക്കുവാനും, തടഞ്ഞുനില്ക്കുന്ന മലവും വായുവും യഥാക്രമം പ്രവർത്തിച്ചുതുടങ്ങുവാനും വേണ്ടിയുള്ള ഔഷധങ്ങളായ "നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം," എന്നിവകൾ ഉപയോഗിപ്പാനാണു് നിശ്ചയിച്ചതു്.

അദ്ദേഹത്തിന്റെ നിശ്ചയപ്രകാരം ഈ ഔഷധങ്ങൾ ഉപയോഗിച്ചു് തുടങ്ങിയതോടെ മൂലക്കുരു തുടങ്ങിയ രോഗങ്ങൾ ക്രമേണ കുറയുവാൻ തുടങ്ങി. ഉദ്ദേശം ഒരു കൊല്ലം മുൻപുമുതൽ ഈ ഔഷധങ്ങൾ ഉപയോഗിച്ചു് തുടങ്ങിയതിന്റെ ഫലമായി ഇപ്പോൾ അമ്മയുടെ മേൽപറഞ്ഞ രോഗങ്ങളെല്ലാം വളരെ സുഖപ്പെട്ടിരിക്കുന്നു. എന്നാൽ രോഗിക്കു് പ്രായാധിക്യമുള്ളതുകൊണ്ടും രോഗത്തിന്റെ പുനരാവർത്തിക്കിടവരാതിരിപ്പാനുംവേണ്ടി ഈ ഔഷധങ്ങൾ ലഘുവായ മാത്രയിൽ ഇപ്പോഴും ഉപയോഗിച്ചുവരുന്നുണ്ടു്.

പ്രായാധിക്യത്താലുള്ളതല്ലാത്ത ബുദ്ധിമുട്ടുകൾക്കെല്ലാം ദൈവസഹായത്താൽ ഇപ്രകാരം സുഖം സിദ്ധിച്ചിരിക്കുന്ന വിവരം ഈ ഔഷധങ്ങൾ കണ്ടുപിടിച്ചു് ആതുരന്മാരുടെ ആരോഗ്യസിദ്ധിക്കായി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന താങ്കളേയും ഇത്തരം രോഗങ്ങളിൽപെട്ടു് നിരാശരായി കഴിഞ്ഞുകൂടുന്ന രോഗികളേയും അറിയിക്കേണ്ടതു് എന്റെ കർത്തവ്യമാകയാലാണു് പ്രസിദ്ധീകരണാർത്ഥം ഈ അനുഭവസാക്ഷ്യം ഞാൻ സന്തോഷപൂർവ്വം താങ്കൾക്കു് അയച്ചുതന്നിട്ടുള്ളതു്.

നെടുമ്പാൾ, 31-10-1950 — പനങ്കുളത്തുകാരൻ പൗലോസു് ലോനപ്പൻ (ഒപ്പു), നെടുമ്പാൾ, പതുക്കാട് A. O. & P. O.

കാളൻ ആയുർവ്വേദിക്ക് ഫാർമ്മസി (റെയിൽവേസ്റ്റേഷനു സമീപം), നെല്ലായി P. O.



**അറിയിപ്പ്**

ഞങ്ങളുടെ ഏജൻറുമാർവഴി പത്രം വാങ്ങുന്ന വരിക്കാർ യഥാസമയം പത്രവില മുൻകൂർ കൊടുക്കാത്തതുകൊണ്ടു് ഏജൻറുമാർക്കു് ആപ്പീസിൽ നേരത്തെ അഡ്വാൻസ് അടച്ചു പത്രം വരുത്തുന്നതിനു അസൗകര്യവും താമസവും നേരിടുന്നുവെന്നും വിവരം വരിക്കാരുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു പലേ ഏജൻറുമാരും ഞങ്ങൾക്കെഴുതിയിരിക്കുന്നു. എന്നാൽ ഓരോരുത്തർക്കുമായി പ്രത്യേകം പ്രത്യേകം ഈ വിവരം പരസ്യപ്പെടുത്താൻ നിവൃത്തിയില്ലാത്തതുകൊണ്ടു മേലാൽ ഏജൻറുമാരിൽനിന്നു യഥാസമയം പത്രം കിട്ടണമെന്നാഗ്രഹിക്കുന്നവർ പത്രവില മുമ്പരായി കൊടുത്തിരിക്കണമെന്നും അല്ലാത്തപക്ഷം പത്രം കിട്ടുന്നതല്ലെന്നുമുള്ള വിവരം എല്ലാ ഏജൻറുമാർക്കുംവേണ്ടി പരസ്യപ്പെടുത്തിക്കൊള്ളുന്നു. ഇക്കാര്യത്തിൽ ആപ്പീസുമായി യാതൊരെഴുത്തുകുത്തുകൾക്കും ആവശ്യമില്ലാത്തതാകുന്നു.

മാനേജർ, സത്യദീപം

വിമർശനവീഥി

# കമ്മ്യൂണിസ്റ്റ് അക്രമത്തിനു ചില ഉദാഹരണങ്ങൾ

വെറും പ്രചരണവും ആസൂത്രണവും കൊണ്ടുമാത്രം കമ്മ്യൂണിസ്റ്റുകാർ സംതൃപ്തരായിരുന്നില്ല; വിദ്വേഷവും അക്രമവും നിറഞ്ഞ അവരുടെ പരിപാടി നടപ്പിൽ വരുത്തുന്നതിനു അവർ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്. ഹൈദ്രാബാദിൽ, സായുധരായ കമ്മ്യൂണിസ്റ്റുകൾ ഒരുവശത്തും, പോലീസും ഇൻഡ്യൻ യൂണിയൻ പടയാളികളും മറുവശത്തുമായി അനവധി ഏറ്റുമുട്ടലുകൾ ഉണ്ടായിട്ടുണ്ട്. പരമാവധി ക്രൂരമായും അല്പംപോലും ശങ്കകൂടാതെയും കമ്മ്യൂണിസ്റ്റുകൾ ഈ സമരം വളരെക്കാലത്തേക്കു തുടരുകയുണ്ടായി. ഇൻഡ്യൻ യൂണിയൻ സൈന്യങ്ങൾ ഹൈദ്രാബാദിൽ പ്രവേശിച്ചശേഷം 1949 ജൂലൈ 31-ാംനു-വരെ, ഗ്രാമോദ്യോഗസ്ഥരുൾപ്പെടെ 400 പേരെ കമ്മ്യൂണിസ്റ്റുകൾ അറുംകൊല നടത്തി. ഭാര്യമാരുടേയും അമ്മമാരുടേയും സാന്നിദ്ധ്യത്തിൽ ഭർത്താക്കന്മാരേയും പുത്രന്മാരേയും വലിച്ചു വെളിക്കിട്ടു ചിത്രവധം ചെയ്കയുണ്ടായി. തങ്ങളുടെ പുരുഷന്മാരെപ്പററിയുള്ള വിവരങ്ങൾ നല്കുന്നതിനുവേണ്ടി സ്ത്രീകളെ യാതനകൾ അനുഭവിപ്പിച്ചു; വീടുകൾക്കു തീ കൊളുത്തുകയും, ജനങ്ങളെ തങ്ങളുടെ നിയന്ത്രണത്തിൽ നിർത്തുന്നതിനു കൊള്ളക്കാരുടെ സമ്പ്രദായങ്ങൾ അനുവർത്തിക്കുകയുമുണ്ടായി.

കല്ക്കട്ടായിലും ഇതരപ്രദേശങ്ങളിലും അവർ അക്രമപ്രവർത്തനങ്ങൾ നിർദ്ദയമായി തുടരുകയുണ്ടായി. പശ്ചിമബംഗാളിൽ അവർ നടത്തിയ ഭീതജനകമായ ഒട്ടുവളരെ അക്രമപ്രവർത്തനങ്ങളിൽനിന്നു രണ്ടെണ്ണം തിരഞ്ഞെടുത്തു അവയുടെ കഥ താഴെ കൊടുക്കുന്നു:

### അലൻബറി ഫാക്ടറിയിൽ

ഒന്നാമത്തേതു് 1949 ജൂൺ 16-ാംനു- കല്ക്കട്ടായിൽ താളിഗഞ്ചിൽ അലൻബെറി ഫാക്ടറിയിൽ നടന്ന ഒരു സംഭവം സംബന്ധിച്ചാണു്. അലൻബെറി ഫാക്ടറി നഷ്ടത്തിൽ നടന്നുകൊണ്ടിരുന്നതിനാൽ, അതിൻെറ മാനേജ്മെൻറു് കുറച്ചുനാളായി അതു അടച്ചുപൂട്ടുന്നതിനു ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു; എന്നാൽ അതിലെ ജോലിക്കാരാകട്ടെ, അവരുടെ ശമ്പളം, വരുമാനം മുതലായവയെപ്പററിയുള്ള അവകാശവാദങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. അതുകൊണ്ടു് കമ്പനിയുടെ മാനേജ്മെൻറു് 1949 ജൂൺ 16-ാം തീയതി ഒരു "ലോക്കൗട്ട്" പ്രഖ്യാപനം ചെയ്യാൻ തീരുമാനിച്ചു. തൊഴിലാളികൾ ബലംപ്രയോഗിച്ചു ഫാക്ടറി കൈവശപ്പെടുത്തുമെന്നു് സംശയിച്ചതിനാൽ, കുഴപ്പം തടയുന്നതിനു കല്ക്കട്ടാ പോലീസിനോടു ആവശ്യപ്പെട്ടിരുന്നു. ജൂൺ 15-ാംനു- രാത്രി ഏകദേശം 8 മണിക്കു കമ്പനിയുടെ സെക്യൂരിററി ആഫീസർമാരിൽ ഒരാളായ മി. സി. എസ്സ്. ചാററർജിയെ, ഫാക്ടറിയുടെ ചാർജ്ജ് ഏറെറടുക്കുന്നതിനും അടുത്തദിവസം അതിരാവിലെതന്നെ "ലോക്കൗട്ട്" പ്രഖ്യാപനംചെയ്യുന്നതിനുംവേണ്ടി കമ്പനിയുടെ ഹെഡാഫീസിൽനിന്നു താളിഗഞ്ചു് ഫാക്ടറിയിലേക്കു നിയോഗിച്ചു.

സെക്യൂരിററി ആഫീസരുടെ ആഗമനം എങ്ങനെയോ ഫാക്ടറിയിലെ തൊഴിലാളികൾ അറിയാൻ ഇടയായി. അർദ്ധരാത്രിയോടടുപ്പിച്ചു്, ആ കെട്ടിടത്തിലുള്ള 1,000 തൊഴിലാളികളിൽ കമ്മ്യൂണിസ്റ്റുബന്ധത്തിൽപെട്ട 500-ൽപരം ആളുകൾ "ലോക്കൗട്ട്" തടയുന്നതിനായി ബലംപ്രയോഗിച്ചു് ഫാക്ടറിയിൽ പ്രവേശിച്ചു. ജൂൺ 16 ാംനു- പോലീസു് രംഗത്തു് എത്തിയപ്പോൾ, തൊഴിലാളികൾ ഫാക്ടറി കൈവശപ്പെടുത്തിക്കഴിഞ്ഞിരുന്നു എന്നുമാത്രമല്ല, വൻതരം മോട്ടോർവാഹനങ്ങളുടേയും ലോറികളുടേയും ലഭ്യമായിരുന്ന മററു വാഹനങ്ങളുടേയും പിറകിൽ അവർ സ്വയം പ്രതിരോധസ്ഥാനങ്ങൾ തയ്യാറാക്കിയും കഴിഞ്ഞിരുന്നു. സംഭവവികാസങ്ങൾ സൂക്ഷിക്കുന്നതിനു പോലീസു് തീരുമാനിച്ചു. രാത്രി 10-30 നു അലൻബറി ഫാക്ടറിയുടെ മാനേജ്മെൻറു് സെക്യൂരിററി ആഫീസർ മി. ചാററർജിയെ കാണാനില്ലെന്നു താളിഗഞ്ചു് പോലീസിനു അറിവുകൊടുത്തു. സ്ഥലം പോലീസു് ഉടൻതന്നെ ഒരു അന്വേഷണം ആരംഭിച്ചു. ജൂൺ 17-ാംനു- അതിരാവിലെ ഫാക്ടറിയിൽ പ്രവേശിച്ചു. ഏതാനും ദാർവാൻമാരെ മാത്രമേ അവിടെ കണ്ടുള്ളു. തൊഴിലാളികൾ പോയിക്കഴിഞ്ഞിരുന്നു. സെക്യൂരിററി ആഫീസറെ അവർ അന്വേഷിച്ചതിൽ, സെക്യൂരിററി ആഫീസർ മി. ചാററർജിയെ തൊഴിലാളികൾ അറുംകൊല ചെയ്തു്, ഫാക്ടറിക്കുള്ളിൽത്തന്നെ ഒരു മോട്ടോർ ട്രക്കിനടിയിൽ കുഴിച്ചിട്ടെന്നു് അവർ കണ്ടുമുട്ടിയ ഒരു തൊഴിലാളി പറയുകയുണ്ടായി. അതേ തൊഴിലാളിതന്നെ ആ സ്ഥാനം കാണിച്ചുകൊടുക്കുകയും, അവിടെനിന്നു മൃതദേഹം വീണ്ടെടുക്കുകയും പോസ്റ്റുമാർട്ടം പരിശോധനയ്ക്കയക്കുകയും ചെയ്തു. അതിൽ അതികഠിനമായ ദേഹോപദ്രവങ്ങളുടെ പാടുകൾ ഉണ്ടായിരുന്നതിനാൽ മി. ചാററർജിയെ മൃഗീയമായി കൊലപ്പെടുത്തിയതാണെന്നു വ്യക്തമായിരുന്നു.

### സംഭവപരമ്പര

രണ്ടാമത്തെ സംഭവം, യഥാർത്ഥത്തിൽ ഒരു സംഭവപരമ്പരതന്നെയാണു്. അവ സംഭവിച്ചതു ഇക്കൊല്ലം ഫെബ്രുവരിയിൽ ആയിരുന്നു. 26-ാംനു- പകൽ പതിനൊന്നുമണിയോടുകൂടി കമ്മ്യൂണിസ്റ്റുകൾ ഗൺ ആൻഡു് ഷെൽ ഫാക്ടറി, ഡംഡമിലുള്ള ജസപ്പു് ആൻഡു് കമ്പനി വർക്ക്ഷാപ്പു്, ഡംഡംവിമാനത്താവളം, ഒരു പോലീസു് ഔട്ട്പോസ്റ്റു്, പശ്ചിമബംഗാളിലെ ബാസിർഹട്ട് (ഠാണ) എന്നിവ ഒരേസമയത്തു് ആക്രമിക്കുകയുണ്ടായി. ബോംബുകളും റിവാൾവറുകളും, സ്റ്റെൻഗണ്ണുകളും ഉപയോഗിക്കുകയും അക്രമികൾ ററാക്സികളിലും കാറുകളിലുമായി വരികയും ചെയ്തു. വിമാനത്താവളത്തിൽ ഒരു കാൺസ്റ്റബിളിനു പരുക്കുപററി. ഏഴു റൈഫിളുകളും അഞ്ചു ബയണററുകളും തട്ടിക്കൊണ്ടുപോയി. ബോംബുകളും സ്ഫോടകവസ്തുക്കളും എറിയുകയും നിലത്തുണ്ടായിരുന്ന ഒരു വിമാനം തീവയ്ക്കുകയും ചെയ്തു. ഗോൾഡു് വാൾട്ട് മുറിയുടെ മുമ്പിൽ കാവൽനിന്നിരുന്ന ഒരു കാൺസ്റ്റബിളിനു പരുക്കേററു. അക്രമികൾ ഉപേക്ഷിച്ചിട്ടുപോയ പതിനഞ്ചു "സജീവ" ബോംബുകൾ അടങ്ങിയ ഒരു ക്യാൻവാസ് സഞ്ചി വിമാനത്താവളം ഉദ്യോഗസ്ഥൻ കണ്ടെടുക്കുകയുണ്ടായി.

ഒരു പോലീസ് ഔട്ട്പോസ്റ്റിലും ബസിർഹോട്ട ഠാണായിലും നടന്ന ആക്രമണം ഉദ്ദേശം മുപ്പതു് അക്രമികൾ അടങ്ങിയ ചെറുതെങ്കിലും ദൃഢവ്രതമായ ഒരു സംഘമാണു് നിർവ്വഹിച്ചതു്. സെൻട്രികാൺസ്റ്റബിളിനെ റിവാൾവർ വെടികൾ മൂലം അവർ പരുക്കേല്പിക്കുകയും, ബോംബുകൾ എറിയുകയും, നാലു റൈഫിളുകൾ അപഹരിച്ചുകൊണ്ടു പോകുകയും ചെയ്തു. ബസിർഹാട്ട് പോലീസ് സ്റ്റേഷനിൽവച്ചു ഡ്യൂട്ടിയിൽ നിന്നിരുന്ന കാൺസ്റ്റബിൾമാരും അക്രമികളുംതമ്മിൽ പരസ്പരം വെടിനടക്കുകയുണ്ടായി. രണ്ടു കാൺസ്റ്റബിൾമാർ കൊല്ലപ്പെടുകയും ഒരു പോലീസു് ഇൻസ്പെക്ടർക്കു് ഗുരുതരമായ വിധം പരുക്കേൽക്കുകയുംചെയ്തു. പോലീസും സ്ഥലവാസികളും അക്രമികളെ പിന്തുടരുകയും, അവരിൽ രണ്ടുപേരെ പിടികൂടുകയും ചെയ്തു.

### ഏററവും ഭയങ്കരം

എന്നാൽ ഏററവും ഭയങ്കരമായ സംഭവം നടന്നതു് കല്ക്കട്ടായിലെ ഏററവും വലിയ എൻജിനിയറിംഗ് ഫേംസിൽനിന്നും ഡംഡം വിമാനത്താവളത്തിനു മിക്കവാറും എതിരായി സ്ഥിതിചെയ്യുന്ന ജെസപ് ആൻറു് കമ്പനിയുടെ തൊഴിൽശാലയിലായിരുന്നു. ഇവിടെ അവർ ഡ്യൂട്ടിയിൽ നിന്നിരുന്ന ഉദ്യോഗസ്ഥന്മാരെ ആക്രമിക്കുകയും ആംഗ്ലോ ഇൻഡ്യൻ ഫോർമാനെ മാരകമായവിധം പരുക്കേല്പിക്കുകയുമുണ്ടായി. കൂടാതെ അവർ കമ്പനിയിലെ മൂന്നു യൂറോപ്യൻ അസിസ്റ്റൻറന്മാരെ ജ്വലിച്ചുകൊണ്ടിരുന്ന തീച്ചൂളയിലേക്കു വലിച്ചെറിഞ്ഞു. അവരുടെ വെന്തുകരിഞ്ഞ ശരീരങ്ങൾ പിന്നീടു് കണ്ടെടുക്കുകയുണ്ടായി. ഈ സംഭവങ്ങളെല്ലാം കരുതിക്കൂട്ടിയുള്ള ഒരു പരിപാടിയുടേയും ഗൂഢാലോചനയുടേയും ഫലമായിരുന്നു. റവലൂഷണറി കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഒരു വിഭാഗവും ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുപാർട്ടിയും ഈ പരിപാടിയുടെ നിർവ്വഹണത്തിൽ പങ്കെടുത്തിരുന്നു.

പ്രേരണമൂലം ജനങ്ങളെ വശീകരിക്കുവാൻ എവിടെയെല്ലാം കമ്മ്യൂണിസ്റ്റുകാർ പരാജയപ്പെട്ടിട്ടുണ്ടോ അവിടെയൊക്കെ അവർ ഭീകരമാർഗ്ഗങ്ങൾ അവലംബിച്ചിട്ടുമുണ്ടു്. അവരുടെ പരിപാടി നിഷ്ഠുരമായി അനുവർത്തിക്കുന്നതിൽ അവർ ഇൻഡ്യയൊട്ടുക്കു ശതക്കണക്കിനുള്ള കുടുംബങ്ങൾക്കു മരണവും നാശവും വരുത്തിവച്ചിട്ടുണ്ടു്. അപ്രകാരമുള്ള സംഭവങ്ങൾ ഇവിടെ എടുത്തുപറയുവാൻ സാദ്ധ്യമല്ലാത്തവണ്ണം അസംഖ്യങ്ങളാണു്. എന്നിരുന്നാലും, അവർ അനുവർത്തിച്ചിട്ടുള്ള മാർഗ്ഗങ്ങളിൽ ചുരുക്കംചില മാതൃകാദൃഷ്ടാന്തങ്ങൾ താഴെ ചേർക്കുന്നു.

### ബെർഹേറാംപ്രദേശത്തു്

ബെർഹേറാംപ്രദേശം കാമരൂപ് ഡിസ്ട്രിക്ടിൽ 1949 ഫെബ്രുവരി 3-ാം വാരത്തിൽ പാട്ടം കൊടുക്കാതിരിക്കൽ പ്രസ്ഥാനം കമ്മ്യൂണിസ്റ്റുകാർ ആരംഭിച്ചകാലത്തു്, ട്രൈബൽ കമ്മ്യൂണിസ്റ്റുകാരുടെ ഒരുസംഘം ഒരു ചൗക്കിദാരോടു് അയാളുടെ യജമാനൻെറ പത്തായപ്പുരയുടെ താക്കോലുകൾ വയ്ക്കാൻ ആവശ്യപ്പെട്ടു. അയാൾ അതിനു വിസമ്മതിച്ചപ്പോൾ, അയാളെ മുഖാമുഖംനിന്നു വെടിവച്ചു. അയാളെ രക്ഷിക്കാൻവന്ന ഭാര്യയേയും വെടിവച്ചു ശിരസ്സിൽ മുറിവേല്പിച്ചു.

Thanksgiving



For favours received

V. M. Joseph

### റെയിൽവേ കോളനിയിൽ

നളിയാപ്പൂൾ റെയിൽവേ കോളനി, പി. എസ്സ്. ദിബ്രുഗാർ, ലാഖിംപൂർ ഡിസ്ട്രിക്ടിൽ 1949 ജൂലൈ 16-ാംനു- വെളിക്കുള്ള ചിലരും, ഐ. പി. ററി. എ. യും പീസ് കാൺഫറൻസും നടന്ന സ്ഥലത്തു് കാവൽനിന്നിരുന്ന കമ്മ്യൂണിസ്റ്റു് വാളണ്ടിയറന്മാരും തമ്മിൽ, ആദ്യം പറയപ്പെട്ടവർക്കു് പ്രവേശനം നിഷേധിച്ചതുമൂലം, ഒരു അടികലശൽ നടന്നു. പുറമെ നിന്നു വന്നവരെ വാളണ്ടിയറന്മാർ കഠിനമായി കയ്യേററം ചെയ്തു. ഒരു കേസ് രജിസ്റ്റർ ചെയ്യപ്പെടുകയും പിറേറദിവസം കാലത്തു് അന്വേഷണത്തിനുവന്ന പോലീസുകാർ പെട്ടെന്നു വളയപ്പെട്ടു് ആക്രമിക്കപ്പെടുകയും ചെയ്തു. പോലീസ് സംഘത്തിലെ എല്ലാ അംഗങ്ങൾക്കും മുറിവേററു; കഠിനമായി പരുക്കേററ പോലീസ് സബ്ഇൻസ്പെക്ടരെ കമ്മ്യൂണിസ്റ്റുകാർ അയാളുടെ വായിൽ ആസിഡു് ഒഴിച്ചു കൊലപ്പെടുത്തുകയും അയാളുടെ ശരീരം ഒരു അമേദ്ധ്യക്കുഴിയിൽ കുഴിച്ചുമൂടുകയും ചെയ്തു. കൂടുതൽ പോലീസ് സൈന്യം എത്തിയപ്പോൾ. ആസിഡ് ബോംബുകളും മററു കവണകളുംകൊണ്ടു് അവരേയും ആക്രമിച്ചു.

### തീവണ്ടി ആക്രമണം

അംഗുറി റെയിൽവേസ്റ്റേഷനും നതംയാലി റെയിൽവേസ്റ്റേഷനും ഇടയ്ക്കുവെച്ചു്, 1949 സെപ്ററംബർ 11-ാംനു- സായുധരായ പല കമ്മ്യൂണിസ്റ്റുകാർകൂടി, ഒരു മെയിൽട്രെയിൻ നിറുത്തിയ മമ്പിലത്തെ ഒരു സ്റ്റേഷനിൽവച്ചു് അതിൽ കയറി, അതു ഓടിക്കൊണ്ടിരിക്കുമ്പോൾ കൊള്ളചെയ്കയും പേക്കാക്കിനെ വെടിവച്ചു കൊല്ലുകയും, തീവണ്ടിക്കു വെളിയിൽ ചൗക്കിദാറെ തൂക്കി എറിഞ്ഞു് അയാളുടെ റൈഫിൾ അപഹരിക്കുകയും, അപകടച്ചങ്ങല വലിച്ചു് തീവണ്ടിയെ നിറുത്തിയശേഷം ഒരു ലക്ഷം രൂപാ കൊണ്ടു കടന്നുകളയുകയും ചെയ്തു.

### മൃഗീയമായ കൊലപാതകം

സന്തോഷ്പൂർ, പി. എസു്, ജഗത്ബല്ലവപൂർ, ഹൗറായിൽവച്ചു്, 1949 ഏപ്രിൽ 6 ാംനു-, കാർഷികപ്രസ്ഥാനത്തിൽ പോലീസിനെ സഹായിച്ചിരുന്ന ഹൗറാ ഡിസ്ട്രിക്ടിൽ, ഡോംജൂർ സന്തോഷ്പൂർ പി. എസ്സിലെ ഒരു മിസ്ത്രിമന്തയെ രാത്രി അയാൾ വീട്ടിലേക്കു മടങ്ങുമ്പോൾ ചില കമ്മ്യൂണിസ്റ്റുകാർകൂടി മൃഗീയമായി കൊലപ്പെടുത്തി. അയാളുടെ ശരീരം തുണ്ടുതുണ്ടായി റയിൽവേപാതയിൽ എറിഞ്ഞു.

### കൊള്ളയും അപഹരണവും

ലോയൽ ഗഞ്ചു്, പി എസ്സ്. കക്ദ്വീപ്, 24-പർഗ്ഗനാസിൽവച്ചു് 1949 ജൂൺ 2-3-ാംനു രാത്രി, ലാത്തികളും കുന്തങ്ങളും പ്രാണാപായകരമായ മററു ആയുധങ്ങളും ധരിച്ചു് സ്ഥലത്തെ (സി. പി. ഐ.) കൃഷക്സമിതിയിലെ അംഗങ്ങളായ ഉദ്ദേശം 100 കർഷകർകൂടി ഒരു ദ്വാരകാനാഥ്സമന്തയുടെ കച്ചാരിബാരിയെയും ലോയൽഗഞ്ചിലെ ദേവേന്ദ്രനാഥജനൻെറ ഭവനത്തേയും കൊള്ളചെയ്കയും, ദേവൻജനനേയും അയാളുടെ ഭാര്യ പൂതിജനയേയും മററു പലരേയും അപഹരിക്കുകയും ചെയ്തു. ആ ഭവനത്തിലെ മററു പല നിവാസികളേയും കഠിനമായി കയ്യേററം ചെയ്തു. ദേവൻജനനും അയാളുടെ ദർവാനും രക്ഷപെടുകയും അനന്തരം മന്മഥജനനേയും പൂതിജനയേയും വീട്ടിൽപോകുന്നതിനു കൊള്ളക്കാർ അനുവദിക്കുകയും ചെയ്തു. ദേവൻജനൻെറ മാതാവിനെ കൊല്ലുകയും ശവശരീരം കൊണ്ടുപോകുകയും ചെയ്തു.

### ഭവനഭേദനം

ദമ്രു, പി. എസ്സ് മഹമ്മദ് ബസാർ ബർഭുമിൽവച്ചു്, 1949 ജൂൺ21-ാംനു-, ചില കമ്മ്യൂണിസ്റ്റുകാർ ഒരു യോഗംകൂടി, ഒട്ടുമുക്കാലും സന്താലുകളായിരുന്ന അവരുടെ അനുയായികളെ ധനവാന്മാരുടേയും ജോട്ടഡാർമാരുടേയും ഭവനങ്ങളേയും ധാന്യപ്പുരകളേയും കൊള്ളചെയ്യുന്നതിനു പ്രേരിപ്പിച്ചു. അവിടെ ഉണ്ടായിരുന്ന ഒരു ജോട്ടഡാർ ഇതിനെ പ്രതിഷേധിച്ചു. കമ്മ്യൂണിസ്റ്റുകാർ അയാളെ ഓടിച്ചു കഠിനമായ കയ്യേററം ചെയ്കയും അയാളുടെ ഭവനവും ധാന്യപ്പുരയും കൊള്ളചെയ്കയും ചെയ്തു.

### കൂട്ടായ്മക്കവർച്ച

1949 ജൂലൈ 24-ാംനു-, ഉദ്ദേശം 20 കമ്മ്യൂണിസ്റ്റുകാർ മിഡ്നപൂർ ഡിസ്ട്രിക്ടിൽ പി. എസു്. ഗർബേതയിൽ നാമജമ്പയിലെ ആബദഖാൻെറ ഭവനത്തിൽ കൂട്ടായ്മക്കവർച്ച നടത്തുകയും അയാളേയും അയാളുടെ സഹോദരൻ ഹബീബഖാനേയും അയാളുടെ ഭാര്യയേയും കഠിനമായി മുറിവേല്പിക്കുകയും അവരുടെ ജംഗമവസ്തുക്കൾ സകലതും കൊള്ളചെയ്കയും ചെയ്തു.

### ബാങ്കു് ആക്രമണം

1949 സെപ്ററംബർ 12-ാംനു-, ഉച്ചയ്ക്കു് ഉദ്ദേശം 12 മണിക്കു് സ്റ്റെൻഗണ്ണും റിവാൾവറും കൈത്തോക്കുകളും ബോംബുകളും ധരിച്ച നാലു കമ്മ്യൂണിസ്റ്റുകൾ ഹൗറായിൽവച്ചു് ഒരു പ്രൈവററു് ടാക്സി വാടകയ്ക്കെടുത്തു് ഡ്രൈവറെ പൊയ്ക്കൊള്ളാൻ തോക്കു ചൂണ്ടി നിർബന്ധിച്ചിട്ടു് ഹൗറായിലെ ഇംപീരിയൽബാങ്കിൻെറ സിബ്പൂർ ശാഖയിലേക്കു് അതു വിട്ടു. അവർ ബാങ്കിലെ കൗണ്ടറിൽ ചാടിവീണു്, വെടിത്തോക്കുകൾ ചൂണ്ടി ബാങ്കുജോലിക്കാരിൽനിന്നും പണം പിടിച്ചുപറിച്ചു. ബാങ്കിൽനിന്നും പോകുന്നതിനുമുൻപു് അവർ ആയുധംധരിച്ച ദർവ്വാണിയെ കീഴടക്കി അയാളുടെ തോക്കും വെടിക്കോപ്പും എടുത്തുകൊണ്ടുപോയി.

## സർവ്വാധിപത്യരാഷ്ട്രം

(2-ാം പേജ് തുടർച്ച)

രാഷ്ട്രസ്ഥാപനമാണെന്നു അടുത്തുകഴിഞ്ഞ നാസിക്ക് കോൺഗ്രസ് സമ്മേളനം പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. അതു സംബന്ധിച്ച ആചാര്യകൃപാലിനി പറയുന്നതും ശ്രദ്ധേയമാണ്. "A welfare state is not possible unless the administration is efficient and honest. As it is, the Government is not able to discharge its primary responsibility of maintaining law and order."

### പരസ്പരസേവനത്തിനു സ്ഥാനമില്ല

ഇനിയും സർവ്വാധിപത്യരാഷ്ട്രത്തിനുള്ള മറെറാരു ദൂഷ്യം അതു പൗരസഞ്ചയത്തിൻെറ സ്വാശ്രയബോധവും സേവനസന്നദ്ധതയും കെടുത്തിക്കളയുന്നു എന്നുള്ളതാണ്. ദേശീയമാക്കൽ (Nationalisation) വർദ്ധിക്കുന്തോറും, തൊട്ടതിനൊക്കെ ഗവമ്മെൻറിനെ ശരണംപ്രാപിക്കുക എന്നുള്ള പരാശ്രയബുദ്ധിയും ജനങ്ങളിൽ ദൃഢമൂലമായിത്തീരുന്നു. പണ്ടുകാലങ്ങളിൽ തങ്ങൾക്കു അത്യാവശ്യം വേണ്ടതായ ചെറുതോടുകൾ, കുളങ്ങൾ, പാലങ്ങൾ, നടവഴികൾ, ചെറുചിറകൾ എന്നിവ അയൽവക്കക്കാർ ഒന്നുചേന്നു പ്രയത്നിച്ചുണ്ടാക്കിയിരുന്നു. സ്വന്തം കുട്ടികളുടെ വിദ്യാഭ്യാസത്തിനു ആവശ്യമായ ചട്ടവട്ടങ്ങളും അവർതന്നെ തയ്യാറാക്കിയിരുന്നു. എന്നാൽ ഇപ്പോഴാവട്ടെ ഗവമ്മെൻറ് എവിടെയും കൈയേറുമെന്നും എന്തിലും കൈകടത്തുമെന്നും, ആനുകൂല്യങ്ങളൊന്നും ആവശ്യപ്പെട്ടില്ലെങ്കിൽത്തന്നെയും, നികുതിപിരിച്ചു നട്ടംതിരിക്കുമെന്നും വന്നതോടുകൂടി, എന്തിനുമേതിനും ഹർജിയും നിവേദനവുമായി ആപ്പീസുകളുടെ പടിക്കൽ കാവൽനില്ക്കുക എന്നുള്ള നയമാണു ജനങ്ങൾ സ്വീകരിച്ചുകാണുന്നതു്. പട്ടിചത്തു പടിക്കൽ കിടന്നാലും, പൊട്ടക്കിണററിൽ കുട്ടിവീണാലും, കോഴിക്കൂട്ടിൽ കുറുക്കൻ കടന്നാലും, മരക്കൊമ്പൊടിഞ്ഞുവീണു വഴിനടത്ത മുടങ്ങിയാലും, ചിറപൊട്ടി വെള്ളമൊലിച്ചുപോയാലും, എല്ലാററിനും ഹർജിതന്നെ ആധാരം. കൂടാതെ, എല്ലാവക്കും എല്ലാററിനും ഗവമ്മെൻറുണ്ടെങ്കിൽ, പിന്നെ പരസ്പരം സഹായിച്ചിട്ടു് എന്താവശ്യം, എന്നൊരു മനോഭാവവും ജനസാമാന്യത്തിൽ പ്രബലപ്പെടുന്നു. അതോടെ, സമുദായസേവനമനുഷ്ഠിക്കുന്നതിനു, എന്നല്ല അയൽവക്കത്തെ അവശരുടെ വീടുകളിൽ ഒന്നു എത്തിനോക്കുന്നതിനുപോലും, ഉള്ള പ്രചോദനവും ഇല്ലാതായിത്തീരുന്നു. മി. ഹെയിലിയുടെ വാക്കുകൾ ശ്രദ്ധേയമാണ്: "The very plan of nationalization is calculated to weaken the altruistic and philanthropic motives which are behind voluntary service. It seeks to remove the so-called intermediaries, who being in touch with the people around them in any sphere of production, help to maintain cordial relations and provide the means for social service. In their place is to be put, under the scheme of nationalisation, a distant and unapproachable bureaucracy."—അതെ, അനുഭാവമില്ലാത്തവരും അടുത്തുകൂടാത്തവരും അചഞ്ചലരും അഹങ്കാരികളും, അജ്ഞരുമായ ഉദ്യോഗസിൽബന്ധികൾ.

### സ്വയംഭരണവാദം—അതിൻെറ പൊള്ളത്തരം

ഇങ്ങനെ, ഏതു വശത്തുകൂടി നോക്കിയാലും രാഷ്ട്രസർവ്വാധിപത്യത്തിൻെറ അതിസ്ഫുടങ്ങളായ അനിഷ്ടഫലങ്ങൾ തെളിഞ്ഞു കാണാം. ഒരു പക്ഷെ ചിലർ ചോദിച്ചേക്കാം: "ജനകീയരാഷ്ട്രങ്ങളിൽ ജനകീയ ഗവമ്മെൻറുകളല്ലേ സർവ്വ അധികാരങ്ങളും പ്രയോഗിക്കുന്നതു്; അഥവാ, നാം നമ്മെത്തന്നെ ഭരിക്കുകയല്ലേ ചെയ്യുന്നതു്; അതൊരു കൈയേററമാണെന്നും അനീതിയാണെന്നും മർദ്ദനമാണെന്നും മററും പറയുന്നതു ശരിയാണോ?" ഈ ചോദ്യത്തിൽ യുക്തിയുണ്ടെന്നു മററു ചിലരും വാദിച്ചേക്കാം. പക്ഷെ, സ്വർണ്ണസൂചികൊണ്ടായാലും കണ്ണിൽ കുത്തിയാൽ കണ്ണുപൊട്ടും എന്നുള്ളതാണു ആ വാദത്തിനുള്ള മറുപടി. ആ യാഥാത്മ്യം ഖണ്ഡിക്കുന്നതിനു് ആക്കും സാദ്ധ്യമല്ല. ജനപ്രതിനിധികളായാലും ഭൂരിപക്ഷബലം പ്രയോഗിച്ചു വ്യക്തികളുടെ ജന്മാവകാശങ്ങൾ കൈയേറുന്നതു ദുസ്സഹമാണ്. ഇന്നത്തെ പ്രജായത്തഭരണസമ്പ്രദായമനുസരിച്ചു്, ഒരൊററ വോട്ടിൻെറ വ്യത്യാസംകൊണ്ടു അധികാരത്തിൽ വരുന്ന ഭൂരിപക്ഷത്തിനും പരാജയമടഞ്ഞ പക്ഷോപപക്ഷങ്ങളുടെമേൽ കുതിരകയറുന്നതിനു സാധിക്കുന്നു. കക്ഷിതിരിഞ്ഞുള്ള ഭരണസമ്പ്രദായം നിലവിലിരിക്കുന്നേടത്തെല്ലാം ന്യൂനപക്ഷങ്ങൾക്കു ഈ ദുരവസ്ഥ നേരിടേണ്ടതായിവരും. തന്നെയുമല്ല, കക്ഷിമത്സരത്തിൻെറ ഫലമായി ഏതു തരത്തിലുള്ള ആളുകളാണു പ്രായേണ അധികാരസ്ഥാനങ്ങളിൽ കയറിപ്പററുന്നതു് എന്നും നാം കണ്ടുകഴിഞ്ഞു. ഈ കാരണങ്ങൾ കൊണ്ടുകൂടിയാണു വ്യക്തികളുടെ ജീവാധാരമായ പാവനാവകാശങ്ങൾ ഭരണകൂടത്തിൻെറ—അതു ഏതു കക്ഷിയിൽപെട്ടതായാലും വേണ്ടതില്ല—അനിയന്ത്രിതമായ നിയന്ത്രണത്തിനു വിധേയമായിരിക്കാൻ പാടില്ലെന്നു സിദ്ധാന്തിക്കുന്നതു്. ഇന്ത്യയിലെപ്പോലെ ജാതിമതവ്യത്യാസങ്ങളിന്മേൽ അധിഷ്ഠിതമായ ന്യൂനപക്ഷങ്ങൾ ഉള്ള ദിക്കുകളിൽ ഈ സിദ്ധാന്തത്തിനു പ്രസക്തി വർദ്ധിക്കുന്നു.

കാരണം, അവിടങ്ങളിലാണു ഭൂരിപക്ഷത്തിൻെറ മർദ്ദനനയം കൂടുതൽ അനീതിപരവും തികച്ചും മമ്മഭേദകവുമായി പരിണമിക്കുന്നതു്. അടുത്തൊരു ദിവസം, അഖില ഭാരതഹിന്ദുമഹാസഭാദ്ധ്യക്ഷൻ, മി. കരെ, പുറപ്പെടുവിച്ച വിചിത്രവാദം ഈ പരമാത്ഥത്തിനു സാക്ഷ്യംവഹിക്കുന്നു. "ഭൂരിപക്ഷഭൂരിസുഖമാണു ജനകീയ ഭരണലക്ഷ്യം; ഹിന്ദുക്കളാണു് ഈ രാജ്യത്തെ മഹാഭൂരിപക്ഷം; അതിനാൽ, ഹിന്ദുക്കൾക്കു ദൂഷ്യകരമായ ഏതൊരു സംഗതിയും രാജ്യത്തിനു ഒട്ടാകെ ദൂഷ്യകരമാണ്," ഇതായിരുന്നു അദ്ദേഹത്തിൻെറ വാദം. ഹിന്ദുക്കളുടെ ഭൂരിസുഖമായിരിക്കണം ഇന്ത്യാഗവമ്മെൻറിൻെറ പരമലക്ഷ്യം എന്നാണല്ലോ അതിൻെറ അത്ഥം. ഹൈന്ദവമേധാവിത്വം മററു സമുദായങ്ങളുടെമേൽ കെട്ടിവയ്ക്കുന്നതിനു ഇതിലുപരിസമത്ഥമായ കൗശലം മറെറാന്നില്ല. മി. കരെ അനുമോദനാർഹൻതന്നെ. പക്ഷെ ഭൂരിപക്ഷഭൂരിസുഖസമ്പാദനത്തിൽ ഒരൊററ വ്യക്തിയുടെപോലും ന്യായമായ അവകാശങ്ങൾ ഹനിക്കുവാൻ പാടില്ലാത്തതാണ്, എന്നുള്ള പരമമായ പ്രകൃതിനിയമം അദ്ദേഹം വിസ്മരിച്ചുകളഞ്ഞു. മുൻപ്രസ്താവിച്ചിട്ടുള്ളതുപോലെ, "രാഷ്ട്രവും ഭൂരിപക്ഷസമുദായവും ന്യൂനപക്ഷങ്ങളും വ്യക്തികളുമെല്ലാം ഒരുപോലെ പ്രപഞ്ചകത്താവിൻെറ നിയമങ്ങൾക്കു വിധേയരാണ്; ആരുടെ ഭൂരിസുഖത്തിനായാലും, അവ ലംഘിക്കുന്നതിനു ആക്കും അധികാരമില്ല," എന്ന അടിസ്ഥാനതത്വം ആദരിക്കുന്നവർ മി. കരേയുടേതുപോലുള്ള ദുർവ്യാഖ്യാനങ്ങളിൽ ചെന്നു ചാടുന്നതല്ല, തീർച്ചതന്നെ.

രാഷ്ട്രപതി താണ്ഡൻെറ താണ്ഡവം മറെറാരു വഴിക്കാണ്. അതിൽ കുറെക്കൂടി നയചാതുര്യം പ്രത്യക്ഷപ്പെടുന്നുമുണ്ടു്. "സംസ്കാര"ത്തെയാണ്, ഭാരതത്തിലെ ഹൈന്ദവമേധാവിത്വം താങ്ങിനിത്തുന്നതിനു ഒരു മുട്ടുതൂണായി അദ്ദേഹം നാട്ടിനിത്തുന്നതു്. "സംസ്കാരം മതത്തിൽനിന്നു വിഭിന്നമാണ്; ഇന്ത്യയിൽ പല മതങ്ങളുണ്ടെങ്കിലും സംസ്കാരം ഒന്നേയുള്ളൂ." ഇതാണു് അദ്ദേഹത്തിൻെറ പ്രത്യക്ഷവാദം. "ആകയാൽ ഇന്ത്യാക്കാരെവരും ആ സംസ്കാരം—അതു് താണ്ഡൻെറ ഗോവധനിരോധനസംസ്കാരമാണെന്നു സ്പഷ്ടം—ആദരിച്ചു പൂവത്തണം," ഇതാണു് ആ വാദത്തിൽനിന്നുള്ള അനുമാനം. ഈ വാദഗതി പലക്കും സ്വീകാര്യമായി തോന്നിയേക്കാം; അതാണല്ലോ അതിൽ പ്രത്യക്ഷപ്പെടുന്ന നയചാതുര്യം. പല കോൺഗ്രസ് നേതാക്കന്മാരും ഈ വാദംതന്നെയാണു സ്വീകരിച്ചുകാണുന്നതു്. പക്ഷെ, "അസത്യങ്ങളെക്കാൾ ആപൽക്കരങ്ങളാണു അർദ്ധസത്യങ്ങൾ പലപ്പോഴും," എന്ന ആപ്തവാക്യമാണു് ഇത്തരുണത്തിൽ നമ്മുടെ സ്മൃതിപഥത്തിൽ ഉദിക്കുന്നതു്. മിന്നുന്നതെല്ലാം പൊന്നല്ല എന്നും നമുക്കു് അനുഭവമാണ്. ആകയാൽ, മതവും സംസ്കാരവും വിഭിന്നമാണെന്നുള്ള വാദത്തിൽ എത്രകണ്ടു യാഥാത്മ്യമുണ്ടെന്നു നമുക്കൊന്നു പരിശോധിക്കാം. ഭാഷ, വേഷ, ഭൂഷണാദികൾ, ഭക്ഷണക്രമം, ഭവനനിമ്മാണരീതി, കളിവിനോദങ്ങൾ, ഗാനരീതികൾ എന്നിങ്ങനെ സംസ്കാരത്തിൻെറ ബാഹ്യലക്ഷണങ്ങൾ സംബന്ധിച്ചിടത്തോളം, അവയ്ക്കു മതവുമായി വലിയ ബന്ധമൊന്നും ഇല്ലെന്നു സമ്മതിക്കാം. എന്നാൽ അതേസമയംതന്നെ, സംസ്കാരത്തിൻെറ പ്രമുഖാംശങ്ങളായ സന്മാർഗ്ഗപ്രബോധനങ്ങൾ, സദാചാരനിയമങ്ങൾ, വിദ്യാഭ്യാസാദർശങ്ങൾ, വൈവാഹികബന്ധങ്ങൾ, സർവ്വോപരി ജീവിതോദ്ദേശലക്ഷ്യം സംബന്ധിച്ചുള്ള വീക്ഷണഗതി, ജീവിതമൂല്യങ്ങളുടെ തരതമവിവേചനം എന്നിവ തീർച്ചയായും മതത്തോടു, അവഗാഢം അനുബന്ധപ്പെട്ടാണിരിക്കുന്നതു് എന്നുള്ള വസ്തുത വിസ്മരിക്കാവതുമല്ല. മൗലികങ്ങളായ ഈ ഘടകങ്ങളെ ആധാരമാക്കിയാണു് ഒരു സംസ്കാരം ഭൗതികമെന്നും മറെറാന്നു ആദ്ധ്യാത്മികമെന്നും നാം വിധിക്കുന്നതു്. അവയിലുള്ള വ്യത്യാസങ്ങൾ പരിഗണിച്ചുകൊണ്ടുതന്നെയാണു ഹൈന്ദവസംസ്കാരവും ക്രൈസ്തവസംസ്കാരവും തമ്മിൽ അജഗജാന്തരമുണ്ടെന്നു് നാം വാദിക്കുന്നതു്. ആകയാൽ, മതവും സംസ്കാരവും വിഭിന്നങ്ങളാണെന്നും ഇന്ത്യയിലെ സംസ്കാരം ഏകമാണെന്നും ഉള്ള മി. താണ്ഡൻെറ വാദം ഒട്ടുംതന്നെ സാധൂകരിക്കാവുന്നതല്ല. പ്രത്യുത, ജാതിമത സംസ്കാരവ്യത്യാസങ്ങൾ ആസ്പദിച്ചുള്ള കക്ഷിപിരിവുകൾ ഇന്ത്യയിൽ ഇന്നും നിലവിലിരിക്കുന്നുണ്ടെന്നും തന്നിമിത്തം ഭൂരിപക്ഷഭൂരിസുഖം മാത്രം തേടുന്ന ഭരണസമ്പ്രദായത്തിനു ഇവിടെ സ്ഥാനമില്ലെന്നും സിദ്ധിക്കുന്നു. അതോടെ, പ്രജാധിപത്യരാഷ്ട്രത്തിൽ ജനങ്ങൾതന്നെയാണ് അവരെ ഭരിക്കുന്നതെന്നും തന്മൂലം ഭരണകൂടത്തിനു സർവ്വാധിപത്യം അനുവദിച്ചു കൊടുക്കാവുന്നതാണെന്നും ഉള്ള മിഥ്യാവാദവും നിലംപതിക്കുന്നു.

(തുടരും)



പരേതയായ പൊട്ടയിൽ മത്തായി ഭാര്യ ഏലീശാ, കതളിക്കാട്ട്

മരണം 21—10—1650




# ഫിലോമിന

By തമ്പിയിൽ നാരായണപിള്ള

കന്യകയും, രക്തസാക്ഷിണിയും, അത്ഭുതപ്രവത്തകയുമായ വിശുദ്ധയുടെ ചരിതം ഉൾക്കൊള്ളുന്ന പദ്യകൃതി. കഥാപ്രസംഗത്തിനും, ലൈബ്രറികൾക്കും പററിയതു്. കളർ കവർ. വി. വത്സരം പ്രമാണിച്ചു് 10 ണയിൽനിന്നും 8 ണയായി കുറച്ചിരിക്കുന്നു.

A. K. C. C. യിൽനിന്നും സമ്മാനം ലഭിച്ചിട്ടുള്ള ശ്രീ പൈകടയുടെ ഖണ്ഡകാവ്യങ്ങൾ.

1. ക്രിസ്തുവിൻെറ ജറുസലേം പ്രവേശനം. 4 ണ.
2. പാട്ടുകളിൽ പാട്ടിലെ മണവാട്ടി. 4 ണ.

ആവശ്യപ്പെടേണ്ടും വിലാസം

St. ഫിലോമിനാസ് പബ്ളിക്കേഷൻസ്

കവിക്കുന്നു്—പാലാ


## സൗജന്യവിതരണ ഫണ്ട്

മി. സ്കറിയ മത്തായി
പോമ്പോഴി, ചേത്തല ക. 3-0-0

## ജോസഫ് ഡട്ടൺ

ജോസഫ് ഡട്ടൺ ജനനാൽ ഒരു അമേരിക്കൻ പ്രോട്ടസ്റ്റൻറുകാരനാണ്. ബാല്യകാലം വത്തമാനപ്പത്രലേഖകനും പത്രശാല സൂക്ഷിപ്പുകാരനുമായിട്ടാണ് ചെലവഴിച്ചതു്. അമേരിക്കൻ പിന്തുടച്ചാവകാശയുദ്ധത്തിൽ ഡട്ടൺ ഒരു പട്ടാളോദ്യോഗസ്ഥനായി വത്തിക്കുകയുണ്ടായി. അനന്തരം വിവാഹം കഴിച്ചുവെങ്കിലും, ഭാര്യ രണ്ടു വർഷത്തെ ദാമ്പത്യജീവിതത്തിനുശേഷം, അയാളെ ഉപേക്ഷിച്ചു. കുറേ നാൾ ചുററിത്തിരിഞ്ഞു നടന്നശേഷം, ഒരു മദ്യോൽപാദനശാലയിലും അനന്തരം റയിൽവേ ഡിപ്പാർട്ടുമെൻറിലും ഉദ്യോഗങ്ങൾ വഹിക്കുകയുണ്ടായി. ഇങ്ങനെ വേല ചെയ്തുകൊണ്ടിരിക്കവേ, ഡട്ടണ് ആദ്ധ്യാത്മികജീവിതത്തോടു പ്രതിപത്തി തോന്നുകയും ഒരു ആംഗ്ലിക്കൻ വൈദികനാകുവാൻ നിശ്ചയിച്ചുകൊണ്ടു സെമ്മിനാരിയിൽ ചേരുകയും ചെയ്തു.

അവിടെവച്ചു കത്തോലിക്കാസഭാചരിത്രപാനം അദ്ദേഹത്തെ തിരുസ്സഭയിലേക്കു് ആകർഷിക്കുകയും 1883-ൽ അതിനെ ആശ്ലേഷിക്കുകയും ചെയ്തു. അനന്തരം ഒരു ട്രാപ്പിസ്റ്റ് സന്യാസാശ്രമത്തിൽ ചേന്നു 20 മാസം നിഷ്കർഷമായ സന്യാസജീവിതം നയിച്ചശേഷം, സ്വാഭിലാഷങ്ങൾക്കു് അനുരൂപമായ വേറൊരു സന്യാസസഭയെ ആശ്ലേഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടെ ട്രാപ്പിസ്റ്റ് സഭയെ ഉപേക്ഷിച്ചു.

അങ്ങനെയിരിക്കവേ. ഒരു മാസികയിൽ ഫാദർ ഡേമിയൻെറ കുഷ്ഠരോഗശുശ്രൂഷണത്തെപ്പററി കേൾക്കുവാനിടയാകയും അദ്ദേഹത്തെ സഹായിക്കുവാനായി മൊളോക്കോയിലേക്കു പുറപ്പെടുകയും ചെയ്തു. അതു് 1886 ലാണ് സംഭവിച്ചതു്. മൊളോക്കോയിലെത്തിയയുടനെ സ്വന്തശക്തികളെല്ലാം ഫാദർ ഡേമിയൻെറ അഭീഷ്ടാനുസരണം വിനിയോഗിക്കുവാൻ വിട്ടുകൊടുത്തു. മൂന്നു വത്സരം കഴിഞ്ഞു ഫാദർ ഡേമിയൻ മരിച്ചുവെങ്കിലും, മി. ഡട്ടൺ തൻെറ ജോലി തുടരുകയും 1930 വരെ അവിടെ കുഷ്ഠരോഗികളെ ഹൃദയപൂർവ്വകമായ സ്നേഹത്തോടെ ശുശ്രൂഷിക്കുകയും ചെയ്തു. അങ്ങനെ തൻെറ 87-ാമത്തെ വയസ്സുവരെ അദ്ധ്വാനിച്ചശേഷം ഹോണൊലുലു എന്ന സ്ഥലത്തുവച്ചു് അതേ വർഷം അദ്ദേഹം മരിച്ചു. ഡട്ടൻെറ വിശ്വാസതീക്ഷ്ണതയും, അതു വഴിയായി ഉണ്ടായ ത്യാഗബുദ്ധിയും ഏവരുടേയും പ്രത്യേക ചിന്തയ്ക്കു വിധേയമാകേണ്ടതാണ്.

# Sathya Deepam

Vol. 24 — Ernakulam November 8, 1950 — No. 12

ഫാത്തിമാബാലസമിതി

## ആദ്യശനിയാഴ്ചഭക്തി

പ്രിയകുഞ്ഞുങ്ങളേ,

ഫാത്തിമാബാലസമിതിയുടെ അംഗങ്ങളായ നിങ്ങളുടെ ചുമതലകളിൽ മൂന്നാമത്തേതായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു് "ആദ്യശനിയാഴ്ചഭക്തി ആചരിക്കുക" എന്നതാണല്ലോ. "നിവൃത്തിയുള്ള പക്ഷം" ഇതാചരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നതു്. എന്നാൽ ഈ ഭക്തി ആചരിക്കുന്നതിനു് നിങ്ങൾക്കാർക്കും യാതൊരു പ്രയാസവുമുണ്ടാകുമെന്നു തോന്നുന്നില്ല. ആദ്യശനിയാഴ്ചഭക്തി എന്നതു് എന്താണെന്നും അതാചരിക്കുന്നതിനു് എന്തെല്ലാം ചെയ്യണമെന്നും മനസ്സിലായിക്കഴിയുമ്പോൾ ഇതിന്റെ യാഥാർത്ഥ്യം നിങ്ങൾക്കു് മനസ്സിലാകുന്നതാണു്.

ഫാത്തിമാബാലകൾക്കു മാതാവു മൂന്നാം പ്രാവശ്യം ദർശനമരുളിയപ്പോഴാണു് ആദ്യശനിയാഴ്ചഭക്തിയെ സംബന്ധിക്കുന്ന ചില സംഗതികൾ ആദ്യമായി അവിടുന്നു് വെളിപ്പെടുത്തിയതു്. അതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പിന്നീടു് ഉദ്ദേശം ഏഴു കൊല്ലങ്ങൾക്കു ശേഷം മാതാവു് ലൂസിക്കു വെളിപ്പെടുത്തിക്കൊടുത്തു. അന്നു് ഒരു കന്യാസ്ത്രീ ആയിത്തീർന്നിരുന്ന ലൂസിയോടു് മാതാവു ഇപ്രകാരം അരുളിച്ചെയ്തു:

"മകളേ, എന്റെ ഹൃദയം മുള്ളുകൾകൊണ്ടു് ചുററപ്പെട്ടിരിക്കുന്നതു് നീ കണ്ടാലും. നന്ദികെട്ട മനുഷ്യരുടെ ദൈവദൂഷണവും നന്ദിഹീനതയുമാണു് ഈ മുള്ളുകൾ. ഈ മനുഷ്യർ എല്ലാ വിനാഴികകളിലും ഈ മുള്ളുകൾകൊണ്ടു് എന്റെ ഹൃദയത്തെ കുത്തിമുറിക്കുകയാണു് ചെയ്യുന്നതു്. നീയെങ്കിലും എന്നെ ആശ്വസിപ്പിക്കുന്നതിനു് പരിശ്രമിക്കുക. ഞാൻ ചെയ്യുവാൻപോകുന്ന വാഗ്ദാനം നീ എല്ലാവരേയും അറിയിക്കണം. എന്റെ വാഗ്ദാനം ഇതാകുന്നു: "അഞ്ചു് ആദ്യശനിയാഴ്ചകളിൽ മുടങ്ങാതെ കുമ്പസാരിക്കുകയും, പരി. കുർബാന സ്വീകരിക്കുകയും, ജപമാലയുടെ ഒരു ഭാഗമെങ്കിലും ചൊല്ലുകയും, എന്നോടു ചെയ്യുന്ന നിന്ദകൾക്കു പരിഹാരമായി കൊന്തയിലെ രഹസ്യങ്ങളെക്കുറിച്ചു് ധ്യാനിച്ചുകൊണ്ടു് കാൽമണിക്കൂർ നേരം എന്നോടുകൂടി ചെലവഴിക്കുകയും ചെയ്യുന്ന എല്ലാവരേയും അവരുടെ മരണാവസരത്തിൽ നിത്യരക്ഷയ്ക്കാവശ്യമായ വരപ്രസാദങ്ങൾകൊണ്ടു് ഞാൻ സഹായിക്കും."

ആദ്യശനിയാഴ്ചഭക്തി സംബന്ധിച്ചു് അറിയേണ്ട കാര്യങ്ങളെല്ലാം മാതാവിന്റെ വാക്കുകൾ വ്യക്തമാക്കുന്നുണ്ടു്. എങ്കിലും ചില സംഗതികൾ വല്യച്ചൻ കുറെക്കൂടി വിശദമാക്കാം. ആദ്യശനിയാഴ്ചഭക്തി ആചരിക്കുന്നവർ പ്രധാനമായി നാലുസംഗതികൾ ചെയ്യണമെന്നാണു് മാതാവു് നിർദ്ദേശിച്ചിരിക്കുന്നതു്. 1. കുമ്പസാരം. കുമ്പസാരിക്കുന്നതു് ആദ്യശനിയാഴ്ചതന്നെ വേണമെന്നില്ല. അതിനു് മുൻപുള്ള എട്ടു ദിവസങ്ങളിൽ ഏതെങ്കിലും ദിവസം കുമ്പസാരിച്ചാൽ മതി. ശനിയാഴ്ചദിവസം ദോഷംകൂടാതെ പരി. കുർബാന സ്വീകരിക്കുവാൻ സാധിക്കുന്ന ആൾക്കു് അതിനു് ശേഷമുള്ള എട്ടുദിവസങ്ങൾക്കുള്ളിൽ ചെയ്യുന്നകുമ്പസാരം ഇതിനു മതിയാകുന്നതാണു്. 2. ദിവ്യകാരുണ്യസ്വീകരണം. വരപ്രസാദാവസ്ഥയിൽ, അതായതു് ചാവുദോഷംകൂടാതെ ഇരിക്കുമ്പോൾമാത്രമേ കർത്താവിനെ സ്വീകരിക്കാവൂ എന്നു് നിങ്ങൾക്കെല്ലാവർക്കുമറിയാമല്ലോ. 3. ജപമാലയുടെ ഒരു ഭാഗം ചൊല്ലണം. ദിവസംതോറും കൊന്ത ചൊല്ലുന്ന നിങ്ങൾക്കു് ഇതുസംബന്ധിച്ചു് പ്രത്യേകമൊന്നും ചെയ്യേണ്ടതായിട്ടില്ല. 4. കൊന്തയിലെ രഹസ്യങ്ങളെക്കുറിച്ചു് കാൽമണിക്കൂർനേരം ധ്യാനിക്കണം. ഈ ധ്യാനം കൊന്തയുടെ ഏതെങ്കിലും ഒരു രഹസ്യത്തെക്കുറിച്ചോ പലതിനെക്കുറിച്ചോ ആകാം. ജപമാല ജപിക്കുമ്പോൾ ജപമാലയിലെ ഓരോ രഹസ്യങ്ങളെക്കുറിച്ചു് ധ്യാനിച്ചുകൊണ്ടു വേണം അതു ചെയ്യുവാൻ എന്നു നിങ്ങൾ കേട്ടിരിക്കുമല്ലോ. പ്രസ്തുത ധ്യാനം മതിയാകുകയില്ല ആദ്യശനിയാഴ്ചയിലെ കാൽമണിക്കൂർനേരത്തെ ധ്യാനത്തിനു്. ജപമാലയുടെ സമയത്തിനു പുറമെ 15 മിനിററു് നേരത്തെ ധ്യാനമാണു് വേണ്ടതു്. ധ്യാനത്തിനായി 15 മിനിററു ചെലവുചെയ്തുകൊണ്ടു് പതിവുള്ള കൊന്തതന്നെ സാവകാശം ചൊല്ലിയാലുംമതി. ചില ദേവാലയങ്ങളിൽ ആദ്യശനിയാഴ്ചതോറും കൊന്തയുടെ രഹസ്യങ്ങളെക്കുറിച്ചു് പ്രസംഗങ്ങൾ നടത്തുന്നുണ്ടു്. കാൽമണിക്കൂർനേരത്തേക്കു് ചെയ്യുന്ന പ്രസ്തുത പ്രസംഗം സശ്രദ്ധം ശ്രവിക്കുന്നതു് ധ്യാനത്തിനുപകരം മതിയാകുന്നതാണു്. കുഞ്ഞുമക്കൾക്കുവേണ്ടി ആദ്യശനിയാഴ്ചയ്ക്കു് മുമ്പുള്ള ബുധനാഴ്ചതോറും സത്യദീപത്തിന്റെ ഈ പംക്തികളിൽ ധ്യാനത്തിനു് പററിയ വിഷയങ്ങളെക്കുറിച്ചു് പ്രതിപാദിക്കുന്നുണ്ടു്. അതു ശ്രദ്ധാപൂർവ്വം സാവധാനത്തിൽ വായിച്ചു് ചിന്തിച്ചു 15 മിനിററുസമയം ചെലവഴിച്ചാൽ മതിയാകും.

ധ്യാനത്തിന്റെ അവസരത്തിൽ പ്രധാനമായി എന്താണു ചെയ്യേണ്ടതു എന്നു് ഒരുപക്ഷേ നിങ്ങൾ ചോദിച്ചേക്കാം. നമ്മുടെ രക്ഷയ്ക്കുവേണ്ടി കർത്താവു് അല്ലെങ്കിൽ മാതാവു്, അല്ലെങ്കിൽ രണ്ടുപേരും ചെയ്തിട്ടുള്ളവ നിങ്ങളുടെ ഓർമ്മയിൽ കൊണ്ടുവരുക. അവർ നമുക്കുവേണ്ടി അപ്രകാരം ചെയ്തതിനെക്കുറിച്ചു് അഥവാ സഹിച്ചതിനെക്കുറിച്ചു അവരോടു് കൃതജ്ഞതയും, സ്നേഹവും പ്രദർശിപ്പിക്കുക, അവർ നമുക്കുവേണ്ടി ചെയ്തിട്ടുള്ളതിന്റെ ഫലം പ്രാപിക്കുന്നതിനും, അവർ നമുക്കു കാണിച്ചുതന്നിട്ടുള്ള നല്ല മാതൃകകൾ നമ്മുടെ ജീവിതത്തിൽ പകർത്തുന്നതിനും പററിയ പ്രതിജ്ഞകൾ ചെയ്യുക. ഇവയെല്ലാമാണു് ധ്യാനസമയത്തു ചെയ്യേണ്ടതു്. ഇപ്രകാരം ചെയ്യുന്ന ധ്യാനത്തിനു് ഒരു ഉദ്ദേശമുണ്ടായിരിക്കണം. മാതാവിന്റെ വിമലഹൃദയത്തോടു ചെയ്യുന്ന നിന്ദകൾക്കു പരിഹാരം ചെയ്തുകൊണ്ടു അങ്ങയെ സമാശ്വസിപ്പിക്കുക എന്നതായിരിക്കണം ഈ ഉദ്ദേശം.

ഇപ്രകാരമെല്ലാം ചെയ്തു അഞ്ചു് ആദ്യശനിയാഴ്ചമാത്രമല്ല, എല്ലാ ആദ്യശനിയാഴ്ചകളും, ഭക്തിയായി ആചരിക്കുവാൻ കുഞ്ഞുമക്കൾ പരിശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

എന്നു് സ്വന്തം വല്യച്ചൻ

### നിങ്ങൾക്കറിയാമോ?

താഴെ പറയുന്നവ കണ്ടുപിടിച്ചതു ആരെല്ലാമാണു്.

1 ഫൌണ്ടൻപേന. 2 വാസ്കററ്ബോൾ (കളി). 2 തയ്യൽ മെഷീൻ. 3 ചലച്ചിത്രം. 4 കമ്പിയില്ലാകമ്പിത്തപാൽ, 5 പെനിസിലിൻ (മരുന്നു്).


(ഉത്തരം)

1 ഡോക്ടർ ജയിംസ് നെയിസ്മിത്തു്
2 ഏലിയാസ ഹവെ
3 തോമസ് എഡിസൺ
4 മാർക്കോണി
5 സർ അലക്സാണ്ടർ ഫ്ളെമിംഗ്.

അസാദ്ധ്യകാര്യം സാധിച്ചതിനു് വി. അന്തോനീസ്സിനു ഉപകാരസ്മരണ.
Joy Jacob

അസാദ്ധ്യകാര്യം സാധിച്ചതിനു് വി. അന്തോനീസ്സിനു ഉപകാരസ്മരണ.
Baby

ത്രേസ്യാമ്മ കുറിയാക്കോസ്.
തെങ്ങുംമൂട്ടിൽ, ചങ്ങനാശേരി.



ജനനം. 1888 ജൂലായ് 12
മരണം. 1950 ഒക്ടോബർ 1

The Indian Insurance & Banking Corporation Ltd.,
H.O TRICHUR
Branches: ALWAYE, CALICUT, CHOWGHAT, SALEM, TATTAMANGALAM, TIRUR & TRICHUR
പാവക്കാട്ടു ബ്രാഞ്ചിൽനിന്നു തുടങ്ങുന്ന പുതിയ
— കൊല്ലക്കുറി —
ഒന്നാമത്തെ തറവണ 10—1—1951
കോർപ്പറേഷൻ പന്തിയായി 32 നറക്കും നറക്കൊന്നുക്കു് 1000ക. വീതം ആകെ സല 32000കയും. 16 തവണകളും ഓരോ തവണക്കു് ഒരു നറക്കു് എടുപ്പാനും ഒരു നറക്കു് ലേലം വിളിപ്പാനും മററും നിശ്ചയങ്ങളോടുകൂടി 1951 ജനുവരി 10-ാനു-മുതൽ ഒരു പുതിയ കൊല്ലക്കുറി തുടങ്ങുന്നതാകുന്നു. കുറിയിൽ കുറഞ്ഞതു 16-ൽ ഒരംശം(62ക. 8ണ.)യുടെ വീതം വരെ ചേരാവുന്നതാണു്. കൂടുതൽ വിവരങ്ങൾ ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക.
AGENT

നാളെയ്ക്കുവേണ്ടി കഴിയുന്നതു സമ്പാദിക്കുവാൻ ഇന്നു പരിശ്രമിക്കുക.
എന്നാൽ ധനം നിക്ഷേപിക്കുന്നതു ആവശ്യം വരുമ്പോൾ മടക്കികിട്ടുമെന്നു ഉറപ്പുള്ള സ്ഥലത്തായിരിക്കണമെന്നു ഓർമ്മിക്കുക.
ദി ഈസ്റ്റേൺ
മർക്കൻറയിൽ ബാങ്ക് ക്ലിപ്തം
H. O. ചങ്ങനാശേരി
ബ്രാഞ്ചുകൾ:—ആലുവാ, ചങ്ങനാശേരി, കോതമംഗലം, കോട്ടയം, മൂവാററുപുഴ, നെടുംകുന്നം, പൊൻകുന്നം, തിരുവല്ല, തൃശ്ശൂർ, ഉപ്പുതറ.
പി. എം. ദേവസ്യാ, സെക്രട്ടറി
വി. എം. കുര്യൻ, ജനറൽ മാനേജർ

ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ്സ്ഥാപനം
ഓറിയൻറ് സെൻട്രൽബാങ്ക്
ക്ലിപ്തം
ഹെഡാഫീസ് — കോട്ടയം
പുരോഗമനവിവരണം

| ആണ്ടു് | നീക്കിവെപ്പു മൂലധനവും കരുതൽ മൂലധനവും | നിക്ഷേപങ്ങൾ | ആകെ പ്രവൃത്തക മൂലധനം | ഷെയറിനു കൊടുത്ത ആദായവീതം |
|---|---|---|---|---|
| 1945 ഡിസംബർ | 136410 | 1007884 | 1152996 | 2½ ശതമാനം |
| 1946 „ | 170190 | 1908826 | 2219103 | 4 „ |
| 1947 „ | 244900 | 2463143 | 2923000 | 4 „ |
| 1948 „ | 271800 | 2779917 | 3393468 | 4 „ |
| 1949 „ | 304000 | 3641486 | 4143000 | 4 „ |
| 1950 ജൂൺ | 313470 | 5425000 | 5910800 | — |

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam